Trichur Archdiocesan Bulletin
TAB
സെപ്തംബർ
2017
വാല്യം: 84 ലക്കം: 9
ESTD:1934




മത്തായി 1 : 1-17 (യേശുവിന്റെ വംശാവലി)

ARCHDIOCESE OF TRICHUR



സെപ്തംബർ 29ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
**മാർ റാഫേൽ തട്ടിൽ** പിതാവിന്
പ്രാർത്ഥനാശംസകൾ

# TRICHUR ARCHDIOCESAN BULLETIN


വാല്യം : 84

സെപ്തംബർ 2017

ലക്കം : 9




Imprimatur

*(Sd)*

**Mar Andrews Thazhath**

Archbishop of Trichur

Chief Editor

**Fr. Nysson Alanthanath**


Archbishop's House

P.B. No. 706, Thrissur - 680005

**Ph : 0487 - 2333325, 2338203, 2333542**

**Fax : 2338204**

**E-mail : curiatcr@yahoo.com**

**website : www.trichurarchdiocese.org**


## ഈ ലക്കത്തിൽ


- സർക്കുലർ 01
- കച്ചേരികാര്യം 05
- ആദരാഞ്ജലികൾ 10
- അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 13
- സഹായമെത്രാന്റെ പരിപാടികൾ 14
- നാളാഗമം 16
- നാമകരണ നടപടികൾ 21
- പാസ്റ്ററൽ കൗൺസിൽ 23
- സാമ്പത്തിക കാര്യാലയം 26
- വൈദികർ 30
- സന്യസ്തർ 32
- അതിരൂപത തീർത്ഥകേന്ദ്രം 34
- സ്ഥാപനങ്ങൾ 36
- സംഘടനകൾ 76
- പ്രസ്ഥാനങ്ങൾ 89



# അസംബ്ലി സർക്കുലർ

1526/2017
29.07.2017 C- 11

## അതിരൂപതാ അസംബ്ലി –5
## (വിഷയാവതരണരേഖ)

തൃശൂർ അതിരൂപതയുടെ സമഗ്രമായ അജപാലന നവീകരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള മൂന്നാം അതിരൂപതാ അസംബ്ലിക്ക് നാം ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. നിരവധി തലങ്ങളിലെ ആഴമായ ചർച്ചകൾക്കും പഠനത്തിനുംശേഷം "കുടുംബവും വിശ്വാസസാക്ഷ്യവും" എന്നതാണ് അസംബ്ലിയുടെ മുഖ്യചർച്ചാവിഷയമായി അതിരൂപതയിലെ ദൈവജനം തെരഞ്ഞെടുത്തത്. ഇതനുസരിച്ചുള്ള അജപാലനസർവ്വേ കാര്യക്ഷമമായി നടക്കുകയും നമ്മുടെ അതിരൂപതയുടെ കുടുംബ അജപാലന ദൗത്യത്തെപ്പറ്റി യഥാർത്ഥമായ ഒരു രൂപം ലഭിക്കുകയും ചെയ്തു. ദൈവശാസ്ത്ര വെളിച്ചത്തിലൂന്നി ഈ ദൗത്യത്തെപ്പറ്റി പഠിക്കുകയും അജപാലനസർവ്വേയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും നിർദ്ദേശങ്ങളെ ക്രോഡീകരിക്കുകയും ചെയ്തുകൊണ്ട് തയ്യാറാക്കിയ ഈ വിഷയാവതരണരേഖ "ക്രൈസ്തവ കുടുംബം വിശ്വാസത്തിൻ സാക്ഷികളാകാൻ" – ദൈവജനത്തിന് സമർപ്പിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. അതിരൂപതയിലെ അജപാലനരംഗത്ത് പുതിയ ശൈലി സ്വീകരിക്കുവാൻ സഹായകമായ ഉൾക്കാഴ്ചകളും നിർദ്ദേശങ്ങളും തീരുമാനങ്ങളും കർമ്മപദ്ധതികളും ഇടവക, വൈദിക, സമർപ്പിത, യുവജന അസംബ്ലികളിൽനിന്ന് ഉണ്ടാകേണ്ടതുണ്ട്. അതിനായി ഈ വിഷയാവതരണരേഖ ദൈവജനം മുഴുവനും ശ്രദ്ധാപൂർവ്വം പഠിക്കുകയും അർത്ഥപൂർണ്ണമായ ചർച്ചകൾക്ക് വിധേയമാക്കുകയും വേണം.

കുടുംബങ്ങളുടെ നവീകരണം വഴി യേശുവിന് സജീവസാക്ഷ്യം വഹിക്കാൻ പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ സമൃദ്ധമായി വർഷിക്കപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത

Ref: 3039/K-5/KCBC/OL/DS
22.7.2017

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2017

## ആഗസ്റ്റ് 20, ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ഓഗസ്റ്റ് 15-ാം തീയതിക്ക് ശേഷമുള്ള ഞായറാഴ്ച നാം ജസ്റ്റീസ്സൺഡേ ആയി ആചരിച്ചു വരുകയാണല്ലോ. 1986-ൽ ഗോവയിൽ വച്ച് നടന്ന സി.ബി.സി.ഐ. യോഗമാണ് ഈ തീരുമാനം എടുത്തത്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ സന്തോഷം നാം പങ്കു വയ്ക്കുമ്പോഴും ഭാരതത്തിലെ ദലിത്സമൂഹം പ്രത്യേകിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വലിയ ഒരു സമൂഹത്തിന് സാമൂഹികനീതി ലഭിക്കാത്ത സാഹചര്യം നമ്മെ ഏറെ വേദനിപ്പിക്കുന്നു. ഭാരതത്തിലെ രണ്ടുകോടിയോളം വരുന്ന ക്രൈസ്തവരിൽ 125 ലക്ഷം പേരും ദലിത് സഹോദരങ്ങളാണ്. ഇതര മതസ്ഥരായ ദലിത് സഹോദരങ്ങൾക്ക് ലഭിക്കുന്ന ഭരണഘടനാപരമായ അവകാശങ്ങൾ ദലിത് ക്രൈസ്തവർക്ക് നിഷേധിച്ചിരിക്കുന്നുവെന്നത് മതവിവേചനം തന്നെയാണ്. ഈ നീതിനിഷേധത്തിനെതിരെ കഴിഞ്ഞ അരനൂറ്റാണ്ട് അധികമായി ഭാരതസഭ നിരന്തരം ശബ്ദമുയർത്തിയിരുന്നുവെങ്കിലും നീതി നടപ്പാക്കിയിട്ടില്ല. ചുമതലപ്പെട്ടവർ ഇതു ബോധപൂർവം അവഗണിക്കുകയാണ് ചെയ്തത്. എങ്കിലും ഭാരതക്രൈസ്തവ സമൂഹം തുടർന്നും ഈ നീതിനിഷേധത്തിനെതിരെ വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പോരാട്ടം തുടരും. കോടതികളിലൂടെ നിയമവഴിയ്ക്ക് നീതി ലഭിക്കാനുള്ള മാർഗ്ഗങ്ങളും നാം തുടർന്ന് മുന്നോട്ടു കൊണ്ടുപോകും. ഈ നീതിനിഷേധം സമൂഹത്തിന്റെ മുമ്പിൽ വെളിപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നാം കൂട്ടായി നടത്തണം. ഈ ലക്ഷ്യങ്ങളുമായിട്ടാണ് ജസ്റ്റീസ് സൺഡേ (നീതിഞായർ) നാം ആചരിക്കുന്നത്.

ഇത്തവണത്തെ നീതിഞായർ ആചരണത്തിന് ഒരു പ്രത്യേക പശ്ചാത്തലം കൂടിയുണ്ട്. ഭാരതകത്തോലിക്കാ മെത്രാൻസമിതി ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ സമുദ്ധാരണത്തിനായി ഒരു ദലിത് ശാക്തീകരണ നയം പ്രഖ്യാപിക്കുകയുണ്ടായി. ഭാരതസഭയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഇപ്രകാരം ഒരു ദലിത് നയരൂപീകരണം സഭാതലത്തിൽ ഉണ്ടായത്. ഭാരത സഭയുടെ മുഴുവൻ പിന്തുണയും സഹകരണവും ദലിത് സഹോദരങ്ങളോടൊപ്പമുണ്ടെന്ന് ഇതുവഴി സഭാനേതൃത്വം പ്രഖ്യാപിച്ചിരിക്കുകയാണ്.

സഭയുടെ എല്ലാ തലങ്ങളിലും ദലിത് ശാക്തീകരണസംവിധാനങ്ങൾ ഉണ്ടാകുവാൻ എല്ലാവരും കൂട്ടായി യത്നിക്കുക വളരെ അത്യാവശ്യമാണ്. സാമൂഹ്യമായും സാമ്പത്തികമായും കടുത്ത വെല്ലുവിളികൾ നേരിടുന്ന നമ്മുടെ ദലിത് സഹോദരങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക ഇതിൽ ഏറ്റവും പ്രധാനമാണ്. ഇതുമായി ബന്ധപ്പെട്ടാണ് കേരളകത്തോലിക്കാ മെത്രാൻ സമിതി ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. നമ്മുടെ ദലിത് കുടുംബങ്ങളിൽ ആരും വീടില്ലാത്തവരായി ഉണ്ടായിരിക്കരുത് എന്ന ലക്ഷ്യത്തിൽ എല്ലാവർക്കും വാസയോഗ്യമായ ഒരു ഭവനത്തിനായുള്ള കൂട്ടായ പ്രയത്നത്തിൽ നമുക്കു കൈകോർക്കണം. എല്ലാ രൂപതകളും, ഇടവകകളും, സന്യാസ സഭകളും, സംഘടനകളും, സംരംഭങ്ങളും കൂട്ടായി പരിശ്രമിച്ചാൽ ഈ ലക്ഷ്യം സാധിക്കുവാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് കെസിബിസി എസ്.സി./എസ്.റ്റി/ബി.സി. കമ്മീഷന് സി.എം.ഐ. സന്യാസ സമൂഹം, വിൻസന്റ് ഡി പോൾ സൊസൈറ്റി, ഫ്രാൻസിസ്കൻ അല്മായ സമൂഹവും ഉദാരമായ സഹകരണം വാഗ്ദാനം ചെയ്തിരിക്കുന്നത് സന്തോഷത്തോടും നന്ദിയോടും കൂടി ഓർക്കുന്നു. കേരളത്തിൽ ദലിത് കത്തോലിക്കർക്കായി 300 ഭവനങ്ങൾ 2017 – 2018 കാലഘട്ടത്തിൽ നിർമ്മിക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. അഭിവന്ദ്യ പിതാക്കന്മാരും ഈ പദ്ധതികൾക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും ഉറപ്പാക്കി തരുന്നതും പ്രത്യേകം സ്മരിക്കട്ടെ. ഇതിനോടൊപ്പം സമർത്ഥരായ ദലിത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും നാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ദലിത് ശാക്തീകരണ സംരംഭങ്ങൾക്കായി വലിയ സാമ്പത്തിക ഉത്തരവാദിത്വങ്ങളാണ് നാം ഏറ്റെടുത്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ ജസ്റ്റീസ് സൺഡേ ആചരണത്തിന്റെ ഭാഗമായി സാധാരണപോലെ ദലിത് ആവശ്യങ്ങൾക്കായി ഒരു സംഭാവന ശേഖരണം നടത്തുകയാണ്. സഭയിലെ ഓരോ അംഗവും ഉദാരമായി ഈ സംഭാവന സമാഹരണത്തിൽ സഹായിച്ച് ഔദാര്യപൂർവ്വം നമ്മുടെ ദലിത് സഹോദരങ്ങളോട് നമുക്കുള്ള സ്നേഹവും സഹകരണവും പ്രതിബദ്ധതയും ഉറപ്പാക്കാം. നീതിഞായർ ആചരണംവഴി നമ്മുടെ കർത്താവായ ഈശോ

മിശിഹായുടെ പ്രബോധനങ്ങളായ നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക, ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നീ വചനങ്ങൾ നമുക്ക് പ്രചോദനം ആകട്ടെ. ദലിത് ശാക്തീകരണ സംരംഭങ്ങളുടെ വിജയത്തിനായി ഏവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

N.B: 2017 ആഗസ്റ്റ് 20-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



# കച്ചേരി കാര്യങ്ങൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**

| | | | |
|---|---|---|---|
| **സെപ്തംബർ** | 1 | : | എട്ടു നോമ്പാരംഭം |
| | | | ആദ്യവെള്ളി |
| | | | വി. ശെമയോൻ ബർസാബയും |
| | | | സഹരക്തസാക്ഷികളും |
| | 3 | : | **കൈത്താക്കാലം ഏഴാം ഞായർ** |
| | 5 | : | കൊൽക്കൊത്തായിലെ വി. തെരേസ |
| | 8 | : | പരി. കന്യകാമറിയത്തിന്റെ പിറവിതിരുനാൾ |
| | 10 | : | **ഏലിയാ സ്ലീവാ മൂശ ഒന്നാം ഞായർ** |
| | 13 | : | വി. ജോൺ ക്രിസോസ്തോം |
| | 14 | : | വി. കുരിശിന്റെ പുകഴ്ച |
| | 17 | : | **ഏലിയാ സ്ലീവാ മൂശ രണ്ടാം ഞായർ** |
| | 21 | : | വി. മത്തായി ശ്ലീഹാ |
| | 24 | : | **ഏലിയാ സ്ലീവാ മൂശ മൂന്നാം ഞായർ** |
| | 27 | : | വി. വിൻസെന്റ് ഡി പോൾ |
| | 29 | : | മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| | 30 | : | വി. ജെറോം |
| | | | വി. കൊച്ചുത്രേസ്യ |

**2. സെപ്തംബർ മാസത്തെ പരിപാടികൾ**

| | | | | |
|---|---|---|---|---|
| **സെപ്തംബർ** | 01 | : | 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 09 | : | 10:00 am | പാസ്റ്ററൽ കൗൺസിൽ യോഗം |
| | 11 | : | 10:00 am | സന്യസ്തരുടെ സുപ്പീരിയർമാരുടെയും വൈദികസമിതിയുടെയും സംയുക്തയോഗം |
| | | | 02:00 pm | വൈദികസമിതി യോഗം |
| | 14 | : | 10:00 am | ആലോചനസമിതിയോഗം |
| | 17 | : | 02:30 pm | മാർ കുണ്ടുകുളം അനുസ്മരണ പ്രഭാഷണം (മെഡ്ലിക്കോട്ട് ഹാൾ) |
| | 23 | : | 10:00 am | മാർ കുണ്ടുകുളം അനുസ്മരണ |

| | | | |
|---|---|---|---|
| | | | ദിവ്യബലി (ഡി. ബി. സി. എൽ. സി.) |
| | 24 : | | വൈദികവാർഷികധ്യാനം (ബാച്ച് 1) |
| **ഒക്ടോബർ** | 01 : | | വൈദികവാർഷികധ്യാനം (ബാച്ച് 2) |
| | 06 : | 11:00 am | വൈദികസമ്മേളനം |

**3. പ്രാർത്ഥനാശംസകൾ :**

സെപ്തംബർ 29ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേദിവസം അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാനമദ്ധ്യേ പിതാവിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**4. വൈദികരുടെ വാർഷികധ്യാനം :**

ബഹു. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം സെപ്തംബർ 24 മുതൽ 29 വരെ മുവ്വാറ്റുപുഴ നെസ്റ്റിലും ഒക്ടോബർ 1 മുതൽ 6 വരെ മേരിമാത മേജർ സെമിനാരിയിലും രണ്ടു ബാച്ചുകളിലായി നടക്കുന്നു. ആദ്യബാച്ച് ധ്യാനത്തിനു പോകുന്നവർ സെപ്തംബർ 24 ഞായറാഴ്ച വൈകിട്ട് 4:30ന് ആർച്ച്ബിഷപ്സ് ഹൗസിൽ എത്തിച്ചേരണം. വാഹനസൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**5. പള്ളിജീവനക്കാർക്ക് ആദരം :**

അതിരൂപതയിലെ പള്ളികളിൽ 25 വർഷമായി സേവനം ചെയ്യുന്നവരെ (കണക്കെഴുത്തുകാർ, കപ്യാർമാർ) അതിരൂപതാ അവാർഡ് ദിനത്തിൽ (2017 നവംബർ 11-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഡി.ബി.സി.എൽ.സി.യിൽ) ആദരിക്കുന്നു. യോഗ്യരായവരുടെ പേരും അഡ്രസ്സും ഫോൺ നമ്പറും ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ അതിരൂപത കാര്യാലയത്തിൽ സെപ്തംബർ മാസത്തിൽതന്നെ നൽകേണ്ടതാണ്.

**6. അതിരൂപതാ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2017 നവംബർ 11-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഡി.ബി.സി.എൽ.സി.യിൽ ആയിരിക്കും. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2016 നവംബർ 13 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15-09-2017 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.
* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്.
* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ ഒക്ടോബർ 15നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

## 1. വിദ്യാഭ്യാസരംഗം

2016-17 അധ്യയനവർഷത്തിൽ

**1.1** പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷയങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - CGPA 10.0, I.C.S.E.- A+/Exceptional)

**1.2** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

**1.3** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.4** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.5** കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

## 2. കായികം

**2.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*
(State, C.B.S.E, I.C.S.E.) റവന്യൂ ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ്

മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

2.2 *സർവ്വകലാശാല കായികമത്സരങ്ങളിൽ* ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 3. കലാസാഹിത്യ രംഗം

*3.1* *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ* (State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

*3.2* *സർവ്വകലാശാല യുവജനോത്സവങ്ങളിൽ* ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 4. മറ്റു രംഗങ്ങൾ

*4.1* സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

*4.2* മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

*4.3* അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

**NB:**

1. **വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ–കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.**
2. **അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.**

**8. വൈദികനിയമനം :**

1. ഫാ. അലക്സ് മരോട്ടിക്കൽ - അസോസിയേറ്റ് ഡയറക്ടർ ടിംഹാൻസ് & ഗ്രേസ് ഹോം പെരിങ്ങണ്ടൂർ, അസി. ഡയറക്ടർ പോപ് പോൾ മേഴ്സി ഹോം & പീസ് ഹോം, വികാരി തങ്ങാലൂർ നോർത്ത്; സാധുത 2017 ജൂലൈ 17 മുതൽ.
2. ഫാ. ജീജോ വല്ലൂപ്പാറ - ആക്ടിംഗ് വികാരി തങ്ങാലൂർ നോർത്ത് ഒഴിവായി; സാധുത 2017 ജൂലൈ 17 മുതൽ.
3. ഫാ. റോയ്സൺ കൊള്ളന്നൂർ - ഐ. ടി. സെൽ അസിസ്റ്റന്റ് കൂടി; സാധുത 2017 ജൂലൈ 11 മുതൽ.
4. ഫാ. ലോറൻസ് എടക്കളത്തൂർ SDV - ആക്ടിംഗ് വികാരി പേരകം ഒഴിവായി; സാധുത 2017 ജൂലൈ 20 മുതൽ.
5. ഫാ. സതീഷ് കാഞ്ഞിരപറമ്പിൽ SDV - ആക്ടിംഗ് വികാരി പേരകം; സാധുത 2017 ജൂലൈ 20 മുതൽ.
6. ഫാ. സിംസൺ ചിറമ്മൽ - പഠനാവധി; മെത്രാപ്പോലീത്തയുടെ സെക്രട്ടറി, നോട്ടറി അതിരൂപത കാര്യാലയം, ബലിയർപ്പണം പ്രൊഫ. പി. സി. തോമസ് ട്യൂഷൻ സെന്റർ എന്നിവ ഒഴിവായി; സാധുത 2017 ജൂലൈ 26 മുതൽ.
7. ഫാ. ടൈസൻ മണ്ടുംപാൽ - മെത്രാപ്പോലീത്തയുടെ സെക്രട്ടറി, നോട്ടറി അതിരൂപത കാര്യാലയം, ബലിയർപ്പണം പ്രൊഫ. പി. സി. തോമസ് ട്യൂഷൻ സെന്റർ എന്നിവ കൂടി; സഹവികാരി നടത്തറ ഒഴിവായി; സാധുത 2017 ജൂലൈ 26 മുതൽ.
8. ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ - സഹായി നടത്തറ കൂടി; സാധുത 2017 ജൂലൈ 26 മുതൽ.
9. ഡീ. ഫ്രാൻസോ തെക്കത്ത് - ഡീക്കൻ മിനിസ്ട്രി തൃശ്ശൂർ ബസിലിക്ക; സാധുത 2017 ജൂലൈ 29 മുതൽ നവംബർ 10 വരെ.

**മാർ റാഫേൽ തട്ടിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ-സിഞ്ചെല്ലൂസ്

# ആദരാഞ്ജലികൾ



## റവ. ഫാ. ജൈൽസ് ചേറ്റുപുഴക്കാരൻ

**03.03.1925 27.07.2017**

തൃശ്ശൂർ അതിരൂപതയിലെ വൈദികനായ റവ. ഫാ. ജൈൽസ് ചേറ്റുപുഴക്കാരൻ (92) 27.07.2017 ബുധനാഴ്ച്ച നിര്യാതനായി.

കുരിയച്ചിറ ഇടവകയിലെ ചേറ്റുപുഴക്കാരൻ പരേതരായ ലോന – റോസ ദമ്പതികളുടെ ആറാമത്തെ മകനായി 1925 മാർച്ച് 3ന് ജനിച്ചു. കപ്പൂച്ചിൻ സന്യാസസഭയുടെ മംഗലാപുരത്തുള്ള സെന്റ് ഫിദേലിസ് ആശ്രമം, ഗോവയിലെ മപ്പൂസ ആശ്രമം, കൊല്ലത്തുള്ള കപ്പൂച്ചിൻ ആശ്രമം, കോട്ടഗിരിയിലെ സെന്റ് ജോസഫ്സ് ഫ്രയറി എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കിയ ശേഷം 1957 മാർച്ച് 24ന് മാർ ആന്റണി പടിയറ പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

കാവാലം, ഭരണങ്ങാനം, തൃശ്ശൂർ കാൽവരി ആശ്രമം എന്നിവിടങ്ങളിലെ ആശ്രമങ്ങളിൽ അംഗമായും മുവ്വാറ്റുപുഴ കപ്പൂച്ചിൻ നോവിഷ്യറ്റു ഭവനത്തിലെ ആശ്രമാധിപനായും ശുശ്രൂഷ ചെയ്തശേഷം 1980 നവംബർ 26ന് കപ്പൂച്ചിൻ സന്യാസ സഭയിൽ നിന്നു മാറി തൃശ്ശൂർ അതിരൂപതാവൈദികനായി സേവനമാരംഭിച്ചു.

എരുമപ്പെട്ടി പള്ളിയിൽ അസ്തേന്തിയായും വെട്ടുകാട്, മരോട്ടിച്ചാൽ, പൂമല, ചോറ്റുപാറ, തിരൂർ, വൈലത്തൂർ, ചെങ്ങാലൂർ, സ്നേഹപുരം, ഏങ്ങണ്ടിയൂർ എന്നീ ഇടവകകളിൽ വികാരിയായും നടത്തറ ഇടവകയിൽ നടത്തു വികാരിയായും അജപാലനശുശ്രൂഷ ചെയ്തശേഷം അദ്ദേഹം എടക്കളത്തൂർ, വരടിയം, വലപ്പാട്, വാടാനപ്പിള്ളി, എരവിമംഗലം, പാലയൂർ എന്നിവിടങ്ങളിൽ സഹായ വൈദികനായും സേവനം ചെയ്തിട്ടുണ്ട്. വൈലത്തൂർ പള്ളിയുടെ നിർമ്മാണത്തിനും മാന്ദാമംഗലം സ്കൂൾ നിർമ്മാണത്തിനും നേതൃത്വം നൽകിയ ബഹു. അച്ചൻ അറിയപ്പെടുന്ന ഒരു ധ്യാനഗുരു കൂടിയായിരുന്നു. 2000 ഒക്ടോബർ മുതൽ തൃശൂർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

29.07.2017 ശനിയാഴ്ച രാവിലെ സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിലെ വി. ബലിക്കും പ്രാർത്ഥനകൾക്കുശേഷം മൃതദേഹം 9 മണിവരെ പൊതുദർശനത്തിനുവച്ചു. തുടർന്ന് മൃതദേഹം കുരിയച്ചിറയിലുള്ള സഹോദരപുത്രൻ ജോയിയുടെ ഭവനത്തിലേക്ക് കൊണ്ടുപോയി. മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം ഉച്ചയ്ക്ക് 2:30ന് മാർ ജെക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. തുടർന്ന് മൃതദേഹം കുരിയച്ചിറ സെന്റ് ജോസഫ് ദൈവാലയത്തിലേക്ക് കൊണ്ടുപോകുകയും മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗം മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടുകൂടി നടത്തപ്പെടുകയും ചെയ്തു.

ശുശ്രൂഷാപൗരോഹിത്യത്തിലൂടെ കർത്താവിന്റെ വിളിയോട് പ്രത്യുത്തരിച്ച് ദൈവജനത്തിനായി സേവനം ചെയ്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ചേറ്റുപുഴക്കാരൻ ബഹു. ജൈൽസ് അച്ചന് തൃശ്ശൂർ അതിരൂപതയുടെ ആദരാഞ്ജലികൾ!!!



## റവ. ഫാ. ബാബു ചേലപ്പാടൻ

**07.06.01968 – 12.08.2017**

തൃശ്ശൂർ അതിരൂപതയിലെ വൈദികനായ ചേലപ്പാടൻ ബഹു. ബാബു അച്ചൻ 12.08.2017 ശനിയാഴ്ച്ച തന്റെ നാല്പത്തിയൊമ്പതാമത്തെ വയസ്സിൽ നിത്യസ

മ്മാനത്തിനായി വിളിക്കപ്പെട്ടു. ചൊവ്വന്നൂർ ഇടവക വികാരിയായി അദ്ദേഹം സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

ഒളരിക്കര ഇടവകയിലെ ചേലപ്പാടൻ പരേതനായ പോൾ – മേരി ദമ്പതികളുടെ മകനായി 1968 ജൂൺ 7ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1995 ഡിസംബർ 29ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

തൃശ്ശൂർ ബസിലിക്കയിൽ അസ്തേന്തി, മഡോണനഗർ, നെഹ്രുനഗർ, കൊഴുക്കുള്ളി, മണലാടി, അത്താണി, ചിയ്യാരം വിജയമാത എന്നിവിടങ്ങളിൽ വികാരി, സ്ലം സർവ്വീസ് സെന്റർ, പോപ് പോൾ പീസ് ഹോം എന്നിവിടങ്ങളിൽ ഡയറക്ടർ, വൈദികസമിതിയംഗം, പാസ്റ്ററൽ കൗൺസിൽ അംഗം, കലാസദൻ സെക്രട്ടറി, തൊഴിലഭ്യസനപീഠം അസിസ്റ്റന്റ് മാനേജർ എന്നീ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മൃതദേഹം 13.08.2017 ഞായറാഴ്ച സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിലെ വി. ബലിക്കും പ്രാർത്ഥനകൾക്കുശേഷം വികാരിയായിരുന്ന ചൊവ്വന്നൂർ ഇടവകയിലേക്ക് കൊണ്ടുപോയി. അവിടെ വി. ബലിക്കുശേഷം മൃതദേഹം പൊതുദർശനത്തിനുവച്ചു. തുടർന്ന് ഒളരിക്കരയിലുള്ള സ്വവസതിയിലേക്ക് ഉച്ചക്ക് കൊണ്ടുവന്നു. മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗം 14.08.2017 തിങ്കളാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. തുടർന്ന് മൃതദേഹം ഒളരിക്കര ഇടവക ദൈവാലയത്തിലേക്ക് കൊണ്ടുപോകുകയും മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗം മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടുകൂടി നടത്തപ്പെടുകയും ചെയ്തു. മാർ റാഫേൽ തട്ടിൽ അനുസ്മരണപ്രഭാഷണം നടത്തി. മൃതസംസ്കാരശുശ്രൂഷയുടെ തുടർന്നുള്ള ഭാഗങ്ങൾക്ക് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

ബഹു. അച്ചൻ സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനങ്ങൾക്ക് നിത്യവിധിയാളനായ ഈശോ മഹത്വത്തിന്റെ കിരീടം പ്രതിസമ്മാനമായി നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലികൾ!!!




# മെത്രാപ്പോലീത്തായുടെ പരിപാടികൾ

| Date | Day | Time | Description |
|---|---|---|---|
| 01 | Fri | Morning | Syro Malabar Bishop's Synod |
| 02 | Sat | Morning | Santhwanam benefactors meet |
| | | Evening | Parish Assembly at Kadangode Parish |
| 03 | Sun | | Mattom Pastoral Visit |
| 05 | Tue | Morning | Curia Meeting, Holy Mass & Silver Jubilee OSF Sisters Thrissur |
| | | Afternoon | Holy Mass at Kuriachira |
| 06 | Wed | Morning | Holy Mass at Marymatha Major Seminary, For Priests and Religious |
| | | Evening | Blessing of Renovated Church & H. Mass at Kunnamkulam- Chiralayam |
| 07 | Thu | Morning | Holy Mass at Lourdpuram SNDS |
| | | Evening | PAROC gathering at Karumathra |
| 08 | Fri | Morning | Holy Mass at Alagapanagar- Marriage preparation course , Curia meeting |
| | | Evening | Reception to Statue Our Lady of Fatima |
| 09 | Sat | Morning | Holy Mass at Avinissery, Ruby Jubilee at Irinjalakuda, Pastoral Council |
| | | Evening | Book Releasing at Sahithya Academy, Koonamuchi- CLC Navathi Celebration, Assembly- Lourdes & Pattikkad Foranes |
| 10 | Sun | | Pastoral Visit at Kodannur |
| 11 | Mon | Morning | Religious Superior's Meet |
| | | Afternoon | Presbyteral Council Meeting |

| | | | |
|---|---|---|---|
| 12 | Tue | Morning | Holy Mass at Minor Seminary, Curia Meeting, Office work |
| 13 | Wed | | For the people |
| | | Evening | JMMC Trust Meeting |
| 14 | Thu | Morning | Consulters meeting |
| 15 | Fri | Morning | Curia meeting, Holy Mass at Basilica |
| 17 | Sun | | Pastoral Visit at Vendoor |
| 19 | Tue | | Curia meeting |
| 21 | Thu | Morning | Teacher's Meeting |
| 22 | Fri | Morning | Curia meeting |
| 23 | Sat | Morning | Mar Kundukulam Centenary Celebration |
| 24 | Sun | | Priest's Annual Retreat |
| 25 | Mon | | St. John's Board Meeting |
| 26 | Tue | | Bangalore |
| 27 | Wed | | CBCI SCM in Bangalore |
| 30 | Sat | Morning | Abhayam at Venkitangu, Holy Mass at Velur |
| | | Afternoon | Vestition of Clelia Sisters |



## സഹായമെത്രാന്റെ പരിപാടികൾ

| Date | Day | Time | Description |
|---|---|---|---|
| 01 | Fri | Morning | Synod |
| 02 | Sat | Morning | Lecture at Marymatha Major Seminary |
| 03 | Sun | | Mission Appeal at Thiroor |
| 04 | Mon | Morning | Holy Mass at Mullakkara |

| | | | |
|---|---|---|---|
| | | Evening | Divine Retreat Centre |
| 05 | Tue | Morning | Holy Mass at Marymatha Major Seminary & at Ponnukkara |
| | | Evening | Grand Abide: Youth Gathering |
| 06 | Wed | Morning | Lecture at Marymatha Major Seminary |
| 07 | Thu | Morning | Lecture at Marymatha Major Seminary |
| | | | Holy Mass at Basilica |
| 08 | Fri | Morning | Holy Mass at Nirmala Sadhan-Lourdpuram, Lecture at Marymatha Major Seminary, Madurai- Santhom Mission |
| 09 | Sat | | Madurai- Santhom Mission |
| 12 | Tue | Morning | Holy Mass at Basilica |
| 13 | Wed | Evening | Mapranam |
| 15 | Fri | Morning | Holy Mass at Basilica |
| 16 | Sat | | Ranchi-Santhom Mission |
| 17 | Sun | | Ranchi-Santhom Mission |
| 18 | Mon | | Hyderabad- Santhom Mission |
| 22 | Fri | Morning | Holy Mass at Alagappanagar |
| 23 | Sat | Morning | Mar Jospeh Kundukulam Centenary Celebration DBCLC |
| 24 | Sun | | Salem |
| 26 | Tue | Morning | Holy Mass at Minor Seminary |
| 28 | Thu | | Syro-Malabar Mission - Mount St. Thomas Kakkanad |
| 29 | Fri | | Hyderabad Convention- Santhom Mission |
| 30 | Sat | | Hyderabad Convention- Santhom Mission |




# ജൂലൈ 2017

01. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഒല്ലൂക്കരയിൽ സന്യാസ ജൂബിലി കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് എക്സെൽ അക്കാദമിയുടെ ബിരുദദാന ചടങ്ങ് നടത്തി. വൈകിട്ട് അതിരൂപത അസംബ്ലിയുടെ എക്സ്പെർട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ കാഞ്ഞിരപ്പിള്ളി രൂപത പാസ്റ്ററൽ കൗൺസിലിൽ മിഷൻ ഓറിയന്റേഷൻ എന്ന വിഷയത്തെ കുറിച്ച് സംസാരിച്ചു. തുടർന്ന് എരുമേലി – മണിപ്പുഴ ഇടവകയിൽ വി. ബലിയർപ്പിച്ചു.

02. അഭിവന്ദ്യ താഴത്ത് പിതാവ് നന്തിപുലം നോർത്ത് ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് വില്ലടം ഇടവകയിൽ സാന്തോം മിഷനെ പരിചയപ്പെടുത്തുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ഉച്ചക്ക് തൈക്കാട്ടുശ്ശേരി ഇടവകയിൽ 'മനുഷ്യസ്നേഹി' സംഘടനയിൽ പ്രവർത്തിക്കുന്നവരുമായി സംസാരിച്ചു. ഉച്ചകഴിഞ്ഞ് പാവർട്ടി തെക്കുഭാഗം ചാരിറ്റബിൾ സൊസൈറ്റിയുടെ വിദ്യാഭ്യാസസ്കോളർഷിപ്പ് വിതരണവും സമ്മാനവിതരണവും നടത്തി. വൈകിട്ട് ആബാ ധ്യാനകേന്ദ്രത്തിൽ വചനസന്ദേശം നൽകി.

03. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ 8 മണിക്ക് കൂനംമൂച്ചി ഇടവകയിൽ പാവപ്പെട്ടവർക്കായി നൽകിയ ഭവനത്തിന്റെ താക്കോൽദാന കർമ്മവും ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനവും നടത്തി. തുടർന്ന് പാലയൂർ തീർത്ഥകേന്ദ്ര ദൈവാലയത്തിൽ ആഘോഷമായ ദിവ്യബലിയർപ്പിച്ചു. വൈകിട്ട് സി. അഥൽബെർട്ട് സി. എച്ച്. എഫ്. ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഒളരിക്കരയിൽ പങ്കെടുത്തു. തുടർന്ന് എക്യുമെനിക്കൽ കൂട്ടായ്മ തൃശ്ശൂർ

സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ കോക്കമംഗലം ഇടവകയിൽ വി. ബലിയർപ്പിച്ചു.

04. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ആബാ ധ്യാനകേന്ദ്രത്തിൽ വചന പ്രഘോഷണം നടത്തി.

05. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് 2:30ന് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഡയറക്ടർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് ബോൻ നത്താലെയുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ 10 മണിക്ക് മരത്താക്കര ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് സാന്തോം മിഷൻ പ്രവർത്തനങ്ങൾക്കായി ഹൈദരബാദിലേക്ക് യാത്ര തിരിച്ചു. വൈകിട്ട് പൂമാർക്കറ്റിൽ പുതുക്കി പണിയുന്ന പള്ളി സന്ദർശിച്ചു. അതിനുശേഷം രാമനാഥപുരം മെത്രാൻ മാർ പോൾ ആലപ്പാട്ടിനെ സന്ദർശിച്ചു.

06. അഭിവന്ദ്യ താഴത്ത് പിതാവ് പഴുവിൽ സെന്റ് മേരീസ് ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തിരുപ്പൂർ പീസ് ഹോമിൽ വി. ബലിയർപ്പിച്ചു. ശേഷം സേലം സെന്റ് മേരീസ് പള്ളിയും ഹോളി ഫാമിലി കോൺവെന്റും സന്ദർശിച്ചു. ഉച്ചതിരിഞ്ഞ് ബിഷപ് സെബാസ്റ്റ്യൻ സിംഗരായനെ സന്ദർശിച്ചു.

07. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വിവാഹ ഒരുക്കക്ലാസ്സു കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു. തുടർന്ന് പുതുക്കാട് വിൻസെന്റ് ഡി പോൾ സംഘടന ആരംഭിച്ച മെഡിക്കൽ ഷോപ്പിന്റെ ആശീർവാദകർമ്മം നടത്തി. ഉച്ചക്ക് 2:30ന് സാമൂഹ്യസ്ഥാപനങ്ങളുടെ ഡയറക്ടർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് സാമ്പത്തികസമിതിയുടെ യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് ഉച്ചക്ക് ഖേലാപൂർ നിർമ്മലദാസി കോൺവെന്റിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം ഖേലാപൂരിൽ വച്ച് സീറോ മലബാർ പ്രവാസി വിശ്വാസികളുമായി കൂടിക്കാഴ്ച നടത്തി.

08. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഡി. ബി. സി. എൽ. സി. യിൽ നടന്ന കരുണ ട്രസ്റ്റ് റൂബി ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ച കഴിഞ്ഞ് സെന്റ് തോമസ് കോളേജിൽ നടന്ന ദീപിക പത്രത്തിന്റെ യോഗത്തിലും സംബന്ധിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഉച്ചക്ക് മംഗളമാത്ര ധ്യാന കേന്ദ്രത്തിൽ രണ്ടാം ശനിയാഴ്ച കൺവെൻഷനിൽ വി. ബലിയർപ്പിച്ചു.

09. അഭിവന്ദ്യ താഴത്ത് പിതാവ് പുതുരുത്തി ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ നിർമ്മലദാസി സിസ്റ്റേഴ്സ് നടത്തുന്ന ശിവാനന്ദ ലെപ്രസി ഹോം സന്ദർശിച്ചു. ശേഷം കുക്കാട്ട് പള്ളി

യിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് നഗർ ടർനൂൾ പള്ളിയിൽ വി. ബലിയർപ്പിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ വി. ബലിയർപ്പിച്ചു. അതിനുശേഷം വൈദിക ഏകദിനസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് തിമാപൂരിൽ തപ്രായിലെ ആരാധനമഠം സന്ദർശിച്ചു. ഉച്ചക്ക് നിർമ്മലദാസി സിസ്റ്റേഴ്സിന്റെ കോൺവെന്റും സന്ദർശിച്ചു. സൈനികപുരി വി. മദർ തെരേസ പള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾ കണ്ട് വിലയിരുത്തി. വൈകിട്ട് സെക്കന്തരാബാദിലെ കരുണയുടെ പള്ളിയിൽ വി. ബലിയർപ്പിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ കാർമ്മൽ ശാന്തിധാം സി. എം. സി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഹൈദരബാദിലെ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. വൈകിട്ട് മല്ലാപൂർ സെന്റ് അൽഫോൻസ പള്ളി സന്ദർശിച്ചു.

12. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പങ്ങാരപ്പിള്ളി ഇടവകയിൽ ശാന്തിസദൻ വൃദ്ധസദനത്തിന്റെ ആശീർവാദകർമ്മം നടത്തി. വൈകിട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ബാലാപൂർ സെന്റ് മേരീസ് പള്ളിയിൽ വി. ബലിയർപ്പിച്ചു. ഹൈദരബാദ് മിഷനുവേണ്ടി പുതുതായി വാങ്ങിയ മാംമടി പള്ളിക്കായുള്ള സ്ഥലം സന്ദർശിച്ചു.

13. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ആലുവ സെമിനാരി കമ്മീഷനുമായി ബന്ധപ്പെട്ട് ആലുവ സെമിനാരി സന്ദർശിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് ആലുവ സെമിനാരി കമ്മീഷൻ, സെമിനാരി സന്ദർശിക്കുകയും വിലയിരുത്തലുകൾ നടത്തുകയും ചെയ്തു. ഉച്ചകഴിഞ്ഞ് സ്ഥാപനഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ആനിമേഷൻ സെന്ററിൽ വിവാഹ ഒരുക്കകോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു. വൈകിട്ട് പാലയൂർ തിരുനാൾ തലേ ദിവസം വി. കുർബാനയർപ്പിച്ചു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വിജയപുരം ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. തുടർന്ന് സെന്റ് തോമസ് കോളജിൽ ബിരുദദാന ചടങ്ങിൽ പങ്കെടുത്തു. വൈകിട്ട് അതിരൂപത അസംബ്ലിയുടെ ഒരുക്ക മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് ജൂബിലി മിഷൻ ആശുപത്രിയിൽ ഡോക്ടേഴ്സ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വെണ്ടോർ ഇടവകയിൽ വി. ബലിയർപ്പിച്ചു.

തുടർന്ന് ആശുപത്രിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. അതിനുശേഷം തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ബിരുദദാനചടങ്ങ് നിർവഹിക്കുകയും ഗവേണിംഗ് കൗൺസിൽ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈകിട്ട് ചെങ്ങാലൂരിൽ തിരുനാൾ കൂടുതുറക്കൽ ചടങ്ങിൽ വി. ബലിയർപ്പിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് ഒളരിക്കരയിൽ സി. മേരി ട്രീസ സി. എച്ച്. എഫ്. ന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഡി. ബി. സി. എൽ. സി. യിൽ നടന്ന അതിരൂപത കെ. സി. വൈ. എം. യുവജനസമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പൂങ്കുന്നം പള്ളിയിൽ 25-ാം വാർഷികത്തോടനുബന്ധിച്ച് സാന്തോം മിഷൻ പരിചയപ്പെടുത്തി. വൈകിട്ട് തോളൂർ പള്ളിയിൽ തിരുനാൾ കൊടിയേറ്റം നടത്തുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു.

17-23 അഭിവന്ദ്യ താഴത്ത് പിതാവ് തായ്‌ലന്റിലെ ബാങ്കോക്കിൽ നടന്ന ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്പ്സ് കോൺഫ്രൻസ് സെമിനാറിൽ പങ്കെടുത്തു.

17. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് പറപ്പൂർ ശാന്തിമന്ദിരത്തിൽ വി. ബലിയർപ്പിച്ചു.

18. അഭിവന്ദ്യ തട്ടിൽ പിതാവ് ഇരിങ്ങാലക്കുട കത്തീഡ്രലിൽ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ അനുസ്മരണബലിയർപ്പിച്ചു.

19. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഓറിയന്റൽ കാനൻ ലോ കോൺഫ്രൻസിനോടനുബന്ധിച്ച് ഇരിങ്ങാലക്കുട PACS-ൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് സെന്റ് തോമസ് കോളേജിൽ നടന്ന പി. ടി. എ. മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് മേരിമാത മേജർ സെമിനാരിയിൽ സ്റ്റാഫ് വൈദികർക്ക് മാസധ്യാനം നടത്തി.

20. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പീച്ചി ഇടവകയിൽ വി. കുർബാനയർപ്പിച്ചു.

21. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചെമ്പുക്കാവ് സി. എച്ച്. എഫ്. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് വെട്ടുകാട് ആശാദീപം കോൺവെന്റിൽ ബഹു. സി. പ്രഭയുടെ മൃതസംസ്കാരശുശ്രൂഷ നടത്തി.

22. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വി. അൽഫോൻസമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ ദിവ്യബലിയർപ്പിച്ചു.

23. അഭിവന്ദ്യ തട്ടിൽ പിതാവ് വടൂക്കര ഇടവകയിൽ സാന്തോം മിഷനെ പരിചയപ്പെടുത്തുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. വൈകിട്ട് കണ്ണൂർ രൂപതാവൈദികർക്ക് വാർഷികധ്യാനം നൽകുന്നതിന് പോയി.

24. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് അഭയം പാലിയേറ്റീവ് കെയറിനെയും ശാന്തിഭവൻ പാലിയേറ്റീവ് കെയർ ആശുപത്രിയെയും ബന്ധിപ്പിക്കുന്ന സ്ഥാപനത്തിന്റെ ഉദ്ഘാടനം വരന്തരപ്പിള്ളിയിൽ നിർവഹിച്ചു.

25. അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുകതിരുനാളിനോടനുബന്ധിച്ച് അദ്ദേഹത്തെ സന്ദർശിച്ച് ആശംസകളർപ്പിച്ചു.

27. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാത മേജർ സെമിനാരിയിലെ വിദ്യാർത്ഥികളും സ്റ്റാഫംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പണം നടത്തി. വൈകിട്ട് ബഹു. ജോസ് തേക്കാനത്ത് സി. എം. ഐ. അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ ജന്മശതാബ്ദി സംഘാടകസമിതിയിൽ അധ്യക്ഷത വഹിച്ചു.

29. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുല്ലഴി ക്രിസ്റ്റീന ഹോം സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കൃതജ്ഞതാബലിയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് നടത്തിയ മാധ്യമ ദിനാഘോഷങ്ങൾ ഡി. ബി. സി. എൽ. സി. യിൽ ഉദ്ഘാടനം ചെയ്യുകയും അവാർഡ് വിതരണം നടത്തുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പെരിഞ്ചേരി ഇടവകയിൽ അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദീസയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ചേറ്റുപുഴക്കാരൻ ബഹു. ജൈൽസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. വൈകിട്ട് തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിൽ വി. ബലിയർപ്പിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് പഴയങ്ങാടി ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ തട്ടിൽ പിതാവ് ഹൈദരബാദ് ബൈക്കിൽപുരിയിൽ താത്കാലിക ചാപ്പൽ കൂദാശ ചെയ്തു. വൈകിട്ട് മല്ലാപൂർ എന്ന സ്ഥലത്ത് പണികഴിച്ച സെന്റ് അൽഫോൻസ പള്ളിയുടെ കൂദാശകർമ്മം നിർവഹിച്ചു.

31. അഭിവന്ദ്യ താഴത്ത് പിതാവ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ പുതിയ ബാച്ചിന്റെ അധ്യയനവർഷം ഉദ്ഘാടനം ചെയ്ത് വിദ്യാർത്ഥികളോട് സംസാരിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടന്ന പ്രീസ്റ്റ് ഗ്രാന്റ് കോൺഫ്രൻസിൽ പങ്കെടുക്കുന്നതിനും സന്ദേശം നൽകുന്നതിനുമായി പോയി.

# നാമകരണ നടപടികൾ

## ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ആഗസ്റ്റ്മാസത്തിലെ ആദ്യവെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കിയത് ചേലക്കര ഫൊറോന വികാരി ഫാ. റാഫേൽ താണിശ്ശേരിയാണ്. ദൈവവചനം വ്യാഖ്യാനിച്ച ശ്രീ. ബിജു പൊന്നൂക്കര ഹൃദയസ്പർശിയായ തന്റെ ജീവിതാനുഭവം പങ്കുവെച്ചുകൊണ്ട് ദൈവത്തിലേക്കും ദൈവീക വചനങ്ങളിലേക്കും അടുക്കുവാൻ ജനങ്ങൾക്ക് പ്രചോദനമേകി. വി. ജോൺ മരിയ വിയാനിലുണ്ടായിരുന്ന പുണ്യങ്ങൾ ദൈവദാസൻ ആന്റണി അച്ചനിലും നിഴലിച്ചിരുന്നുവെന്ന് വി. കുർബാനയിലെ വചനസന്ദേശമായി റാഫേൽ അച്ചൻ നല്കി. മണിക്കൂറുകളോളം ദൈവദാസൻ ആന്റണി അച്ചൻ കുമ്പസാരക്കൂട് കേന്ദ്രമാക്കി പ്രാർത്ഥിക്കുകയും സഹോദരങ്ങളെ ദൈവത്തിലേക്കും പരസ്നേഹത്തിലേക്കും അടുപ്പിക്കുകയും ചെയ്തു.



ദൈവസ്നേഹത്തിൽ അടിയുറച്ചവൈദികനും മറ്റുള്ളവർക്ക് സാക്ഷ്യം നല്കുന്ന വ്യക്തിത്വവും സ്വന്തമാക്കിയവനായിരുന്നു തച്ചുപറമ്പിൽ അച്ചനെന്ന് റാഫേൽ അച്ചൻ ഓർമ്മിച്ചു. അനുകമ്പയും സ്നേഹവും ബഹുമാനവും അംഗീകാരവും നല്കി മറ്റുള്ളവരെ സ്നേഹിക്കുവാനും പ്രവർത്തിക്കുവാനും നമുക്ക് കഴിയുന്നതിനായി അച്ചന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കാം. അനേകം പേർ ദൈവദാസൻ അന്തോണിയച്ചന്റെ മാധ്യസ്ഥം തേടി തിരകർമ്മങ്ങളിൽ പങ്കെടുത്തു.

# ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

ആഗസ്റ്റ്മാസത്തിലെ രണ്ടാം ശനി ആചരണത്തിൽ സി.എസ്.സി മരിയ പ്രവിശ്യാംഗങ്ങൾ പരി. കുർബാനയുടെ ആരാധനയ്ക്ക് നേതൃത്വം നൽകി.



ഇടവക വികാരി റവ.ഫാ.ബാബു ചേലപ്പാടന്റെ വേർപ്പാടിൽ ദുഖിതരായിരിക്കുന്ന ഇടവകാംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ട് ബ. സിസ്റ്റർ പൂജിത സി.എസ്.സി പ്രഭാഷണം തുടങ്ങി. ദൈവീകഭാവമായ കരുണാർദ്ര സ്നേഹത്തിന് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ജീവിതശൈലി സ്വീകരിച്ച ഊക്കനച്ചൻ അതിർവരമ്പുകളിലെ, പിന്നാമ്പുറങ്ങളിലെ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി ദൈവതിരുമുമ്പിൽ മാദ്ധ്യസ്ഥം വഹിക്കുകയും അവരോട് കൂടെയായിരിക്കുവാൻ മനസ്സ് കാണിക്കുകയും ചെയ്തു. ആരൊക്കെ എവിടെയൊക്കെ അനാഥത്വം അനുഭവിക്കുന്നുണ്ടോ അവിടെയൊക്കെ സനാഥനായി കരുത്തായി ജീവിതസാക്ഷ്യം നൽകിയ അദ്ദേഹം വിശാലമനസ്സിന്റെ വെള്ളിനക്ഷത്രമായിരുന്നു. 10.30 ന് അനുസ്മരണബലി, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ. ഫാ. ആന്റണി മേച്ചേരി ആണ്. നാല്പതുകളിൽ തൃശൂർ രൂപതയിൽ വിളങ്ങിനിന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഊക്കനച്ചൻ. താൻ കണ്ടനുഭവിച്ച ഊക്കനച്ചന്റെ ജീവിതം പങ്കുവയ്ക്കുന്നതിൽ അച്ചൻ വാചാലനായി. നമുക്കും ചുറ്റും നാം അറിയാത്തവരായി ആരും ഉണ്ടാകരുതെന്ന് പഠിപ്പിച്ച ദൈവദാസൻ ഊക്കൻ അച്ചൻ അവരുടെ വ്യക്തിജീവിതങ്ങളിലേക്ക് ഇറങ്ങിചെല്ലുകയും ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ ആവശ്യങ്ങളിലും സഹായിക്കുകയും ചെയ്തു.

**ഫാ. പോൾ പുളിക്കൻ** (പോസ്റ്റുലേറ്റർ)

# 17 – ാം പാസ്റ്ററൽ കൗൺസിൽ

## രണ്ടാം യോഗറിപ്പോർട്ട് (10.06.2017)

പതിനേഴാം പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത് യോഗം 2017 ജൂൺ 10ന് ശനിയാഴ്ച, ഡി. ബി. സി. എൽ. സി. ഓഡിറ്റോറിയത്തിൽ നടന്നു. രാവിലെ 9:30ന് രജിസ്ട്രേഷനോടൊപ്പം അംഗങ്ങൾക്കുള്ള ഐഡന്റിറ്റി കാർഡ് വിതരണവും നടത്തി. ബ്രദർ ജോസ് ചുങ്കത്ത് എം. എം. ബി.യും ശ്രീ. ഫ്രാങ്കോ സൈമണും പ്രാരംഭപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ യോഗാംഗങ്ങളെ സ്വാഗതം ചെയ്തു. തന്റെ പ്രവർത്തനങ്ങളിലും അതോടനുബന്ധിച്ചുള്ള യാത്രകളിലും മുഴുവൻ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും പ്രാർത്ഥന അഭിവന്ദ്യപിതാവ് അഭ്യർത്ഥിച്ചു. ജനറൽ സെക്രട്ടറി ഫാ. മാത്യു കുറ്റിക്കോട്ടയിൽ യോഗ നടപടിക്രമങ്ങൾ വിശദീകരിച്ചു. കൗൺസിലിന്റെ സുഗമമായ നടത്തിപ്പിന് ഏവരുടെയും സഹകരണം അഭ്യർത്ഥിച്ചു. ജോയിന്റ് സെക്രട്ടറി ഡോ. ഡെയ്സൻ പാണേങ്ങാടൻ പ്രഥമയോഗ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസ്സാക്കി. തുടർന്ന് ചർച്ച് ബില്ലിനെ സംബന്ധിച്ചുള്ള വിഷയാവതരണങ്ങൾ നടന്നു. ചർച്ച് ബില്ലിന്റെ ചരിത്രപരമായ പശ്ചാത്തലം സംബന്ധിച്ച് പ്രൊഫ. കെ. എം. ഫ്രാൻസിസും ബില്ലിനെക്കുറിച്ചുള്ള സഭയുടെ സംശയങ്ങളും ആശങ്കകളും പ്രകടിപ്പിച്ചുകൊണ്ട് ഫാ. മാത്യു കുറ്റിക്കോട്ടയിലും വിഷയാവതരണം നടത്തി. തുടർന്ന് ഇതു സംബന്ധിച്ച് നടന്ന ചർച്ചകളിൽ അഡ്വ. സോജൻ ജോബ് മോഡറേറ്ററായിരുന്നു. അംഗങ്ങളുടെ സംശയങ്ങൾ വിഷയാവതാരകർ ദുരീകരിച്ചു.

ചായയ്ക്കുശേഷം ഗ്രൂപ്പ് വിഭജനത്തിനായി അംഗങ്ങൾ ഒത്തുചേർന്നു. പതിനേഴാം പാസ്റ്ററൽ കൗൺസിൽ രൂപീകരണയോഗത്തിൽ നൽകപ്പെട്ടിട്ടുള്ള ഫോമുകൾ പ്രകാരം വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന ഗ്രൂപ്പംഗങ്ങൾ ഒന്നുചേർന്ന് ഓരോ ഗ്രൂപ്പിന്റെയും സെക്രട്ടറിമാരെ തെരഞ്ഞെടുത്തു.

1. വിശ്വാസജീവിതം – ശ്രീമതി. റോസി ചാക്കുണ്ണി
2. അതിരൂപതാ പൊതുകാര്യങ്ങൾ – ശ്രീ. ജിമ്മി തറയിൽ
3. രാഷ്ട്രീയ ഇടപെടൽ – ശ്രീ. സി. വി. കുരിയാക്കോസ്
4. സാമൂഹ്യസേവനം – ശ്രീ. സി. ജെ. ജെയിംസ്, മുണ്ടൂർ
5. അത്മായ നേതൃത്വം – ശ്രീ. എൻ. പി. ജാക്സൺ
6. കുടുംബപ്രേഷിതത്വം – ഡോ. ടോണി ജോസഫ്

7. വിദ്യാഭ്യാസ പ്രേഷിതത്വം – ശ്രീ. ജോഷി വടക്കൻ
8. സാംസ്കാരിക പ്രവർത്തനങ്ങൾ – ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ
9. സാമൂഹ്യ ഇടപെടൽ – ശ്രീ. ജോസ് ചെമ്പിശ്ശേരി
10. മാനവ വിഭവശേഷി വികസനം – ഡോ. സി. എഫ്. ബിനോയ്

ശൂന്യവേളയ്ക്കു മുമ്പായി, അജപാലന സർവ്വേക്കു നേതൃത്വം നൽകിയ റവ. ഡോ. സൈജോ തൈക്കാട്ടിലിനെയും ടീമംഗങ്ങളെയും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അഭിനന്ദിച്ചു. അസംബ്ലി നടത്തിപ്പ് സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ റവ. ഡോ. സൈജോ തൈക്കാട്ടിൽ അംഗങ്ങൾക്കു കൈമാറി. സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് കെയർ, ആശാകിരണം പദ്ധതി എന്നിവയെ ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി വിശദീകരിച്ചു. വലിയ കുടുംബങ്ങൾക്കായി അതിരൂപത നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് ഫാമിലി അപ്പസ്തോലേറ്റ് സെന്റർ ഡയറക്ടർ റവ. ഡോ. ഡെന്നി താണിക്കൽ വിശദീകരണം നൽകി. NBA യുടെയും NAAC ന്റെയും അക്രെഡിറ്റേഷൻ ലഭിച്ച ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അധികൃതരെ യോഗം അനുമോദിച്ചു. ഇന്റർനാഷണൽ ഫ്രാൻസിസ്കൻ കോൺഫ്രൻസ് – ഏഷ്യൻ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട എം. എം. ബി. സുപ്പീരിയർ ജനറാൾ റവ. ബ്രദർ ഫ്രാങ്കോ എം. എം. ബി. ക്ക് യോഗം ആശംസകളും അനുമോദനങ്ങളും നേർന്നു.

തുടർന്ന് ശൂന്യവേളയായിരുന്നു. ഫൊറോന കൗൺസിൽ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത, സർക്കാരിന്റെ വികലമായ മദ്യനയം, അഖിലേന്ത്യാതലത്തിൽ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകിച്ച് ക്രൈസ്തവ വിഭാഗങ്ങൾക്കെതിരെ നടക്കുന്ന നീക്കങ്ങൾ മുതലായ കാര്യങ്ങളിൽ അംഗങ്ങൾ ആശങ്ക പ്രകടിപ്പിച്ചു. ജൂബിലി മിഷൻ ആശുപത്രിയിലെ നഴ്സുമാരുടെ സമരത്തിന്റെ വിശദാംശങ്ങൾ ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് പങ്കുവച്ചു. മെഡിക്കൽ കോളേജിലെ നഴ്സുമാരുടെ നിലവിലുള്ള സേവന–വേതന വ്യവസ്ഥകൾ അദ്ദേഹം വിശദീകരിച്ചു. ചർച്ച് ബിൽ സംബന്ധിച്ച് ഇടവകപ്രതിനിധിയോഗങ്ങളിലും ഫൊറോന കൗൺസിലുകളിലും വിശദമായ ചർച്ച വേണമെന്ന ആശയമുയർന്നു. ആരാധനാലയങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമികളുടെ ക്രമവത്കരണത്തിന് ഇടവകകൾ ശ്രദ്ധ ചെലുത്തണമെന്നും ഇടവകതല ആഘോഷപരിപാടികളിൽ ആധ്യാത്മികതയ്ക്ക് ഊന്നൽ നൽകണമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. മാസ് വൈൻ സംബന്ധിച്ച വിവാദങ്ങളിലും ജൂബിലി മിഷ്യനിലെ സമരത്തിലും അംഗങ്ങൾ ആശങ്ക പ്രകടിപ്പിച്ചു. ഭക്തസംഘടനകളും കുടുംബകൂട്ടായ്മകളും സാമൂഹ്യപ്രതിബദ്ധതയ്ക്കു ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ ഇടവകതലത്തിൽ ക്രമീകരിക്കണമെന്നും കുടുംബങ്ങൾ ഒരു

മിച്ച് ധ്യാനിക്കുന്നതിന് സൗകര്യമൊരുക്കണമെന്നും ആവശ്യമുയർന്നു.

അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അധ്യക്ഷപ്രസംഗത്തിൽ ശൂന്യവേളയിൽ ഉന്നയിച്ച വിഷയങ്ങൾക്ക് മറുപടി നൽകി. സമുദായത്തിലെ ബുദ്ധിജീവികളെ വളർത്തുന്നതിന് എക്സെൽ പോലുള്ള സംവിധാനങ്ങൾ സാഹചര്യമൊരുക്കുമെന്ന് അഭിവന്ദ്യപിതാവ് അഭിപ്രായപ്പെട്ടു. പാവങ്ങളുടെയും സാധാരണക്കാരുടെയും അത്താണിയായ ജൂബിലി മിഷൻ ആശുപത്രി തകർക്കുന്നതിനുള്ള ഗൂഢശ്രമങ്ങൾ കാണാതെ പോകരുതെന്ന് അഭിവന്ദ്യപിതാവ് ഓർമ്മിപ്പിച്ചു. ഫൊറോന കൗൺസിൽ രൂപീകരണത്തിന് അതത് ഇടവകകളിലെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ മുൻകൈ എടുക്കണമെന്ന് അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു.

തുടർന്ന് രണ്ട് പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടു. സർക്കാരിന്റെ വികലമായ മദ്യനയം പിൻവലിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള പ്രമേയം റവ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ അവതരിപ്പിച്ചു. ചർച്ച്ബില്ലിനെതിരെയുള്ള പ്രമേയം അഡ്വ. സോജൻ ജോബ് അവതരിപ്പിച്ചു. പ്രമേയങ്ങൾ യോഗം ഐക്യകണ്ഠേന പാസ്സാക്കി. അതിരൂപതയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ നൽകുന്ന പിന്തുണയ്ക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നന്ദി പറഞ്ഞു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന ഏവർക്കും നന്ദി പറഞ്ഞു. അതിരൂപതാദിനത്തോടനുബന്ധിച്ച് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ നേതൃത്വത്തിലുള്ള സൗജന്യ ഡയാലിസിസിനു അംഗങ്ങൾ നൽകിയ സംഭാവനകൾക്ക് സെക്രട്ടറി പ്രത്യേകം നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

## അടുത്ത പാസ്റ്ററൽ കൗൺസിൽ യോഗം

പാസ്റ്ററൽ കൗൺസിലിന്റെ സാധാരണയോഗം **2017 സെപ്തംബർ 9 ശനിയാഴ്ച ഡി. ബി. സി. എൽ. സി. യിൽ** നടത്തപ്പെടുന്നു. അംഗങ്ങളെല്ലാം പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

### വിഷയം

**'മൂന്നാം അതിരൂപതാ അസംബ്ലിയുടെ വിഷയാവതരണരേഖ"**

ചർച്ചക്കുള്ള ചോദ്യങ്ങൾ ആഗസ്റ്റ് മാസത്തിലെ കത്തോലിക്കാസഭ പത്രത്തിൽ കൊടുത്തിരിക്കുന്നത് കാണുക.




# സാമ്പത്തിക കാര്യാലയം

**1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

ഇടവകകളുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയത്ത് വരാതിരുന്ന ഇടവകകൾ എത്രയും വേഗം തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു

**2. സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ**

സെപ്തംബർ 11-ാം തിയതി മുതലാണ് സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് കൊണ്ടുവരേണ്ടത്. തിയതികൾ ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പേജ് 34ൽ കൊടുത്തിട്ടുണ്ട്. എല്ല സ്ഥാപനങ്ങളും കൃത്യസമയത്ത് വരുമല്ലോ.

**3. ആദായ നികുതി റിട്ടേണുകൾ**

പുതുക്കിയ ആദായ നികുതി നിർദ്ദേശങ്ങൾ അനുസരിച്ച് ഈ സാമ്പത്തിക വർഷത്തെ (2016-2017) ആദായ നികുതി റിട്ടേണുകൾ 2017 സെപ്റ്റംബർ 30ന് ഉള്ളിൽ ഫയൽ ചെയ്യേണ്ടതാണ്. ഈ കാര്യം എല്ലാ ഇടവകകളും സ്ഥാപനങ്ങളും ഓർത്ത് ചെയ്യുമല്ലോ.

**4. GST**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും ആവശ്യങ്ങൾക്കായി സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ GST അപ്ലൈചെയ്ത ബില്ലുകൾ വാങ്ങുവാൻ ശ്രദ്ധിക്കണം

1. 10000 രൂപക്ക് മുകളിലുള്ള ഹാൾ വാടക , മുറിവാടക എന്നിവക്ക് GST അപ്ലൈ ചെയ്ത് വേണം ഇനിമുതൽ വാടകവാങ്ങിക്കേണ്ടത്. ഇത്തരം സാഹചര്യങ്ങളിൽ GST രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. നമ്മൾ പിരിച്ചെടുത്ത GST തുക ഗവൺമെന്റിൽ അതാതു സമയത്ത് നിയമപ്രകാരം അടക്കേണ്ടതുമാണ് ഈ കാര്യങ്ങൾ വിശദമായി അതാത് ഇടവകകളും സ്ഥാപനങ്ങളും അവരവരുടെ ചാർട്ടേർഡ് അക്കൗണ്ടന്റുമായി ആലോചിച്ച് തീരുമാനം എടുക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമാണ്

5. സാമ്പത്തിക സഹായങ്ങൾ

**A. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. ചോറ്റുപാറ – 5000
2. ചിയ്യാരം – 5000
3. പുതുക്കാട് – 5000
4. ആളൂർ ഈസ്റ്റ് – 5000

**B. അതിരൂപത സഹായ ഫണ്ട്**

1. വിവാഹം – 58500
2. ചികിത്സ – 75500
3. വിദ്യാഭ്യാസം – 1000

**C. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. മഞ്ഞക്കുന്ന് – 50000

**6. ദുഃഖവെള്ളി, മിഷൻ ഞായർ, പെസഹവ്യാഴം, ഞായർ പിരിവ്, പ്രത്യേക പിരിവ്**

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|---|---|---|---|
| 1 | ആളൂർ ഈസ്റ്റ് | | | | 326 | 605 | 440 |
| 2 | അഞ്ചേരി | 4715 | 20700 | | 2000 | 3190 | 2320 |
| 3 | ഒല്ലൂർ മേരിമാത | | 52770 | | | | |
| 4 | അരണാട്ടുകര | | | | 14026 | 17600 | 64000 |
| 5 | അരിമ്പൂർ | | | 48000 | 13800 | 17270 | 47100 |
| 6 | ആറ്റത്തറ | 4913 | 4801 | 6150 | 1570 | 2134 | 2328 |
| 7 | അവണൂർ | | | | 710 | 946 | 688 |
| 8 | അവണിശ്ശേരി | | | 3705 | 2400 | 3311 | 2709 |
| 9 | അയ്യന്തോൾ | 24252 | 64020 | | 4630 | 6094 | 16620 |
| 10 | ചേലക്കര | 9568 | 24850 | | | | |
| 11 | ചേർപ്പ് | | 12595 | | 6972 | | |
| 12 | ചെറുതുരുത്തി | 2314 | 3500 | 4000 | 504 | 682 | 496 |
| 13 | ചേറ്റുപ്പുഴ | | 22000 | | | | |
| 14 | ചിറ്റാട്ടുകര | 16447 | 92220 | 135625 | 7632 | 9064 | 32960 |
| 15 | ചിയ്യാരം (സേവനാലയം) | 3347 | 6440 | 5185 | 3220 | 3861 | 4212 |
| 16 | ചൂലിശ്ശേരി | 1306 | 3830 | 4585 | 528 | 814 | 592 |
| 17 | ചൂണ്ടൽ | 3801 | 34940 | 15437 | 1700 | 1980 | 2160 |
| 18 | ചൊവ്വന്നൂർ | 2983 | 25025 | 21950 | 2446 | 3179 | 3468 |
| 19 | എൽത്തുരുത്ത് | | | | 4040 | 5643 | 6156 |
| 20 | ഏനമ്മാവ് | | | 160767 | 6400 | 6380 | 14500 |

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|---|---|---|---|
| 21 | ഏങ്ങണ്ടിയൂർ | 1160 | 20030 | 15000 | 2980 | 3454 | 3720 |
| 22 | എറവ് | 16000 | 12000 | 20450 | 10030 | 11253 | 15345 |
| 23 | ഇയ്യാൽ | 4350 | 5890 | | 780 | 1265 | 1035 |
| 24 | കടങ്ങോട് | 2117 | 4000 | | 632 | 869 | 711 |
| 25 | കണ്ണംകുളങ്ങര | | | | 1526 | 1595 | 1740 |
| 26 | കാരമുക്ക് | | | | 3350 | 3960 | 3240 |
| 27 | കാരമുക്ക് (സെന്റ്.ആന്റണീസ്) | | | | 1650 | 2266 | 1854 |
| 28 | കാരമുക്ക് (സെന്റ് ജോസഫ്) | | | | 800 | 1276 | 928 |
| 29 | കരുമത്ര | | 12270 | | | | |
| 30 | കോടന്നൂർ | 6933 | 14950 | 21107 | 5000 | 6545 | 14875 |
| 31 | കോലഴി | 6067 | 10307 | 21567 | | | |
| 32 | കോളേങ്ങാട്ടുകര | 2400 | 2662 | 2178 | | | |
| 33 | കൊട്ടേക്കാട് | 17325 | 36707 | | 8992 | 12089 | 43960 |
| 34 | കുണ്ടുകാട് | 7164 | 8340 | 8820 | 2160 | 2860 | 3900 |
| 35 | കുരിയച്ചിറ | | | 13845 | 16904 | 18161 | 66040 |
| 36 | കുറ്റൂർ | | | | 6420 | 8030 | 29200 |
| 37 | മഡോണ നഗർ | | | | 4260 | 5885 | 6420 |
| 38 | മനക്കൊടി | 2092 | 12500 | | 2300 | 2530 | 2070 |
| 39 | മണലാടി | | | 2149 | 1050 | 1166 | 954 |
| 40 | മണലൂർ ഈസ്റ്റ് | | | 73705 | 10000 | 7040 | 12800 |
| 41 | മണലൂർ വെസ്റ്റ് | 6109 | | 9945 | 3200 | 3465 | 3780 |
| 42 | മങ്ങാട് | | | 3365 | 3060 | 4301 | 4692 |
| 43 | മണ്ണുത്തി | 7000 | 20000 | 133090 | 7272 | 8888 | 20200 |
| 44 | മരത്താക്കര | 29306 | 68126 | | 9032 | 12419 | 28225 |
| 45 | മരിയാപുരം | | | | 20985 | 10230 | 18600 |
| 46 | മായന്നൂർ | 2650 | 2100 | | 1098 | 1397 | 1143 |
| 47 | മുക്കാട്ടുകര | 17908 | 13098 | 52231 | 10460 | 12485 | 34050 |
| 48 | മുല്ലക്കര | 7256 | 18764 | 24236 | 2820 | 4180 | 4560 |
| 49 | മുള്ളൂർക്കര | 5879 | 5000 | | 1140 | 1606 | 1314 |
| 50 | മുണ്ടൂർ | | | | 10860 | 14542 | 52880 |

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് |
|---|---|---|---|---|---|---|---|
| 51 | നെടുപുഴ | | | | 4400 | 4851 | 3969 |
| 52 | നെഹ്‌റു നഗർ | | | | 3250 | 4510 | 4920 |
| 53 | നെല്ലങ്കര | | | | 2748 | 3762 | 4104 |
| 54 | നെല്ലിക്കുന്ന് | | | | 11016 | 14443 | 52520 |
| 55 | ഒളരിക്കര | 20380 | 28720 | 78700 | 11840 | 16280 | 44400 |
| 56 | ഒല്ലൂക്കര | | 23550 | | 4290 | 5434 | 12350 |
| 57 | പടവരാട് | | | | 10840 | 10582 | 19240 |
| 58 | പാലക്കൽ | | | | 5180 | 8140 | 18500 |
| 59 | പനമുക്ക് | 19776 | 13595 | 12560 | 3724 | 4730 | 6450 |
| 60 | പഞ്ഞാരപ്പിള്ളി | | | | 1626 | 2013 | 1647 |
| 61 | പതിയാരം | 6476 | 3920 | 8950 | 1640 | 2321 | 2532 |
| 62 | പഴയന്നൂർ | 8088 | 3630 | | 2550 | 2530 | 2070 |
| 63 | പേരാമംഗലം | | | 8921 | 6796 | 8613 | 31320 |
| 64 | പെരിഞ്ചേരി | | | | 6944 | 8624 | 19600 |
| 65 | പെരിങ്ങോട്ടുക്കര | | 16070 | | | | |
| 66 | പൊങ്ങണംകാട് | 20400 | 29100 | | 7300 | 8316 | 11340 |
| 67 | പൂങ്കുന്നം | 13865 | 11812 | 42400 | 3240 | 4048 | 7360 |
| 68 | പുതുക്കാട് നോർത്ത് | | | 8100 | 2236 | 2706 | 2952 |
| 69 | പുതുശ്ശേരി | | | | 1728 | 2178 | 2376 |
| 70 | പുതുരുത്തി | 3332 | 17630 | 15890 | 3432 | 4290 | 4680 |
| 71 | തിരുവില്വാമല | 4087 | 5824 | 3968 | 1320 | 1727 | 1256 |
| 72 | തൊയക്കാവ് | 5990 | 28870 | 20000 | 2200 | 3245 | 3540 |
| 73 | ലൂർദ്ദ് | 98900 | 74200 | 195667 | 20064 | 20218 | 21900 |
| 74 | ബസിലിക്ക | | | | 4080 | 5610 | 25500 |
| 75 | വടൂക്കര | | | | 5720 | 5049 | 5508 |
| 76 | വാക | | | | 860 | 1100 | 900 |
| 77 | വരടിയം | | | 5000 | 4836 | 5324 | 7260 |
| 78 | വെളുത്തൂർ | | | | 1760 | 2365 | 1935 |
| 79 | വിജയപുരം | | | | 7024 | 8580 | 31200 |
| 80 | വില്ലടം | | | | 3312 | 4312 | 3528 |

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ.ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ

# വൈദികർ



## ജന്മദിനങ്ങൾ – സെപ്തംബർ

| | |
|---|---|
| ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ | 02 |
| ഫാ. ആന്റോ എടക്കുളത്തൂർ | 02 |
| ഫാ. ആന്റണി തോട്ടാൻ | 05 |
| ഫാ. ജെറിൻ അരിമ്പൂർ | 06 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 06 |
| ഫാ. ജിയോ തരകൻ | 07 |
| ഫാ. ആന്റണി കണ്ണമ്പുഴ | 08 |
| ഫാ. രാജു കൊക്കൻ | 08 |
| ഫാ. ടെറിൻ മുള്ളക്കര | 08 |
| ഫാ. പോളി നീലങ്കാവിൽ | 08 |
| ഫാ. ഡെമിൻ തറയിൽ | 08 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 10 |
| ഫാ. ഡേവിസ് ചിറമ്മൽ സീനയർ | 10 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 10 |
| ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ | 13 |
| ഫാ. ബിജോ ജോസ് ചാലിശ്ശേരി | 15 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 18 |
| ഫാ. ജിയോ കടവി | 20 |
| ഫാ. ആന്റണി ആലുക്ക | 21 |
| ഫാ. ആന്റോസ് എലുവത്തിങ്കൽ | 22 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 22 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 27 |
| ഫാ. ഫ്രാങ്കോ പുത്തിരി | 27 |
| ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. സൈജൻ വാഴപ്പിള്ളി | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ | 21 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 21 |
| ഫാ. മാത്യു ചാക്കേരി | 21 |
| ഫാ. മാത്യു വെട്ടത്ത് | 21 |
| ഫാ. മാത്യു പേരാമംഗലത്ത് | 21 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 21 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 21 |
| ഫാ. സുനിൽ ചിരിയങ്കണ്ടത്ത് | 21 |
| ഫാ. നൈസൻ ഏലന്താനത്ത് | 21 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 27 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 27 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 27 |
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 27 |

| | | | |
|---|---|---|---|
| ഫാ. ലിന്റോ തട്ടിൽ | 29 | ഫാ. സോളി തട്ടിൽ | 29 |
| ഫാ. സിജോ മുരിങ്ങാത്തേരി | 29 | ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. റാഫി തട്ടിൽ | 29 | ഫാ. റാഫേൽ ചിറ്റിലപ്പിള്ളി | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 | ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 29 | ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. ഫ്രെജോ വാഴപ്പിള്ളി | 29 | ഫാ. ജോയ് മൂക്കൻ | 29 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 29 | ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 29 |
| ഫാ. റാഫേൽ താണിശ്ശേരി | 29 | | |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ | 18-09-1915 |
| ഫാ. ദേവസ്സി ചിറമ്മൽ | 00-09-1938 |
| ഫാ. ജേക്കബ് അറയ്ക്കൽ സീനിയർ | 14-09-1946 |
| ഫാ. പോൾ വാഴപ്പിള്ളി | 17-09-1952 |
| ഫാ. സെബാസ്റ്റ്യൻ ബ്രഹ്മകുളം | 03-09-1960 |
| ഫാ. ആന്റണി കൊടിയൻ | 04-09-1960 |
| ഫാ. തോമസ് അടമ്പുകുളം | 14-09-1962 |
| ഫാ. ആന്റണി മാളിയേക്കൽ | 28-09-1968 |
| ഫാ. ജോസഫ് മഞ്ഞളി | 01-09-1969 |
| ഫാ. ജോൺ ചിറയത്ത് | 19-09-1970 |
| ഫാ. അബ്രഹാം മാമ്പിള്ളി | 02-09-1972 |
| ഫാ. ജോൺ പ്ലാശ്ശേരി | 11-09-1973 |
| ഫാ. ജേക്കബ് ചെമ്മണ്ണൂർ | 20-09-1977 |
| ഫാ. ജോൺ മാളിയേക്കൽ | 30-09-1978 |
| ഫാ. ജോൺ ചിറമ്മൽ | 06-09-1990 |
| ഫാ. ജോർജ്ജ് കൂനൻ | 09-09-1996 |
| ഫാ. അഗസ്റ്റിൻ തട്ടിൽ | 25-09-1996 |
| മോൺ. ആന്റണി മാളിയേക്കൽ | 03-09-2001 |
| ഫാ. ആന്റണി തോട്ടാൻ സീനിയർ | 29-09-2001 |
| ഫാ. ജോസഫ് മാളിയേക്കൽ | 11-09-2009 |
| ഫാ. ജേക്കബ് ഐനിക്കൽ | 19-09-2010 |
| ഫാ. അഗസ്റ്റിൻ അക്കര | 15-09-2012 |

# സന്യസ്തർ



## സി.ആർ.ഐ. വാർത്തകൾ

**01.7.2017 :** എഫ്.സി.സി. Young Senior Sisters ന്റെ Renewal Programme 2017 ജൂൺ 30, ജൂലൈ 1, 2 തീയതികളിൽ അസ്സീസിയിൽ വെച്ച് നടത്തപ്പെട്ടു.

എഫ്.സി.സി.ജൂലൈ 1–ാം തീയതി 2. pm മുതൽ 4. pm വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ഫോർമേഷൻ കമ്മിറ്റി മീറ്റിംഗ് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. റോസ് അനിതയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ഈ വർഷം ആദ്യ വ്രതം സ്വീകരിക്കുന്ന നോവിസസിന്റെ മാതാപിതാക്കൾക്ക് മീറ്റിംഗ് നടത്തി.

**03.07.2017 :** സി.എം.സി. നടത്തറ തിരുഹൃദയ ദേവാലയത്തിൽ നടന്ന മതബോധനദിനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ അദ്ധ്യക്ഷപദം വഹിച്ചു.

**04.07.2017 :** സി.എം.സി. കാനഡ ഇന്റർ നാഷണൽ കോൺഫ്രൻസിൽ വച്ച് വിദ്യാഭ്യാസത്തിൽ മലയാള ഭാഷയ്ക്കുള്ള പ്രാധാന്യം എന്ന വിഷയത്തെക്കുറിച്ച് സി. ഷാരോൺ പ്രബന്ധം അവതരിപ്പിച്ചു.

**07.07.2017 :** സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സിനും ഫീൽഡ് സൂപ്പർവൈസേഴ്സിനും മീറ്റിംഗ് നടത്തി.

**08.07.2017 :** സി.എം.സി. മേനേജ്മെന്റിന്റെ കീഴിൽ ജോലിചെയ്യുന്ന ടീച്ചേഴ്സിനുവേണ്ടണ്ടിയുള്ള Seminar & Merit Day കുരിയച്ചിറ സെന്റ് പോൾസ് ഓഡിറ്റോറിയത്തിൽ നടത്തി. Bro.Shinoj Chittilappilly ക്ലാസുകൾ നയിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ മികച്ച വിദ്യാലയങ്ങളെ ആദരിച്ചു.

സി.എം.സി. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് Auto Drivers ന് സാരഥിയുടെ നേതൃത്വത്തിൽ ഫാ.സെബാസ്റ്റ്യൻ തേയ്ക്കാനത്ത് ക്ലാസുകൾ നൽകി.

എഫ്.സി.സി. 2017 ജൂലൈ 8–ാം തീയതി രാവിലെ 9.30 മുതൽ 4 മണിവരെ ഗുരുവായൂർ എൽ. എഫ്. കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ വിദ്യാഭ്യാസസെമിനാറിൽ തൃശൂർ അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും (Aided & Un aided നേഴ്സറി മുതൽ കോളേജ് ഉൾപ്പെടെ) സ്ഥാപനാധികാരികൾ, Teaching & Non Teaching Staff ( Sisters & Lay Staff ) സംബന്ധിച്ചു.

**10.07.2017 :** സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ റവ.സി. മേഴ്സി പോൾ ഒളരിക്കര ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ കാനോനിക സന്ദർശനം നടത്തി.

**14.07.2017 :** സി.എച്ച്.എഫ്. ചെമ്പൂക്കാവ് ഹോളി ഫാമിലി പ്ലസ് ടു കെട്ടിടം

പുതുതായി പണിതീർത്തതിന്റെ വെഞ്ചിരിപ്പുകർമ്മത്തിൽ സി. പ്രൊവിൻഷ്യലും കൗൺസിലേഴ്സും പങ്കെടുത്തു.

**19.07.2017 :** സി.എം.സി. ഇന്നുമുതൽ CMC Corporate Education ന്റെ നേതൃത്വത്തിൽ Provincial level visit ആരംഭിച്ചു.

സി.എച്ച്.എഫ്. പ്രൊവിൻഷ്യൽ റവ. സി. മേഴ്സി പോൾ മുക്കാട്ടുകര ബെത്‌ലഹേം കോൺവെന്റിൽ കാനോനിക സന്ദർശനം നടത്തി.

**22.07.2017 :** എഫ്.സി.സി. 2017 ജൂലൈ 28-ാം തീയതി മുതൽ 30-ാം തീയതി വരെ ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസ് അസ്സീസിയിൽ വെച്ച് നടന്നു. 29-ാം തീയതി ശനിയാഴ്ച 2 pm മുതൽ 4 pm വരെ നടന്ന മീറ്റിംഗിൽ ലോക്കൽ സെക്രട്ടറിമാരും സംബന്ധിച്ചു

**24.07.2017 :** എസ്.എ.ബി.എസ്. ജർമ്മനി, റോം, നേപ്പിൾസ് എന്നീ ഭവനസമൂഹങ്ങളിലെ ഔദ്യോഗിക സന്ദർശനം കഴിഞ്ഞ് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര തിരിച്ചെത്തി.

**28.07.2017 :** എസ് എ.ബി.എസ്. ജനറലേറ്റ് സെനക്കിളിൽ നടന്ന മൂന്നു ദിവസത്തെ ഡിറക്ട്രസസ്സ് കോഴ്സിൽ പ്രോവിൻസിലെ ഡിറക്ടേഴ്സ് സി. ജിൻസ ആൻ കണ്ണംപടത്തി, സി. റോസ് മേരി പ്ലാക്കൽ, സി. ജെസ്‌ലിൻ റോസ് ബ്രഹ്മകുളത്ത് എന്നിവരും പ്രൊവിൻഷ്യൽ വൊക്കേഷൻ കോ-ഓഡിനേറ്റർ സി. വിനയ തച്ചിലും പങ്കെടുത്തു.

**29.07.2017 :** സി.എസ്.എം. കോൺഗ്രിഷേന്റെ മദ്ധ്യസ്ഥയായ വി.മർത്തായുടെ തിരുന്നാളും പ്രൊവിൻഷ്യൽ സുപ്പീരിയർ ബ.സി.ബിയാട്രീസിന്റെ നാമഹേതുകതിരുന്നാളും പ്രോവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു. വിശുദ്ധബലി മദ്ധ്യേ എല്ലാ സിസ്റേറഴ്സും വ്രതനവീകരണം നടത്തി.

## ആദരാഞ്ജലികൾ



**03.07.2017** : സി.എച്ച്.എഫ്. ഒളരിക്കര ഹോളി ഫാമിലി കോൺവെന്റ് അംഗമായ സി. എത്തൽബർട്ട് സി.എച്ച്.എഫ്. (90 വയസ്സ്) നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്ക്കാര ശുശ്രൂഷ ഒളരിക്കര ഹോളി ഫാമിലി കോൺവെന്റ് കപ്പേളയിൽ നടത്തി.



**15.07.2017** : സി.എച്ച്.എഫ്. അരണാട്ടുകര ഇൻഫന്റ് ജീസസ് കോൺവെന്റ് അംഗമായ സി. മേരി ട്രീസ സി. എച്ച്.എഫ്. (89 വയസ്സ്) നിര്യാതയായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്ക്കാര ശുശ്രൂഷ ഒളരിക്കര പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ നടത്തി.

**സി. ജോസഫൈൻ പാലത്തിങ്കൽ SABS**

സി. ആർ. ഐ. സെക്രട്ടറി



# പാലയൂർ മാർതോമ അതിരൂപത തീർത്ഥകേന്ദ്രം

**1. വി. കുർബ്ബാനയും തിരുകർമ്മങ്ങളും സമയവിവരം :**

എല്ലാ ദിവസവും – രാവിലെ 6.30 ന്

ചൊവ്വ, ശനി, ഞായർ വൈകീട്ട് 5.30 ന് വി.കുർബ്ബാന

ഞായർ – രാവിലെ 10.30 ന്

ചൊവ്വ – ഉച്ചയ്ക്ക് 12.15 നും

**മാർ തോമാ നൊവേന, തിരുശേഷിപ്പ് വണക്കം, നേർച്ച – തിരുകർമ്മങ്ങൾ :** ചൊവ്വ രാവിലെയും വൈകീട്ടും കുർബ്ബാനയോടുകൂടിയും, കൂടാതെ, 10.00 മണിക്കും 3.30 നും ചൊവ്വാഴ്ചയാചരണത്തോടുകൂടിയും, ശനി വൈകീട്ട് കുർബ്ബാനയോടുകൂടിയും, മുപ്പിട്ടു ഞായറാഴ്ച എല്ലാ കുർബ്ബാനയോടുകൂടിയും

**2. മാർതോമാചൊവ്വാഴ്ച ആചരണം :** സെപ്തംബർ 5, 12, 19, 26 തിയ്യതികളിൽ രാവിലെ 10.00 മുതൽ 3.30 വരെ – നൊവേന, വചനപ്രഘോഷണം, ആരാധന, മധ്യസ്ഥപ്രാർത്ഥന, കൗൺസലിങ്ങ്, കുമ്പസാരം, സാക്ഷ്യങ്ങൾ, വി. കുർബ്ബാന, ഉച്ചഭക്ഷണം

**3. മുപ്പിട്ട് ഞായർ തിരുനാളും (17 ന് ഞായറാഴ്ച) ദണ്ഡവിമോചനവും :** സെപ്തംബർ 16–ാം തിയ്യതി വൈകീട്ട് 5.00 ന് ദണ്ഡവിമോചന നവീകരണ ശുശ്രൂഷ മുതൽ 17–ാം തിയ്യതി രാത്രി വരെ വിശ്വാസകവാടത്തിങ്കൽ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. 6.30 ന് വി.കുർബ്ബാന, നൊവേന, പ്രദക്ഷിണം, നേർച്ചഭക്ഷണം, തിരുശേഷിപ്പുവണക്കം, സമർപ്പണം. 10.30 ന് വി. കുർബ്ബാന, നൊവേന, തിരുശേഷിപ്പുവണക്കം, നേർച്ച 3.00 ന് തളിയകുളത്തിൽ ആഘോഷമായ മാമ്മോദീസ, പ്രദക്ഷിണം, വി.കുർബ്ബാന, നൊവേന, തിരുശേഷിപ്പുവണക്കം, നേർച്ച. ഉച്ചകഴിഞ്ഞ് 5.30 ന് വി. കുർബ്ബാന, നൊവേന, തിരുശേഷിപ്പുവണക്കം, നേർച്ച.

**4. തീർത്ഥകേന്ദ്രത്തിൽ വി. കുർബ്ബാനയർപ്പിക്കാം :** തീർത്ഥകേന്ദ്രത്തിൽ വി. കുർബ്ബാന ഇല്ലാത്ത സമയങ്ങളിൽ എത്തിചേരുമ്പോൾ, വൈദീകരോടുകൂടി

എത്തുന്ന തീർത്ഥാടക സംഘങ്ങൾക്ക്, തീർത്ഥകേന്ദ്രത്തിൽ വി. കുർബ്ബാന അർപ്പിക്കുന്നതിന് സൗകര്യപ്പെടുത്തുന്നതാണ്.

5. തീർത്ഥകേന്ദ്രത്തിൽ വി.കുർബ്ബാനയ്ക്കോ തിരുകർമ്മങ്ങൾക്കോ മറ്റു പരിപാടികൾക്കോ വേണ്ടി പണമടയ്ക്കുന്നവർ നിയോഗം കൂടി അറിയിക്കുന്നത് നല്ലതാണ്. അതിനുപുറമെ, പ്രാർത്ഥനാനിയോഗങ്ങൾ അറിയിക്കുന്നവർ-0487 2556418 നമ്പറിൽ മാത്രമേ അറിയിക്കേണ്ടതുള്ളൂ. ചൊവ്വാഴ്ചകളിൽ മുഴുവൻ സമയവും മറ്റു ദിവസങ്ങളിൽ കുറച്ചുസമയം വീതവും മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നുണ്ട്.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
റെക്ടർ/വികാരി

# അതിരൂപത നിത്യാരാധന കേന്ദ്രം

അതിരൂപത നിത്യാരാധന കേന്ദ്രത്തിന്റെ 30-ാം വാർഷികാഘോഷങ്ങൾ സെപ്തംബർ 6, 7, 8 (ബുധൻ, വ്യാഴം, വെള്ളി) ദിവസങ്ങളിലാണ് ആഘോഷി ക്കുന്നത്. ഈ ദിവസത്തെ പരിപാടികൾ താഴെ കൊടുക്കുന്നു.

**സെപ്തംബർ 6,7 (ബുധൻ, വ്യാഴം)**

8.30 am - 10.30 am ആരാധന (സങ്കീർത്തനാലാപനം)
10.30 am - 04.30 pm ആരാധന (യൂണിറ്റ് തലത്തിൽ)

**സെപ്തംബർ 6 (ബുധൻ)**

05.30 pm - 06.30 pm വി. കുർബ്ബാന (അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവ്)

**സെപ്തംബർ 7 (വ്യാഴം)**

05.30 pm-06.30 pm വി. കുർബ്ബാന (അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ്)
06.30 pm-09.00 pm ആരാധന (മ്യൂസിക് ഡിറക്ടർ അൽഫോൻസ് & ടീം)

**സെപ്തംബർ 8, വെള്ളി**

11.00 am - 12.00 pm പൊതുആരാധന
04.00 pm - 05.00 am പൊതുആരാധന
05.30 pm - 06.30 am വി. കുർബ്ബാന (അഭിവന്ദ്യ മാർ പാസ്റ്റർ നീലങ്കാവിൽ പിതാവ്)
06.30 pm ദിവ്യകാരുണ്യപ്രദക്ഷിണം - പള്ളി കോമ്പൗണ്ടിൽ (അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്)
07.30 pm പരി. കുർബ്ബാനയുടെ ആശീർവ്വാദം
07.45 pm വി. കുർബ്ബാന (അഭിവന്ദ്യ മാർ ജോയ് ആലപ്പാട്ട് പിതാവ്)

**ഫാ. ജോർജ്ജ് എടക്കളത്തൂർ**
റെക്ടർ, ബസിലിക്ക

# മതബോധനകേന്ദ്രം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റം പ്രിയ കുട്ടികളേ,

ഓണപരീക്ഷയെല്ലാം എളുപ്പമായിരുന്നെന്നും അവധിദിനങ്ങൾ ഏറ്റവും ഉപകാരപ്രദമായി വിനിയോഗിക്കാൻ സാധിച്ചു എന്നും കരുതട്ടെ. ഈ മാസത്തെ കത്തിൽ അസംബ്ലിയെ കുറിച്ച് നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്താണ് അസംബ്ലി?

നമ്മുടെ നാട്ടിൽ പുരാതന കാലംമുതലേ ഉപയോഗിച്ചിരുന്ന പള്ളിയോഗത്തിനാണ് അസംബ്ലി എന്ന് പറഞ്ഞിരുന്നത്. മൂന്നു തരത്തിലുള്ള യോഗങ്ങളുണ്ട്. ആദ്യനൂറ്റാണ്ടു മുതൽ നമ്മുടെ മാർതോമാ ക്രിസ്ത്യാനികളുടെ ഇടയിൽ (സീറോ മലബാർ) സഭായോഗം അഥവാ സമുദായയോഗം, ദേശീയ യോഗം, ഇടവകയോഗം എന്നീ മൂന്നുതരം യോഗങ്ങൾ നിലനിന്നിരുന്നു. സഭായോഗമെന്നത് എല്ലാ പള്ളികളിലും നിന്നുള്ള വൈദികരും അത്മായരും അടങ്ങുന്ന പ്രതിനിധികൾ സമുദായ നേതാവായിരുന്ന അർക്കദിയോക്കോന്റെ നേതൃത്വത്തിൽ കൂടുന്നതാണ്. ഇന്ന് അതിന്റെ ആധുനിക രൂപം മേജർ ആർച്ച്ബിഷപ്പിന്റെ നേതൃത്വത്തിൽ ഏകദേശം 5 വർഷത്തിലൊരിക്കൽ നടക്കുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയാണ്,

പണ്ടുകാലത്ത് വിവിധ മേഖലകളിൽ നടന്നിരുന്ന ദേശീയ യോഗത്തിന്റെ ആധുനികരൂപമാണ് രൂപതാഅസംബ്ലി. ഇടവകയിൽ നടക്കുന്നതാണ് പള്ളിയോഗം. അതിൽ ഇടവകവൈദികരും കുടുംബനാഥന്മാരുമാണ് പങ്കെടുക്കുന്നത്.

ഇന്ന് പള്ളിയോഗങ്ങൾക്ക് രണ്ട് രൂപങ്ങളുണ്ട്. പൊതുയോഗം – എല്ലാ കുടുംബനാഥന്മാരുമാണ് ഇതിലെ അംഗങ്ങൾ. പിന്നെ പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുള്ള പ്രതിനിധിയോഗവും. ഈ യോഗങ്ങളുടെയെല്ലാം ലക്ഷ്യം സഭയുടെ/രൂപതയുടെ/ഇടവകയുടെ ആത്മീയവും സഭാപരവും ഭൗതികവുമായ കൂട്ടായ്മയ്ക്കും വളർച്ചയ്ക്കും ആവശ്യമായ നയരൂപീകരണവും തീരുമാനങ്ങളും സ്വീകരിക്കുക എന്നതാണ്.

**രൂപതാ അസംബ്ലിയും ഇടവക അസംബ്ലിയും**

തൃശ്ശൂർ അതിരൂപതയുടെ അതിരൂപതാ അസംബ്ലിക്ക് ഒരുക്കമായിട്ടാണ് നമ്മൾ ഒരു സർവ്വേ നടത്തിയത്. ഇതിന്റെ ആരംഭഘട്ടത്തിൽ ഇടവകപ്രതിനിധികൾ ഫൊറോനതലത്തിൽ സർവ്വേക്കു വേണ്ട വിഷയം മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയുണ്ടായി. 'ക്രൈസ്തവകുടുംബം വിശ്വാസസാക്ഷികളാകാൻ' എന്നതാണ് വിവിധ ചർച്ചകൾക്കൊടുവിൽ തെരഞ്ഞെടുത്ത വിഷയം. ഈ വിഷയത്തെ കുറിച്ച് നിങ്ങളുടെ അഭിപ്രായമറിയാനാണ് എല്ലാ കുടുംബങ്ങളിലേക്കും സർവ്വേഫോമുകൾ അയച്ചതും, നിങ്ങൾ അത് പൂരിപ്പിച്ചു തന്നതും.

ഈ സർവ്വേഫലങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ കുടുംബങ്ങളുടെ ഇന്നത്തെ അവസ്ഥയെകുറിച്ചും വിശ്വാസകൈമാറ്റത്തെ പറ്റിയും വിലയിരുത്താനും കർമ്മപരിപാടികൾ ആവിഷ്കരിക്കാനുമാണ് അതിരൂപതാ അസംബ്ലി നടക്കുന്നത്. അതിന് ഒരുക്കമായിട്ടുള്ള അസംബ്ലികളാണ് ഇടവക അസംബ്ലി, സന്യാസഅസംബ്ലി, വൈദിക അസംബ്ലി, യുവജനഅസംബ്ലി തുടങ്ങിയവ. നേരത്തേ സൂചിപ്പിച്ചതുപോലെ അതിരൂപതാ അസംബ്ലിക്ക് ഒരുക്കമായിട്ടുള്ള ഇടവക അസംബ്ലിയിൽ "ഇടവകയിലെ കുടുംബങ്ങളും വിശ്വാസജീവിതവും" എങ്ങനെയാണെന്ന് സമഗ്രമായി പഠനങ്ങൾ നടത്തണം. കുട്ടികളുടെ വിശ്വാസജീവിതം പ്രത്യേക പഠനവിഷയമാക്കണം. അതുകൊണ്ട് ഇടവക അസംബ്ലി നടക്കുന്ന അവസരങ്ങളിൽ മതബോധന ക്ലാസ്സുകളിലും കുട്ടികൂട്ടായ്മകളിലും നിന്നു വരുന്ന " ക്രൈസ്തവകുടുംബം വിശ്വാസസാക്ഷികളാകാൻ" എന്ന വിഷയത്തെപറ്റിയുള്ള അഭിപ്രായങ്ങൾ നിങ്ങളുടെ ഇടവക പ്രതിനിധികളെ അറിയിക്കണം.

അസംബ്ലിയുടെ വിജയത്തിന് നിങ്ങൾ നന്നായി പ്രാർത്ഥിക്കണം. അസംബ്ലിയെ പറ്റിയുള്ള നിങ്ങളുടെ സംശയങ്ങൾ വികാരിയച്ചൻ, മതാധ്യാപകർ എന്നിവരോട് ചോദിച്ച് മനസ്സിലാക്കണം. കാരണം സഭയുടെ പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിപ്രായവും പ്രധാനപ്പെട്ടതാണ്. പരിശുദ്ധാത്മാവ് നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെയും നയിക്കട്ടെ. പരി. അമ്മയുടെ മധ്യസ്ഥതയിൽ ഈശോ നിങ്ങളെയും കുടുംബങ്ങളെയും അനുഗ്രഹിക്കട്ടെ.

**ചോദ്യങ്ങൾ**

1. പുരാതനകാലത്തെ മാർതോമാ ക്രിസ്ത്യാനികളുടെ യോഗങ്ങൾ ഏതെല്ലാം?
2. ഇന്ന് സീറോ മലബാർ സഭയിൽ കാണുന്ന മൂന്നുതരം യോഗങ്ങളെ നിങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു?
3. ഇടവകയിലെ പള്ളിയോഗങ്ങളുടെ രണ്ട് രൂപങ്ങൾ ഏതെല്ലാം?
4. അതിരൂപതാ അസംബ്ലിയുടെ വിഷയമെന്ത്?

നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

പ്രിയമുള്ള മതാധ്യാപകരെ,

പരി. കന്യകാമറിയത്തിന്റെ ജനനത്തിരുന്നാളും അതിനൊരുക്കമായി എട്ടുനോമ്പും എടുക്കുന്ന മാസമാണല്ലോ സെപ്റ്റംബർ . അടുത്തമാസം നടക്കുന്ന അർദ്ധവാർഷിക പരീക്ഷകളെ മുന്നിൽക്കണ്ട്, പഠനം അവസാന നിമിഷത്തേക്ക് നീട്ടിവയ്ക്കാതെ, നന്നായി പഠിച്ചുകൊണ്ട് പരീക്ഷകൾക്കുള്ള ഒരുക്കം വിദ്യാർത്ഥികൾ ആരംഭിക്കേണ്ട സമയമാണ്. അധ്യാപകരും മാതാപിതാക്കളും ഇക്കാര്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കണം. ദൈവേഷ്ടം സ്വാതന്ത്ര്യവും ഉത്തരവാദിത്വവുമായി കണ്ട പരി. അമ്മയുടെ ജനനത്തിരുനാൾ, വിശ്വാസപരിശീലനം ഉത്തരവാദിത്വബോധത്തോടെ നിർവ്വഹിക്കാൻ ഏവർക്കും അനുഗ്രഹപ്രദമാകട്ടെ.

**1. കമ്പ്യൂട്ടർ പ്രോഗ്രാം ഉപയോഗം**

യൂണിറ്റുകളിലും കേന്ദ്രത്തിലും മതബോധന ഓഫീസ് സംബന്ധമായ കാര്യങ്ങൾ ചെയ്യുന്നതിന് പുതിയ സോഫ്റ്റ് വെയർ ഉപയോഗിച്ചുതുടങ്ങിയത് അറിഞ്ഞിരിക്കുമല്ലോ. വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും അഡ്മിഷൻ, സർവ്വീസ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, രജിസ്റ്റർ നമ്പർ നൽകൽ, ചോദ്യപ്പേപ്പറുകളുടെ വിതരണം, മാർക്കുകൾ രേഖപ്പെടുത്തൽ, സർട്ടിഫിക്കറ്റുകൾ തയ്യാറാക്കൽ, തുടങ്ങി എല്ലാകാര്യങ്ങളും ഇനി മുതൽ ഈ സോഫ്റ്റ് വെയർ വഴിയാണ് നിർവ്വഹിക്കുന്നത്. ഇനിയും സോഫ്റ്റ് വെയറിലേക്കുള്ള വിവരങ്ങൾ പൂർത്തീകരിച്ച് നൽകാത്ത യൂണിറ്റുകൾ സെപ്റ്റംബർ 20 ന് മുമ്പ് തന്നെ പൂർത്തീകരിക്കേണ്ടതാണ്.

**2. ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസ്**

തിയ്യതി : ഒക്ടോബർ 1
ദിവസം : ഞായർ
സമയം : 02.30 PM
സ്ഥലം : മതബോധനകേന്ദ്രം, ഡി. ബി. സി. എൽ. സി., തൃശ്ശൂർ

എല്ലാ ഹെഡ്മാസ്റ്റർമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും എത്തേണ്ടതാണ്. പ്രാതിനിധ്യം ഇല്ലാതെ വരരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**3. ഞായർ വേദോപദേശം അർദ്ധവാർഷിക പരീക്ഷകൾ 02.00 pm 04.00pm**

2017 ഒക്ടോബർ 8 : Stds. I, III, V, VII, IX, XI
2017 ഒക്ടോബർ 15 : Stds. II, IV, VI, VIII, X, XII, ACC

പരീക്ഷകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ ഞായറാഴ്ച മതബോധന വാർഷിക പ്രോഗ്രാം പുസ്തകത്തിൽ നൽകിയിരിക്കുന്നത് കൃത്യമായും പാലിക്കേണ്ടതാണ്. മതാധ്യാപകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. മതബോധന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക-വാർഷിക പരീക്ഷകൾക്ക് അതിരൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും നല്കുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. അർദ്ധവാർഷിക പരീക്ഷകളുടെ ഉത്തരകടലാസ് പരിശോധന വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും നേതൃത്വത്തിൽ ഒരു നിശ്ചിത ദിവസം എല്ലാ അധ്യാപകരും ഒന്നുചേർന്ന് നടത്തേണ്ടതാണ്. അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ ഉത്തരസൂചിക ഒക്ടോബർ 16-ന് ശേഷം മതബോധനകേന്ദ്രത്തിന്റെ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. മതബോധന വിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്. ഓരോ ക്ലാസ്സിലെയും മാർക്ക് ലിസ്റ്റിന്റെ കോപ്പി ഒക്ടോബർ 30-നുമുമ്പ് അതിരൂപതാമതബോധനകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതുമാണ്.

**4. സ്കൂൾ വേദോപദേശം & മോറൽ സയൻസ് അർദ്ധവാർഷിക പരീക്ഷകൾ**

തിയ്യതി : സെപ്റ്റംബർ 22 വെള്ളി
രാവിലെ : Stds. I, III, V, VII, IX, XI
ഉച്ചക്കുശേഷം : Stds. II, IV, VI, VIII, X, XII

ചോദ്യപേപ്പർ പാക്കറ്റുകൾ സെപ്റ്റംബർ 18-ാം തിയ്യതി മുതൽ മതബോധന കേന്ദ്രത്തിൽ നിന്നും കൊണ്ടുപോകാവുന്നതാണ്.

**5. പ്രോഗ്രസ്സ് റിപ്പോർട്ട്**

കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോഗ്രസ്സ് റിപ്പോർട്ട് ഫോമുകൾ മതബോധന ബുക്ക് സ്റ്റാളിൽ നിന്നും വാങ്ങാവുന്നതാണ്.

**6. 12–ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കുള്ള ഏകദിന സെമിനാർ** (വാർഷിക പ്രോഗ്രാം പേജ് 47 കാണുക )

വിഷയം: ***വിശ്വാസപരിശീലനം കുടുംബങ്ങളിൽ***

യൂണിറ്റ്/ ഇടവക അടിസ്ഥാനത്തിലാണ് സെമിനാർ നടത്തേണ്ടത്. നിശ്ചിത വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുക്കുന്നതിനുള്ള റിസോഴ്സ് ടീമിന്റെ പരിശീലനത്തിൽ പങ്കെടുത്ത അധ്യാപകരുടെ ലിസ്റ്റ് ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതിൽ നിന്നും ആവശ്യമനുസരിച്ച് അധ്യാപകരെ നേരത്തെ ബുക്ക് ചെയ്യുന്നത് സൗകര്യപ്രദമായിരിക്കും. അധ്യാപകരെ ബുക്ക് ചെയ്യുവാൻ മതബോധനകേന്ദ്രവുമായി ബന്ധപ്പെടേണ്ടതില്ല; നേരിട്ട് ചെയ്യാവുന്നതാണ്. സെമിനാർ സമയത്ത് നോട്ട്സ് എഴുതാൻ കൂടി കുട്ടികളെ ഒരുക്കുമല്ലോ.

**7. സീറോ മലബാർ മതബോധന കമ്മീഷൻ പ്രതിഭാസംഗമം 2017 Stds. VII & XII**

പ്രതിഭാസംഗമത്തിൽ പങ്കെടുക്കാനുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള പരിശീലനക്യാമ്പിലേക്ക് പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം, ഇടവകകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്. അതനുസരിച്ച് കുട്ടികളെ പറഞ്ഞയയ്ക്കുമല്ലോ. രാവിലെ 9 മണിക്ക് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 4.30 നു അവസാനിക്കും. അവർക്കുവേണ്ടി ഇവിടെ ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്. ഇവിടെ പങ്കെടുക്കുന്ന കുട്ടികൾക്ക് യൂണിറ്റിൽ ഹാജർ നൽകേണ്ടതാണ്.

**8. Archdiocesan Catechetical Merit Day & ACC Convocation**

2017 ആഗസ്റ്റ് 15ന് ACC Convocation & Merit Day സംയുക്തമായി നടത്തി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നല്കുകയും ചെയ്തു.

**9. Full Attendance Std. I - ACC (15 years)**



**Anitta Simon**
Kottekad

**Fredy C. Thomas**
Palayur



## 10. Std. XII വിദ്യാർത്ഥികളുടെ ബയോഡാറ്റ

ഈ വർഷം **Std. XII** ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കൃത്യമായ ബയോഡാറ്റായും ഫോട്ടോയും മതബോധന കേന്ദ്രത്തിൽ ലഭിക്കണം.

പുതിയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന യൂണിറ്റുകൾ ചെയ്യേണ്ടത്:

1. സോഫ്റ്റ് വെയറിൽ നൽകിയിട്ടുള്ള, വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)
2. വിദ്യാർത്ഥികളുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ **50 K. B** യിൽ കൂടാത്ത വിധം ആണ് അപ്‌ലോഡ് ചെയ്യേണ്ടത്.)
3. ഈ രണ്ടു കാര്യങ്ങളും ചെയ്തശേഷം സോഫ്റ്റ് വെയറിൽ നിന്നും **Std. XII** ലെ Students List Report എടുത്ത് അതിന്റെ PDF Copy മതബോധന കേന്ദ്രത്തിലേക്ക് മെയിൽ ചെയ്യുക. (യൂണിറ്റിൽ നിന്നും മേൽപറഞ്ഞ കാര്യങ്ങൾ പൂർത്തീകരിച്ചാലേ, തുടർജോലികൾ മതബോധനകേന്ദ്രത്തിൽ പൂർത്തീകരിക്കാൻ സാധിക്കൂ. അതിന് ഈ PDF File ആവശ്യമാണ്).

## 11. ACC വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ

രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ചത് ഒക്ടോബർ 31 ന് മുമ്പ് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. പേരുകൾ S. S. L. C. ബുക്കിലേത് തന്നെയാകണം. Spelling പ്രത്യേകം ശ്രദ്ധിക്കണം.

## 12. തൃശ്ശൂർ അതിരൂപതാ മതബോധന P. T. A. രജത ജൂബിലി ആഘോഷം

മതബോധന P. T. A. അതിരൂപതാതലത്തിൽ സംഘടിതമായതിന്റെ രജത ജൂബിലി ആഘോഷം ലളിതമനോഹരമായി 2017 ഓഗസ്റ്റ് 13 ഞായറാഴ്ച നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് 2 ന് എല്ലാ യൂണിറ്റിൽ നിന്നുമുള്ള ഭാരവാഹികളുടെ സമഗ്രസമ്മേളനം മതബോധനകേന്ദ്രത്തിൽ വെച്ച് നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ആയിരത്തോളം പേർ സംബന്ധിച്ചു. മതബോധന അസി. ഡയറക്ടർ ഫാ. ജിജോ കപ്പിലാംനിരപ്പേൽ പ്രദർശിപ്പിച്ച മതബോധനവും പി. ടി. എ. യും എന്ന ഹ്രസ്വാവലോകനം യോഗത്തിന് നല്ല തുടക്കമായി. പി.ടി.എ. അതിരൂപതാവൈസ്പ്രസിഡന്റ് അഡ്വ. ജോമി ജോസഫ് നയിച്ച പ്രാർത്ഥനയോടെ യോഗം സമാരംഭിച്ചു. മതബോധന ഡയറക്ടർ ഫാ. റാഫേൽ ആക്കാമറ്റത്തിൽ ഏവർക്കും സ്വാഗതമാശംസിച്ചു. മതബോധനവും പി.ടി.എ. യും എന്ന വിഷയത്തെ ആസ്പദമാക്കി ബിഷപ് മാർ റാഫേൽ തട്ടിൽ ക്ലാസ്സെടുത്തു. കുരി

യച്ചിറ ഇടവക പി. ടി. എ. നടത്തിയ ജൂബിലി ഡാൻസ് സമ്മേളനത്തിന് കലാതിലകം ചാർത്തി. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി അധ്യക്ഷപദം അലങ്കരിച്ചു. ജൂബിലി സമ്മേളനത്തിന് പ്രാരംഭമായി നടത്തിയ ഫൊറോന പി.ടി.എ. സമ്മേളനങ്ങളുടെ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് അതിരൂപതാ P.T.A. സെക്രട്ടറി ശ്രീ. ബിജു സി. വി. അവതരിപ്പിച്ചു. ജൂബിലി സമ്മേളനം അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. എല്ലാ മതബോധനയൂണിറ്റിലും ലൈബ്രറികൾ സമ്പുഷ്ടമാക്കുന്നതിനുവേണ്ടിയുള്ള ലൈബ്രറി പ്രോജക്ട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റജീന അവതരിപ്പിച്ചു. ബഹു. പോളച്ചൻ നായ്ക്കരക്കുടി തയ്യാറാക്കിയ *കത്തോലിക്കാസഭാ വിജ്ഞാനകോശം ക്വിസ്സിലൂടെ* എന്ന ഗ്രന്ഥം എല്ലാ യൂണിറ്റുകളിലേക്കും ജൂബിലി സമ്മാനമായി മതബോധനകേന്ദ്രം നല്കി. മതബോധന കമ്മീഷൻ സെക്രട്ടറി ശ്രീ. എ. എം. ജയ്സൻമാസ്റ്റർ ആശംസകൾ നേർന്നു.

അതിരൂപതാ P. T. A. യുടെ നാളിതുവരെയുള്ള 6 പ്രസിഡണ്ടുമാരെ അഭിവന്ദ്യപിതാവ് പൊന്നാട അണിയിച്ച് പ്രത്യേകം ആദരിച്ചു.

| | |
|---|---|
| 1. ജെ. എഫ്. പൊറത്തൂർ | ഒല്ലൂർ |
| 2. ദേവസ്സി ചെമ്മണ്ണൂർ | തിരൂർ |
| 3. ജോൺസൻ കാഞ്ഞിരത്തിങ്കൽ | അരണാട്ടുകര |
| 4. ബേബി മൂക്കൻ | ഒല്ലൂർ |
| 5. വറീത് തരകൻ | തിരൂർ |
| 6. സീജോ ചിറക്കേക്കാരൻ | കുരിയച്ചിറ |

കൂടാതെ, ഒന്നാം ക്ലാസ്സു മുതൽ A. C. C. വരെ (15വർഷം) മുടങ്ങാതെ മതബോധന ക്ലാസ്സുകളിൽ പങ്കെടുത്ത 2012 മുതലുള്ള 20 വിദ്യാർത്ഥികളുടെ മാതാപിതാക്കളെ ആദരിക്കുകയും അവർക്ക് മെമന്റോ നൽകുകയും ചെയ്തു.

അതിരൂപതാ P. T. A. യുടെ പ്രഥമ പ്രസിഡന്റ് ശ്രീ. ജെ. എഫ്. പൊറത്തൂർ മറുപടിപ്രസംഗം നടത്തി. P. T. A. അതിരൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി, മതബോധനകേന്ദ്രത്തിലെയും ഡിബിസിഎൽസിയിലെയും പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ സമ്മേളനം വിജയകരമായി നടത്തപ്പെട്ടു.

**Fr. Tens Kunnappilly**
**Fr. Jijo Kappilamnirappel**
(Asst. Directors)

**Fr. Raphael Akkamattathil**
(Director)

# INSTITUTE OF THEOLOGY
## TRICHUR

## Correspondence Theology Course:

രണ്ടു വർഷത്തെ കറസ്പോണ്ടൻസ് തിയോളജി കോഴ്സിന്റെ ഒരു പുതിയ ബാച്ച് കൂടി 2017 ജൂലൈ 23-ാം തിയ്യതി ആരംഭിച്ചിരിക്കുന്നു. മാസത്തിലെ രണ്ട്, നാല് ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും ക്ലാസ്സുകൾ. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ചെയർ ഫോർ ക്രിസ്റ്റ്യൻ സ്ററഡീസിന്റെ അംഗീകാരമുള്ള ഡിപ്ലോമ കോഴ്സാണിത്. പുതിയതായി വന്നുചേർന്ന 80 പേർക്കും തിയോളജി ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ പ്രത്യേക അഭിനന്ദനങ്ങൾ.

**അടുത്ത ക്ലാസ്സുകൾ :**കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ സെപ്ററംബർ 10, സെപ്ററംബർ 24 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെയായിരിക്കും.

## B. A. in Theology and Religious Studies:

തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം പൂർത്തിയാക്കി Leuven (ബെൽജിയം) കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്നും ഡിഗ്രികൾ സ്വന്തമാക്കിയ റവ. സി. നിവേദിത റോസ് എഫ്. സി. സി., ജോർജ്ജ് തോമസ് നെറ്റിക്കാടൻ, ഫ്രാൻസിസ് കെ. ചാണ്ടി, ജോസ് വടക്കേപീടിക എന്നിവർക്ക് അഭിനന്ദനങ്ങൾ !

ബി. എ. തിയോളജി വിദ്യാർത്ഥികൾക്ക് Development in Theology in the 20th Century എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സുകൾ നൽകിയ ലുവെയിനിലെ പ്രൊഫസർ Dr. Stephan van Erp ന് പ്രത്യേകം നന്ദി.

2017 ഓഗസ്റ്റ് 12 ന് മേരി മാതാ മേജർ സെമിനാരിയിൽ വച്ച് നടത്തിയ ഇന്റർനാഷണൽ സിംബോസിയത്തിൽ ബി. എ. തിയോളജി വിദ്യാർത്ഥികളെല്ലാം പങ്കെടുത്തു.

ആശംസകളോടെ,
**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

**മാസധ്യാനം (July 15)**

മാസധ്യാന വിചിന്തനങ്ങൾ നൽകിയത് എറണാകുളം-അങ്കമാലി അതിരൂപതയിലെ ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാരുടെ ആനിമേറ്ററായ ബഹു. ജസ്റ്റിൻ കൈപ്രംബാടൻ അച്ചനാണ്. തന്റെ പ്രഭാഷണത്തിലൂടെ ദൈവത്തിന്റെ അത്യുന്നത മഹത്വത്തെയും മനുഷ്യന്റെ ഇല്ലായ്മകളെയും വി. ഗ്രന്ഥത്തിലെ ചില വ്യക്തികളെ ഉദാഹരിച്ചു കൊണ്ട് ഞങ്ങൾക്ക് വ്യക്തമാക്കി തന്നു.

**Extension Lecture (July 25)**

സിമ്പോസിയത്തിന് ഒരുക്കമായി ഓരോ ബാച്ചുകാരും തങ്ങൾക്കു ലഭിച്ച വിഷയത്തെ ആസ്പദമാക്കി പഠനപ്രബന്ധങ്ങൾ അവതരിപ്പിച്ചുകൊണ്ടായിരിന്നു ഇത്തവണത്തെ Extension Lecture അരങ്ങേറിയത്. സെമിനാരി വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം തിരിച്ചറിയാനും പ്രകടിപ്പിക്കാനും ലഭിച്ച സുവർണ്ണാവസരമായിരിന്നു അത്.

**അഭിവന്ദ്യ പിതാവിന്റെ ഔദ്യോഗിക സെമിനാരി സന്ദർശനം (July 27)**

അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും സെമിനാരി പരിശീലനത്തിന്റെ ചുമതലയുള്ള വികാരി ജനറാളായ ബഹു. ജോർജ്ജ് കോമ്പാറ അച്ചനും ഒരു ദിവസം മുഴുവനും സെമിനാരിയിൽ ചിലവഴിച്ച് എല്ലാ സ്റ്റാഫ് അംഗങ്ങളെയും കാണുകയും നിർദ്ദേശങ്ങളും മറ്റും സ്വീകരിക്കുകയും ചെയ്തു. അന്നേ ദിവസം സ്റ്റാഫ് മീറ്റിങ്ങിൽ അദ്ധ്യക്ഷ്യം വഹിച്ച് സ്റ്റാഫ് അംഗങ്ങളുമായി പിതാവ് ആശയവിനിമയം നടത്തി. അടുത്ത ദിവസം വി. കുർബ്ബാന അർപ്പിച്ച് പൗരോഹിത്യത്തിന്റെ മഹത്വത്തെയും, കടമകളെയും കുറിച്ച്, പ്രബോധിപ്പിച്ചു. പരിശീലനം കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ കൈകൊള്ളണമെന്ന് ഏവരേയും പിതാവ് ഓർമിപ്പിച്ചു.

**മാർ ഇവാനിയോസ് ഡെ (July 29)**

സെമിനാരിയിൽ മാർ ഇവാനിയോസ് ദിനമായി ആചരിച്ച ജൂലൈ 29-ാം

തിയ്യതി വി. കുർബ്ബാനയ്ക്ക് നേതൃത്വം നൽകിയത് തിരുവല്ല അതിരൂപതാദ്ധ്യക്ഷനായ മാർ കുറിലോസ് പിതാവായിരിന്നു. മാർ ഇവാനിയോസ് പിതാവിന്റെ വിശുദ്ധ ജീവിതം, ആദർശങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ വചനസന്ദേശത്തിൽ ഊന്നി പറഞ്ഞു. ആലസ്യത്തിൽ നിന്ന് ഉണരേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്ന് പിതാവ് എല്ലാവരെയും ഓർമിപ്പിച്ചു.

**വിയാനി ഡെ (August 4)**

ആഗസ്റ്റ് 3-ാം തിയ്യതി ബഹു. ജോർജ്ജ് മാനാടനച്ചന്റെ നേതൃത്വത്തിൽ വേസ്പരയോട് കൂടി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തദവസരത്തിൽ സന്ദേശം നൽകിയത് മുളയം ഇടവക വികാരി ബഹു. ജിക്സൻ താഴത്തച്ചനായിരിന്നു. തിരുനാൾ ദിനമായ ആഗസ്റ്റ് 4 ന് സെമിനാരിയുടെ മുൻ റെക്ടർ ബഹു. ബാബു പാണാട്ടുപറമ്പിലച്ചൻ ആഘോഷമായ വി. ബലിയർപ്പിച്ച് വചന സന്ദേശം നൽകി. അന്നേ ദിവസം വൈകുന്നേരം ആദ്യവർഷ തത്വശാസ്ത്ര-ദൈവശാസ്ത്ര വിദ്യാർത്ഥികൾ അവതരിപ്പിച്ച കൾച്ചറൽ പ്രോഗ്രാം ഉണ്ടായിരുന്നു. മനോഹരമായ കലാപരിപാടികളെ വിലയിരുത്തി സംസാരിച്ച ബഹു. ആന്റണി കുരുതുകുളങ്ങര അച്ചൻ പരിപാടികളിൽ പങ്കെടുത്തവരെയും അതിന് നേതൃത്വം നൽകിയവരെയും അഭിനന്ദിക്കുകയും അവരോടുള്ള സെമിനാരി കുടുംബത്തിന്റെ നന്ദി അറിയിക്കുകയും ചെയ്തു.

**ബെനഫാക്ടേഴ്സ് ഡെ (August 5)**

രാവിലെ 9.30 ന് ഉപകാരികൾ സെമിനാരിയിൽ എത്തിച്ചേർന്നു. 10 മണിക്ക് ബഹു. വർഗീസ് ഞാളിയത്തച്ചൻ വി. ബലി മദ്ധ്യേ വചനസന്ദശം നൽകി. തുടർന്ന് നടന്ന കൂട്ടായ്മയിൽ അദ്ധ്യക്ഷ പദം അലങ്കരിച്ചത് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവാണ്. ബഹു. ജോർജ്ജ് കോമ്പാറയച്ചൻ അനുഗ്രഹ പ്രഭാഷണം നടത്തി. സൗഹൃദം പങ്കുവച്ചും നിർദ്ദേശങ്ങൾ നൽകുകയും ഉപകാരികൾ സെമിനാരി കുടുംബത്തോടുള്ള സ്നേഹവും കരുതലും പ്രകടമാക്കിയ സവിശേഷ ദിനമായിരിന്നു അന്ന്.

**Home Day Inaguration (August 7)**

വൈകുന്നേരം 8.30 ന് ഈ വർഷത്തെ മത്സരങ്ങളുടെ ഉദ്ഘാടന പരിപാടികൾ ആരംഭിച്ചു. ബഹു. C.P. മാത്യു സാർ ആയിരുന്നു ഉദ്ഘാടന കർമ്മം നിർവഹിച്ചത്. ഈ കാലത്തും എങ്ങനെ ഉറച്ച മനസിനും ശരീരത്തിനും ഉടമകളാകാമെന്ന് അദ്ദേഹം വിശദീകരിച്ചു. Home Day സംഘാടനസമിതി ഏറെ ആകർഷണീയമായാണ് ഉദ്ഘാടന ചടങ്ങ് സംഘടിപ്പിച്ചത്.

**സിംബോസിയം (August 11,12)**

മേരിമാതാ എൻകൗണ്ടർ ഓഫ് പാസ്റ്റർ ചലസ് (MEPC) പത്താമത് ദൈവ

ശാസ്ത്ര പഠനശിബിരം നടന്നു. ഭാരതത്തിലെ രാഷ്ട്രീയ സാഹചര്യങ്ങളും ദൈവശാസ്ത്ര വിചിന്തനങ്ങളും സംവദിക്കുമ്പോൾ എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സിമ്പോസിയം നടത്തപ്പെട്ടത്. ഇന്നത്തെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിൽ ഊന്നിക്കൊണ്ടുള്ള ദൈവശാസ്ത്ര പഠനവും അജപാലന പ്രത്യുത്തരവും സിമ്പോസിയത്തിന്റെ ചർച്ചാ വിഷയമായിരിന്നു. ആദ്യദിനം പണ്ഡിത സമ്മേളനമായിരുന്നു. അന്നേ ദിവസം ലുവെയ്ൻ യൂണിവേഴ്സിറ്റിയുടെ ദൈവശാസ്ത്ര വിഭാഗ തലവൻ മത്തെയിസ് ലാബ്റിറ്റിസ് ഉദ്ഘാടനം ചെയ്യുകയും പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ വ്യത്യസ്ത മേഖലയിലെ വിദഗ്ദരായ ദൈവശാസ്ത്രജ്ഞർ വിവിധങ്ങളായ വിഷയങ്ങളെ ആസ്പദമാക്കി പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അവസാന ദിവസം മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സന്ദേശത്തോടെ സിമ്പോസിയം അവസാനിച്ചു.

## ബേഴ്സ് സ്ഥാപിച്ചവർ

**Individual Patron Membership**

ശ്രീ. വിൻസെന്റ് എ. എം. ആളൂർ ഹൗസ്, ചിയ്യാരം

**Individual Benefactors Membership**

1. ശ്രീ. ചന്ദ്രപിള്ള അമ്പലത്തുങ്കൽ & റോസ് അമ്പലത്തുങ്കൽ, USA
2. ശ്രീ. എം. പി. മാത്യു, മണ്ടുംപാല ഹൗസ്, തൃശൂർ
3. ശ്രീ. എം.ജെ. പോളി, മാളിയേക്കൽ ഹൗസ്, ഒല്ലൂർ
4. ശ്രീമതി ലില്ലി W/o. എൻ.ഒ. ജോർജ്ജ്, നീലങ്കാവിൽ ഹൗസ്, പേരാമംഗലം
5. ശ്രീമതി മരിയ ഫ്ളോറൻസ്, കൊള്ളന്നൂർ ഹൗസ്, മണ്ണുത്തി

**Individual Well Wisher Membership**

1. ശ്രീമതി ലില്ലി W/o. ജേക്കബ്, ആലുക്കൽ ഹൗസ്, ചെവ്വൂർ
2. ശ്രീമതി ഷീജ ജോസഫ്, വടാശ്ശേരി ഹൗസ്, മുംബൈ
3. ശ്രീ. ജോസഫ്, വടാശ്ശേരി ഹൗസ്, മുംബൈ
4. ശ്രീ. ഗിറ്റോ തോമസ്, കുരുതുകുളങ്ങര കൂള ഹൗസ്, വെണ്ടോർ
5. ശ്രീ. കെ. എം. ജോസൻ, കാക്കശ്ശേരി ഹൗസ്, മറ്റം
6. റവ. സിസ്റ്റർ സുപ്പീരിയർ ജനറൽ, കൃപാഭവൻ ജനറലേറ്റ്, മണ്ണംപേട്ട

**ഫാ. ടോണി നീലങ്കാവിൽ**

റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**1. വിനോദയാത്ര**

സെമിനാരിയിലെ വിദ്യാർത്ഥികൾ ജൂലൈ 22 ന് വിവിധ ഗ്രൂപ്പുകളിലായി തൃശൂർ ജില്ലയിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് ഉല്ലാസയാത്ര നടത്തി.

**2. അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂലൈ 25-ാം തിയ്യതി വി. യാക്കോബ് ശ്ലീഹയുടെ നാമം പേറുന്ന അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് സെമിനാരി കുടുംബം തിരുന്നാൾ ആശംസകൾ നേർന്നു. അഭിവന്ദ്യ തൂങ്കുഴി പിതാവ് വിശുദ്ധ ബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**3. അതിരൂപത വൈദിക കൂട്ടായ്മ**

തൃശൂർ അതിരൂപതയിലെ വൈദിക കൂട്ടായ്മ 2017 ആഗസ്റ്റ് 2 ന് മൈനർ സെമിനാരിയിൽ വച്ച് കൂടുകയുണ്ടായി. അഭിവന്ദ്യ ജെയ്ക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ, വൈദികരുടെ വജ്ര-സുവർണ്ണ - രജതജൂബിലി, അതിരൂപതയിലെ വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ എന്നിവ സമുചിതമായി ആചരിച്ചു. അഭിവന്ദ്യ പിതാക്കന്മാരും ജൂബിലിയേറിയൻസും, അന്നത്തെ വി. ബലിയിൽ കാർമ്മികരായിരുന്നു. ബഹു. റാഫേൽ ആക്കാമറ്റത്തിലച്ചനായിരുന്നു ദിവ്യബലി മദ്ധ്യേ വചനസന്ദേശം നൽകിയത്. വി. ബലിക്കുശേഷമുള്ള സ്നേഹവിരുന്നിനെ തുടർന്ന് നടത്തപ്പെട്ട പൊതുമീറ്റിങ്ങിൽ അഭിവന്ദ്യ മാർ തൂങ്കുഴി പിതാവിനും ജൂബിലിയേറിയൻസിനും മംഗളങ്ങളും ആശംസകളും നേരുകയുണ്ടായി.

**4. വിശുദ്ധ വിയാനിയുടെ തിരുനാൾ**

വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തിയ്യതി സമുചിതമായി ആഘോഷിച്ചു. സെമിനാരി വൈസ് റെക്ടർ ബഹു. ഫാ. മേജോ മരോട്ടിക്കൽ ദിവ്യബലി അർപ്പിച്ചു. അന്നത്തെ വിശിഷ്ട അതിഥിയായ ബഹു. ആന്റണി തോട്ടാനച്ചൻ വൈദിക വിദ്യാർത്ഥിക്ക് അർത്ഥ

സമ്പുഷ്ടമായ സന്ദേശം നൽകുകയുണ്ടായി. വിശുദ്ധ വിയാനിയുടെ ജീവിതത്തെ ആസ്പദമാക്കി വിവിധ ഗ്രൂപ്പുകൾ സെമിനാരിയിൽ കലാപരിപാടികൾ അവതരിപ്പിക്കുകയും വിദ്യാർത്ഥികൾക്കുവേണ്ടി ക്വിസ് മത്സരം നടത്തുകയും ചെയ്തു.

**5. മാസധ്യാനം**

ആഗസ്റ്റ് 11, 12 തിയ്യതികളിലായി മാസധ്യാനം നടന്നു. ബഹു. അലക്സ് മരോട്ടിക്കൽ അച്ചൻ ഡിഗ്രി വിദ്യാർത്ഥികൾക്കും ബഹു. ഫാ. ജിബിൻ താഴേക്കാടൻ മൈനർ സെമിനാരിക്കാർക്കും ധ്യാനചിന്തകൾ നൽകി. റീജൻസി ചെയ്യുന്നവർക്കായുള്ള മാസധ്യാനം ആഗസ്റ്റ് 18, 19 എന്നീ തിയ്യതികളിലും നടന്നു.

**6. സ്വർഗ്ഗാരോപണ തിരുനാൾ – ഇന്ത്യൻ സ്വാതന്ത്ര്യദിനം**

ആഘോഷമായ തിരുനാൾ വിശുദ്ധ കുർബ്ബാനയ്ക്ക് ബഹു. സജീവ് ഇമ്മട്ടിയച്ചൻ കാർമ്മികത്വം വഹിച്ചു. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ദേശീയ പതാക ഉയർത്തിയതിനുശേഷം ബഹു. റീജന്റ് ബ്രദർ സാൽവിൻ കണ്ണനായ്ക്കൽ സന്ദേശം നൽകി.

**7. പരീക്ഷകൾ, അവധിക്കാലം**

സെമിനാരിയിലെ ഈ അദ്ധ്യയന വർഷത്തിലെ ആദ്യടേം പരീക്ഷകൾ 2017 ആഗസ്റ്റ് 16 മുതൽ 30–ാം തിയ്യതി വരെയുള്ള ദിവസങ്ങളിലായിരുന്നു. സെമിനാരി കുടുംബത്തിന്റെ ഓണാഘോഷം ആഗസ്റ്റ് 30 ന് നടന്നു. ആഗസ്റ്റ് 31 ന് ഓണാവധി ആരംഭിച്ചു.

## ബേഴ്സ് സ്ഥാപിച്ചവർ

1. ശ്രീ. ജോസഫ് ലിയോ, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
2. ശ്രീ. എം. വി. വിൽസൺ, മണ്ടും പാൽ ഹൗസ്, ചൊവ്വന്നൂർ
3. ശ്രീ. അബിദാസ് ജെയ്ക്കബ്ബ്, എടക്കളത്തൂർ ഹൗസ്, പോന്നോർ
4. സെ. ജോൺ മരിയ വിയാനി യൂണിറ്റ്, സെ. ആന്റണീസ് ചർച്ച്, കാരമുക്ക്(N)
5. ശ്രീ. ബിജോ അക്കര, അക്കര ഹൗസ്, വരന്തരപ്പിള്ളി
6. ശ്രീമതി മേരി ചാർളി, കിഴക്കൻ ഹൗസ്, പുതുക്കാട്
7. ശ്രീമതി ബിനു ജോജു, ചക്കാലമറ്റത്ത് ഹൗസ്, ഒല്ലൂർ
8. ശ്രീമതി മേഴ്സി കൊച്ചുവറീത്, മേനാച്ചേരി ഹൗസ്, മണ്ണുത്തി
9. ശ്രീമതി എൽസി ഇട്ടൂപ്പ്, പുലിക്കോട്ടിൽ ഹൗസ്, ചിറ്റാട്ടുകര
10. ശ്രീമതി ഡിംപിൾ ജോഷി, ചാഴൂർ തട്ടുപറമ്പിൽ ഹൗസ്, അരിമ്പൂർ
11. ഡയറക്ടർ & സ്റ്റാഫ്, സെ.മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ
12. ശ്രീമതി മേഴ്സി ജാസിന്റോ, ചാലിശ്ശേരി ഹൗസ്, അയ്യന്തോൾ

**ഫാ. ഡൊമിനിക് തലക്കോടൻ** (റെക്ടർ)

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ റീജണൽ അനസ്തേഷ്യ ശില്പശാല**

ജൂബിലിയിൽ കഴിഞ്ഞ ആറുവർഷമായി എല്ലാ വർഷവും നടത്തിവരാറുള്ള റീജണൽ അനസ്തേഷ്യ (വിഭാഗീയമായി ശരീരം മരവിപ്പിച്ച് ശസ്ത്രക്രിയ ചെയ്യുന്ന രീതി) ശില്പശാല ജൂലായ് 16-ന് നടന്നു. അൾട്രാസൗണ്ട് സ്കാനറിന്റെ സഹായത്തോടെ നാഡീവ്യൂഹത്തിന്റെ വിവിധ ഭാഗങ്ങൾ അതികൃത്യതയോടെ മരവിപ്പിക്കുന്ന നൂതനരീതികളാണ് ശില്പശാലയിൽ അവതരിപ്പിച്ചത്. ജൂബിലി മിഷനിലെ വിദഗ്ദ പ്രൊഫസർമാരായ ഡോ. മറിയം കോശി തോമസ്, ഡോ. ഡേവീസ്, ഡോ. ഉഷ ഷേണായ്, ഡോ. ബിജോയ് ചിറയത്ത് എന്നിവർക്കൊപ്പം ബോംബെയിൽ നിന്നുള്ള ഡോ. വൃഷാലി പോൺസേ, കൊച്ചിയിൽ നിന്നുള്ള ഡോ. ജിതേന്ദ്ര, തിരുവനന്തപുരത്തുനിന്നുള്ള ഡോ. സജീഷ് എന്നിവർ ശില്പശാലക്ക് നേതൃത്വം നൽകി. കേരളത്തിൽ നിന്നും പുറത്തുനിന്നുമായി നൂറ്റമ്പതോളം വിദഗ്ദ ഡോക്ടർമാർ ഈ ശില്പശാലയിൽ പങ്കെടുത്തു.

**ജൂബിലിയിൽ ലൈഫ് സ്റ്റൈൽ മെഡിസിൻ ശില്പശാല നടന്നു**

ജീവിതശൈലിയിൽ ഉണ്ടായ മാറ്റം മനുഷ്യ ശരീരത്തിൽ അവയവങ്ങളുടേയും ഗ്രന്ഥികളുടേയും മറ്റും പ്രവർത്തനങ്ങളിൽ എന്തു മാറ്റമാണ് വരുത്തുന്നത് എന്നതിനെ സംബന്ധിച്ചുള്ള വിദഗ്ധരുടെ ശിൽപശാല ജൂബിലിയിൽ നടന്നു. ഈ വിഭാഗത്തിലെ പ്രഗദ്ഭരായ ഡോക്ടർമാർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ലൈഫ് സ്റ്റൈൽ മെഡിസിൻ എന്ന് പേരിട്ടിട്ടുള്ള ശിൽപശാല

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഫിസിയോളജി വിഭാഗമാണ് സംഘടിപ്പിച്ചത്. കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്ന് നൂറ്റിയമ്പതോളം ഡോക്ടർമാർ പങ്കെടുത്തു. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അക്കാദമിക്ക് ഡീൻ ഡോ. ബി. വി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ഡയറക്ടർ ഫാ ഫ്രാൻസിസ് പള്ളിക്കുന്നത്ത്, പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ. അസി. ഡയറക്ടർ ഫാ. ടിജോ മുള്ളക്കര, ഫിസിയോളജി വിഭാഗം മേധാവി ഡോ. ബിജു ബാഹുലേയൻ, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. ശിൽപ്പ എന്നിവർ സന്നിഹിതരായി.

**ജൂബിലിയിൽ പ്ലാസ്റ്റിക് സർജറി ശില്പശാല നടന്നു**

അന്തർദേശീയ പ്ലാസ്റ്റിക് സർജറി ദിനത്തോടനുബന്ധിച്ച് ജൂബിലിയിലെ പ്ലാസ്റ്റിക് സർജറി വിഭാഗം ട്രെന്റ്സ് ഇൻ ജൂബിലി – ഒപ്റ്റിമൈസിങ്ങ് ഔട്ട്കം ത്രൂ മൾട്ടിഡിസിപ്ലിനറി കോപ്പറേഷൻ എന്ന വിഷയത്തെ ആസ്പദമാക്കി സി.എം.ഇ. നടത്തി. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. ടിജോ മുള്ളക്കര, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ എന്നിവർ ആശംസകളർപ്പിച്ചു. പ്ലാസ്റ്റിക് സർജറിയിലെ അത്യാധുനിക രീതികൾ പരിചയപ്പെടുത്തുന്നതായിരുന്നു സി.എം.ഇ. ഡോ. പ്രദ്യോത് കെ. എം. ജനറൽ പ്ലാസ്റ്റിക് സർജറിയിലും, ഡോ. നവീൻ ഐസക്ക് റീകൺസ്ട്രക്റ്റീവ് പ്ലാസ്റ്റിക് സർജറിയിലും, ഡോ. ഇന്ദുമതി അസ്തെറ്റിക് പ്ലാസ്റ്റിക് സർജറിയിലും ക്ലാസുകൾ നയിച്ചു. ഡോ. പ്രശാന്ത് വർക്കി അമ്പൂക്കൻ പ്ലാസ്റ്റിക് സർജറിയിൽ ഗവേഷണങ്ങൾക്കുള്ള അനന്തസാധ്യതകളെ കുറിച്ച് ക്ലാസ് നയിച്ചു. സി.എം.ഇ. യോട് അനുബന്ധിച്ച് പാവപ്പെട്ട രോഗികൾക്ക് സൗജന്യ ശസ്ത്രക്രിയകളും നടന്നു.

**ജൂബിലിയിൽ അപൂർവ്വ ഹൃദയശസ്ത്രക്രിയ**

ആവർത്തിച്ചുണ്ടാകുന്ന ഹൃദയാഘാതത്തിന്റെ ഫലമായി ഹൃദയപേശി വീർത്തുവരുന്ന (left ventricular aneurysm) അപൂർവ്വരോഗത്തിനുള്ള പരിഹാരമായുള്ള അപൂർവ്വ ഹൃദയപേശി ശസ്ത്രക്രിയ ജൂബിലിയിൽ നടന്നു. ബൈപാസ് ഓപ്പറേഷനും ഹൃദയപേശി ശസ്ത്രക്രിയയും ഒരേരോഗിയിൽ ചെയ്യുന്നത് കേരളത്തിൽ ആദ്യമായിട്ടാണ്. 65 വയസ്സുള്ള ബാലൻ എന്ന രോഗിയെ നെഞ്ചുവേദനയും ശ്വാസതടസ്സവും വന്നതിനെ തുടർന്നാണ് ജൂബിലിയിൽ പ്രവേശിപ്പിച്ചത്. അദ്ദേഹത്തിന് പലതവണ ഹൃദയാഘാത

മുണ്ടായതായും അതിന്റെ പാർശ്വഫലമായി ഹൃദയപേശി വീർത്തുവരുന്ന (left ventricular aneurysm) അപൂർവ്വരോഗമാണെന്നും പരിശോധനാ ഫലങ്ങൾ വ്യക്തമാക്കി. ബലക്കുറവ് വന്ന് വീർത്ത ഹൃദയപേശി നീക്കം ചെയ്ത് ഹൃദയ പേശികൾ തുന്നിച്ചേർത്ത് ബലം വർദ്ധിപ്പിക്കുന്ന ഇത്തരം ഓപ്പറേഷൻ രോഗി യുടെ ശ്വാസതടസം പൂർണമായും മാറ്റുമെന്ന് ഡോ. ഓസ്റ്റിൻ അഭിപ്രായപ്പെട്ടു. ഹൃദയത്തിന്റെ പമ്പിങ്ങ് ശേഷി ഇത്തരം രോഗികളിൽ 20 ശതമാനത്തിൽ താഴെയായിരിക്കും. ഓപ്പറേഷനുശേഷം അത് 40 ശതമാനത്തിന് മുകളിൽ എത്താറുണ്ട് എന്ന് സീനിയർ കാർഡിയോളജിസ്റ്റ് ഡോ. പ്രസന്നകുമാർ അറിയിച്ചു. ഹൃദയശസ്ത്രക്രിയാ വിദഗ്ദ്ധനായ ഡോ. ഓസ്റ്റിൻ രാജിന്റെ നേതൃത്വത്തിലുള്ള ശസ്ത്രക്രിയാ സംഘമാണ് അതീവ ക്ലേശകരമായ ശസ്ത്രക്രിയ വിജയകരമായി ചെയ്തത്. ഡോ. ബിനിൽ ഐസക്ക് മാത്യുവിന്റെ നേതൃത്വത്തിലുള്ള അനസ്തീസിയ വിഭാഗമാണ് രോഗിക്ക് അനസ്തീസിയ നൽകിയത്. ഇത്തരം രോഗികൾക്ക് മയക്കം നൽകുന്നതും അതീവ ശ്രമകരമാണെന്ന് ഡോ. ബിനിൽ അഭിപ്രായപ്പെട്ടു. രോഗി ആരോഗ്യം വീണ്ടെടുത്ത് ആശുപത്രിയിൽ നിന്ന് ഡിസ്ചാർജായതായി ആശുപത്രി അധികൃതർ അറിയിച്ചു.

**അഭിനന്ദനങ്ങൾ... ആശംസകൾ...**

- ജൂലായ് 2017 ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ന്യൂ ഡൽഹിയിൽ 40 ടീമംഗങ്ങൾ പങ്കെടുത്ത നാഷണൽ എമർജൻസി മെഡിസിൻ ക്വിസ് മത്സരത്തിൽ എമർജൻസി മെഡിസിനിലെ പി. ജി. വിദ്യാർത്ഥികളായ ഡോ. ലിനു എ, ഡോ. സൻജൻ എ, ഡോ. ബാലു പി. ആർ. എസ്. എന്നിവർ രണ്ടാം സ്ഥാനം കരസ്ഥമാക്കി.
- ഗൈനക്കോളജി വിഭാഗത്തിലെ പ്രൊഫസർ ഡോ. അശ്വത് കുമാർ 2017 ലെ ഡോൺ ബോസ്കോ അലുമിനി അച്ചീവർ അവാർഡിന് അർഹനായി.
- ഗൈനക്കോളജി വിഭാഗത്തിലെ പ്രൊഫസർ ഡോ. അശ്വത്കുമാർ FOGSI യുടെ വൈസ് പ്രസിഡന്റായി തെരെഞ്ഞെടുത്തു.
- ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ന്യൂ ഡൽഹിയിൽ നടന്ന ഇന്ത്യൻ അക്കാദമി ഓഫ് ജെറിയാട്രിക്സ് കോൺഫറൻസിൽ ജനറൽ മെഡിസിൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സ്റ്റീവ് പോളിനെ ജോയിന്റ് സെക്രട്ടറിയായി തെരെഞ്ഞെടുത്തു.
- ക്രിസ്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ ഡിപ്ലോമ

ഇൻ മെഡിക്കൽ ലാബ് ടെക്നോളജിയിൽ അഖിലേന്ത്യാതലത്തിൽ ഒന്നും (ശിൽപ കെ. യു.) രണ്ടും (അശ്വതി ഇ. എസ്.) മൂന്നും (ആൻസി പി. എ.) റാങ്കുകൾ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ലാബ് ടെക്നോളജി വിദ്യാർത്ഥികൾ നേടി.

- സ്റ്റുഡന്റ്സ് നേഴ്സസ് അസോസിയേഷന്റെ നോർത്ത് ഈസ്റ്റ് സോൺ വിദ്യഭ്യാസ കലാമത്സരങ്ങളിൽ തുടർച്ചായി രണ്ടാം തവണയും ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ടീം ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

**പുതിയ ഡോക്ടർമാർ**

- ഡോ. ബിജീഷ് പി. വി (പിഡിയാട്രിക് കാർഡിയോളജി വിഭാഗം)

**മെഡിക്കൽ ക്യാമ്പുകൾ**

- പൂങ്കുന്നം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ജനറൽ മെഡിസിന്റെ ക്യാമ്പ് നടന്നു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. കെവിൻ ബേബി, നടക്കാവുക്കാരൻ ഹൗസ്, ചെമ്പൂക്കാവ്, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് ബെനഡിക്ട് ചർച്ച്, കോലഴി, തൃശ്ശൂർ (50 ഡയാലിസിസ്)
- ശ്രീ. വി. വി. തോമസ്, വടക്കൻ ഹൗസ്, കുരിയച്ചിറ, തൃശ്ശൂർ (80 ഡയാലിസിസ്)
- ശ്രീ. തോമസ് ഇ. ആർ, എലുവത്തിങ്കൽ ഹൗസ്, തിരുവെങ്കിടം, ഗുരുവായൂർ, തൃശ്ശൂർ (20 ഡയാലിസിസ്)
- സെന്റ് അൽഫോൻസ ചർച്ച്, ജീസസ് യൂത്ത്, തോളൂർ, തൃശ്ശൂർ (50 ഡയാലിസിസ്)
- സെന്റ് ആൻസ് ചർച്ച്, പൂത്തോൾ, തൃശ്ശൂർ (100 ഡയാലിസിസ്)
- ശ്രീമതി മേരി പൊറിഞ്ചു, കൂനംപ്ലാക്കൽ ഹൗസ്, വെങ്ങിണിശ്ശേരി, തൃശ്ശൂർ (20 ഡയാലിസിസ്)
- ചെയർമാൻ, മില്ലേനിയം ഗോൾഡ്, ഗോൾഡ് സൂക്ക് (80 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# THRISSUR EDUCATIONAL TRUST
# &
# Jyothi Engineering College

- **ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രം** : ജൂൺ 17 മുതൽ 21 വരെ കോളേജിലെ അദ്ധ്യാപകർക്കായി ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. അദ്ധ്യാപകരുടെ കഴിവുകളും കർമ്മശേഷിയും വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിച്ച പരിപാടിയിൽ വിവിധ വിഷയങ്ങളെക്കുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ നയിച്ചു.

- **ഒന്നാം വർഷ ബിടെക് ക്ലാസ്സുകളുടെ വിദ്യാരംഭം മാർ. ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു :** അറിവും ജ്ഞാനവും തമ്മിൽ വ്യത്യാസമുണ്ടെന്നും, അറിവ് നേടാനായി പല മാർഗ്ഗങ്ങളുണ്ടെന്നും എന്നാൽ ജ്ഞാനം എന്നത് സമസ്ത മേഖലകളിലേയും രൂപീകരണത്തിലൂടെ മാത്രം സ്വായത്തമാക്കാൻ കഴിയുന്നതാണെന്നും തൃശൂർ അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു. ജൂലായ് 31ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ബി.ടെക് ക്ലാസ്സുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓരേ വിദ്യാർത്ഥിയും അവരുടെ ജ്ഞാനമാകുന്ന ജ്യോതി കൊണ്ട് മറ്റുള്ളവരെ പ്രകാശിപ്പിക്കേണ്ടവരാണെന്ന് അദ്ദേഹം പറഞ്ഞു. ഗുരുക്കന്മാരെ വന്ദിച്ച്

ഗുരുദക്ഷിണ നല്കി തുടങ്ങിയ ചടങ്ങിന് കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. ജോജു ചിരിയൻങ്കണ്ടത്ത് സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ കോളേജിനെക്കുറിച്ച് പ്രത്യേക പ്രഭാഷണം നടത്തി. കോളേജ് അസി. അഡ്മിനിസ്ട്രേറ്റർ ബോബി പീറ്റർ, കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി ശ്രീ. ഫിലിപ്പ് റോയ് എന്നിവർ പ്രസംഗിച്ചു. പുതിയ ബാച്ചിലെ കുട്ടികളും മാതാപിതാക്കളുമടക്കം 1500-ഓളം പേർ ചടങ്ങിൽ പങ്കെടുത്തു.

- **എം.ടെക്. ക്ലാസ്സുകൾ:** എഞ്ചിനീയറിംഗ് ഉപരിപഠന മേഖലയിൽ നാല് അവസരങ്ങൾ തുറന്നുകൊണ്ട് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 6-ാമത് ബാച്ചിന്റെ എം.ടെക് ക്ലാസ്സുകൾ ആഗസ്റ്റ് 1ന് ആരംഭിച്ചു. പ്രസ്തുത ക്ലാസ്സുകളുടെ ഉദ്ഘാടനം, ഡോ. അബ്രഹാം മാത്യു (ഡീൻ, റിസർച്ച് വിഭാഗം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട്) നിർവ്വഹിച്ചു. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് ഡോ. ജോസ് പി. തേറാട്ടിൽ സ്വാഗതം ആശംസിച്ചു. അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു എന്നിവർ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് പ്രത്യേക പ്രഭാഷണം നടത്തി. അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു, ഡോ. സി.കെ. രാജു, പ്രൊഫ. എസ്. രതീഷ്, പ്രൊഫ. എം. രത്നൻ തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു.

**മോൺ. തോമസ് കാക്കശ്ശേരി**
**മാനേജർ**

**അസി. മാനേജേഴ്സ്**

**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

**ഫീസ്റ്റ് ആഘോഷം നടന്നു :** മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മലിന്റെ നാമഹേതുക തിരുനാൾ ആഘോഷം അതിപ്രൗഢിയോടെ കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. 22.07.2017ന് കോളേജ് അസി. ബർസാർ ഫാ. ബാബു അപ്പാടന്റെ നേതൃത്വത്തിലായിരുന്നു ആഘോഷചടങ്ങുകൾ.

**യൂണിവേഴ്സിറ്റി പരീക്ഷ സമാപിച്ചു :** മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2015-2017 അധ്യയനവർഷത്തിലെ നാലാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷകൾ സമാപിച്ചു. 26.07.2017 ആരംഭിച്ച പരീക്ഷ 31.07.2017നാണ് അവസാനിച്ചത്.

**നവാഗതർക്ക് സ്വാഗതം :** മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ പുതിയ അധ്യയനവർഷ വിദ്യാർത്ഥികൾക്ക് ഉജ്ജ്വലമായ സ്വീകരണം നൽകി. 2016-2018 അധ്യയനവർഷ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ നടന്ന സ്വീകരണ പരിപാടി കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ സ്വാഗതം പറഞ്ഞ ചടങ്ങിൽ കോളേജ് ചെയർപേഴ്സൺ ശ്രീലയ ശ്രീധർ അധ്യക്ഷത വഹിച്ചു.

**ജി. ടി. എ. മീറ്റിംഗ് :** 2016-2018 അധ്യയനവർഷ ഗാർഡിയൻ ടീച്ചർ അസോസിയേഷൻ മീറ്റിംഗ് 28.07.2017ന് സംഘടിപ്പിച്ചു.

**യൂണിവേഴ്സിറ്റി പരീക്ഷകൾ നടന്നു :** 2016-2018 അധ്യയനവർഷ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷകൾ നടന്നു. 08.08.2017ന് ആരംഭിച്ച പരീക്ഷ 14.08.2017ന് സമാപിച്ചു.

**അധ്യാപന പരിശീലനം ആരംഭിച്ചു :** 2016-2018 വർഷത്തെ അധ്യയനവർഷ വിദ്യാർത്ഥികളുടെ അധ്യാപന പരിശീലനം ആരംഭിച്ചു. 16.08.2016 മുതലാണ്

പരിശീലനത്തിന് നാന്ദി കുറിച്ചത്. ഇതിനു മുന്നോടിയായി കോളേജ് അസി. ബർസാർ ഫാ. ബാബു അപ്പാടന്റെയും കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ചാക്കോ ചിറമ്മലിന്റെയും നേതൃത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷകൾ നടന്നു.

**പ്രവേശനോത്സവം സംഘടിപ്പിച്ചു :** 2017-2019 അധ്യയനവർഷത്തിലെ ബി. എഡ്. വിദ്യാർത്ഥികളുടെ പ്രവേശനോത്സവം ജൂലൈ 27ന് ഉച്ചക്ക് 1:30ന് അതി വിപുലമായി നടത്തി. റവ. ഫാ. ചാക്കോ ചിറമ്മൽ എല്ലാവരെയും സ്വാഗതം ചെയ്തു. മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് കോളേജിലെ പ്രൊഫ. ഡോ. ഡെയ്സൻ പാണേങ്ങാടൻ വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യങ്ങളെ കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകി.

**വി. വിയാനിയുടെ തിരുനാൾ ആഘോഷിച്ചു :** ആഗസ്റ്റ് 4ന് വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു. റവ. ഫാ. ബാബു അപ്പാടന്റെ നേതൃത്വത്തിൽ അർപ്പിച്ച വി. കുർബാനയിൽ ബി. എഡ്. വിദ്യാർത്ഥികളായ ഫാ. ഫെബിൻ കൂത്തൂർ അച്ചനും ഫാ. സലീഷ് അറങ്ങാശ്ശേരി അച്ചനും സഹ കാർമ്മികത്വം വഹിച്ചു. വിദ്യാർത്ഥികൾ പഠനോപകരണങ്ങൾ കാഴ്ചസമർപ്പണം നടത്തി. അച്ചന്മാർക്ക് ആശംസകൾ അർപ്പിച്ചു.

**സ്വാതന്ത്ര്യദിനം ആഘോഷിച്ചു :** ഇന്ത്യയുടെ 71-ാം സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ ആഗസ്റ്റ് 14 അതിവിപുലമായി നടത്തപ്പെട്ടു. പ്രിൻസിപ്പൽ ഫാ. ചാക്കോ ചിറമ്മൽ സ്വാഗതം ചെയ്തു. വടക്കാഞ്ചേരി എസ്. ഐ. രതീഷ് സർ ഉദ്ഘാടനം നിർവഹിച്ചു. തൃശ്ശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. അസി. മാനേജർ ഫാ. ബാബു അപ്പാടൻ ആശം സകൾ നേർന്നു. തുടർന്ന് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.

**ഓണാഘോഷം നടന്നു :** 2017-2018 അധ്യയനവർഷത്തിലെ ഓണാഘോഷം 31.08.2017ന് അതിഗംഭീരമായി കൊണ്ടാടി. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന വിവിധ കലാപരിപാടികൾ ചടങ്ങിനു മാറ്റു കൂട്ടി.

**റവ. ഡോ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

**ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ മെറിറ്റ് ഡേ**

സെന്റ് തോമസ് കോളേജിലെ ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ മെറിറ്റ് ഡേ ആഘോഷം തൃശൂർ ആർ.ഡി.ഒ.യും ഡെപ്യൂട്ടി കളക്ടറുമായ കെ. അജീഷ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. പി.ഒ.ജെൻസന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേരള സംസ്ഥാന റേഡിയേഷൻ സേഫ്റ്റി ഡയറക്ടർ ഡോ. കെ.എസ്. ഡേവിസ് മുഖ്യപ്രഭാഷണം നടത്തി. കോളേജ് ബർസാറും വൈസ് പ്രിൻസിപ്പാളുമായ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് ഉന്നതവിജയം നേടിയവരെ ആദരിച്ചു. എം.എസ്.സി ടോപ്പർ, കെ. അനുപമ, അവാർഡു ജേതാക്കളുടെ പ്രതിനിധിയായി മറുപടി പ്രസംഗം നടത്തി. പ്രൊഫ. ആന്റോ ജോണി ആശംസകളർപ്പിച്ച് സംസാരിച്ചു.

**ഐക്യുഎസിയുടെ നേതൃത്വത്തിൽ ദേശീയ വർക്ക്ഷോപ്പ്**

ഐക്യുഎസിയുടെ നേതൃത്വത്തിൽ കോളേജ് അദ്ധ്യാപകർക്കായി കോളേജിൽവച്ച് ദേശീയ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ഫറൂഖ് ട്രെയ്നിംഗ് കോളേജിലെ ഡോ. ടി. മുഹമ്മദ് സലീം സെമിനാറിന് നേതൃത്വം നൽകി. കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നായി അറുപതോളം അദ്ധ്യാപകർ സംബന്ധിച്ചു. റവ. ഡോ. അനിൽ കോങ്കോത്ത്, പ്രൊഫ. സാജു എം.ഐ. എന്നിവർ നേതൃത്വം നൽകി.

**അദ്ധ്യാപക രക്ഷാകർത്തൃസംഗമം**

2017–18 അക്കാദമിക വർഷത്തെ അദ്ധ്യാപക രക്ഷാകർത്തൃസംഗമം മെഡ്ലിക്കോട്ട് ഹാളിൽ ചേർന്നു. കോളജ് മാനേജർ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പ്രിൻസിപ്പാൾ ഡോ. ജെൻസൺ പിഒ. അദ്ധ്യക്ഷനായിരുന്നു. വൈസ് പ്രസിഡന്റ് ഫ്രാങ്കോ ചിറമൽ സ്വാഗതവും സെക്രട്ടറി പ്രൊഫ. വി.എം. ചാക്കോ റിപ്പോർട്ടും അവതരിപ്പിച്ചു. പുതിയ അക്കാദമിക വർഷത്തേക്കുള്ള പിടിഎയുടെ പ്രസിഡന്റായി ശ്രീമതി ശോഭന പുഷ്പാംഗദനെയും സെക്രട്ടറിയായി പ്രൊഫ. സാജു എം.ഐ.യെയും തെരഞ്ഞെടുത്തു. വൈസ് പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് പുതിയ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു.

## പുസ്തപ്രകാശനം നടത്തി

റവ. ഡോ. ദേവസി പന്തല്ലൂക്കാരൻ രചിച്ച 'അഞ്ചു വികാരിമാർ' എന്ന പുസ്തകത്തിന്റെ പ്രകാശനം കൽദാന സുറിയാനി സഭയുടെ മെത്രാപ്പോലീത്ത മാർ അപ്രേം നിർവഹിച്ചു. ഷെവ. പ്രൊഫ. ജോർജ്ജ് മേനാച്ചേരി പുസ്തകത്തെ സദസ്സിനു പരിചയപ്പെടുത്തി. പ്രൊഫ. ആന്റോ തോമസ് സ്വാഗതവും പ്രൊഫ. മിജോയ് ജോസ് നന്ദിയും പറഞ്ഞു.

വിശ്വസ്തതയോടെ

**ഡോ. ഡെയ്സൻ പാണേങ്ങാടൻ**
പി.ആർ.ഒ.

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

എക്സൽ അക്കാദമി, ഡി ബി സി എൽ സി പുതിയ ബ്ലോക്കിന്റെ ആശീർവ്വാദകർമ്മം ആഗസ്റ്റ് 1-ാം തിയ്യതി 2.30 ന് ആൻഡ്രൂസ്സ് പിതാവ് നിർവ്വഹിച്ചു. വൈദികർ, സിസ്റ്റേഴ്സ്, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർ അടങ്ങിയ വലിയൊരു സദസ്സ് തദവസരത്തിൽ സന്നിഹിതരായിരുന്നു. ആശീർവ്വാദകർമ്മത്തിന് ശേഷം എക്സിക്യൂട്ടീവ് കമ്മിറ്റിയോഗത്തിലും, സ്റ്റാഫ് മീറ്റിങ്ങിലും പിതാവ് അദ്ധ്യക്ഷത വഹിച്ചു. എക്സൽ അക്കാദമിയുടെ വളർച്ചയെക്കുറിച്ചും, ശക്തമായ പ്രവർത്തനങ്ങളിലൂടെ എക്സൽ അക്കാദമിയെ അതിരൂപതയുടെ ഒരു വലിയ അഭിമാനമാക്കി തീർക്കണമെന്നും പിതാവ് ഓർമ്മപ്പെടുത്തി. ഡയറക്ടർ ഫാ. ഡേവിസ് തെക്കേകര സ്വാഗതം ആശംസിച്ചു.

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ PSC/BANK/SSC എന്നീ പരീക്ഷകൾക്ക് പരിശീലനം നൽകി വരുന്നുണ്ട്. അതിരൂപതാതലത്തിൽ ഉദ്യോഗാർത്ഥികൾക്ക് ഒരു മാതൃകാ പരീക്ഷ സംഘടിപ്പിക്കുന്നു. ഈ പരീക്ഷയിൽ മികച്ച വിജയം നേടുന്നവർക്ക് സൗജന്യമായി പരിശീലനം നൽകുന്നു. 18 വയസ്സു മുതൽ 36 വയസ്സുവരെയുള്ള വ്യക്തികൾക്ക് പരീക്ഷയിൽ പങ്കെടുക്കാം. പരീക്ഷാതിയ്യതി സെപ്തംബർ 17 ഞായർ. സമയം 2.00 മുതൽ 3.15 വരെ പരീക്ഷാകേന്ദ്രം എക്സൽ അക്കാദമി, ഡി ബി സി എൽ സി (ബിഷപ്പ് ഹൗസ്, തൃശൂർ). രജിസ്ട്രേഷൻ ഫീസ് 20. കൂടുതൽ വിവരങ്ങൾക്ക് എക്സൽ അക്കാദമി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9744941585.

**ഫാ. ഡേവീസ് തെക്കേക്കര** (ഡയറക്ടർ)

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസീസ്

## ഓർമ്മിക്കാൻ ആചരിക്കാൻ (2017 സെപ്തംബർ)

| | | |
|---|---|---|
| 01 വെള്ളി | - | ആദ്യവെള്ളി, വി. കുർബ്ബാന |
| 04 തിങ്കൾ | - | തിരുവോണം |
| 05 ചൊവ്വ | - | അദ്ധ്യാപകദിനം |
| 06 ബുധൻ | - | വി. മദർ തെരേസ തിരുനാൾ, ശ്രീനാരായണഗുരു ജയന്തി |
| 08 വെള്ളി | - | പരിശുദ്ധ മറിയത്തിന്റെ ജനനത്തിരുനാൾ, ലോകസാക്ഷരതദിനം |
| 12 ചൊവ്വ | - | ശ്രീകൃഷ്ണജയന്തി |
| 16 ശനി | - | ഓസോൺ ദിനം |
| 21 വ്യാഴം | - | വി. മത്തായി ശ്ലീഹാ |
| 27 ബുധൻ | - | വി.വിൻസെന്റ് ഡി പോൾ |
| 29 വെള്ളി | - | ഗബ്രിയേൽ, മിഖായേൽ, റഫായേൽ മാലാഖമാർ. |

## മെയിന്റനൻസ് ഗ്രാന്റ് അപേക്ഷ

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഉപജില്ല, ജില്ല വിദ്യാഭ്യാസ ഓഫീസുകളിൽ ഈ മാസം സമർപ്പിക്കേണ്ടതാണ്. മുൻ വർഷത്തിലെ ഗ്രാന്റ് ഇതുവരെയും ലഭിച്ചിട്ടില്ലായെങ്കിലും നടപ്പ് വർഷത്തെ അപേക്ഷ സമയത്ത് തന്നെ നൽകിയിരിക്കണം. പൂരിപ്പിച്ച അപേക്ഷ(4 കോപ്പികൾ വീതം) സെപ്തംബർ 11 ന് തിങ്കളാഴ്ചയ്ക്ക് മുൻപ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 5,000/- രൂപയ്ക്ക് മുകളിലുള്ള സംഖ്യയ്ക്ക് ഓഡിറ്റ് റിപ്പോർട്ടും ഹാജരാക്കണം. അപേക്ഷയിൽ കോർപ്പറേറ്റ് മാനേജരാണ് ഒപ്പുവെയ്ക്കേണ്ടത്.

## അദ്ധ്യാപകദിനാശംസകൾ

നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപകദിനം ഒരു ദിവസം സമുചിതമായി കൊണ്ടാടുമല്ലോ. എല്ലാ അദ്ധ്യാപകർക്കും അദ്ധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

## തിരുവോണാശംസകൾ

നമ്മുടെ എല്ലാ വിദ്യാലയങ്ങളിലെ എല്ലാ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സമൃദ്ധിയും ഐശ്വര്യവും കളിയാടുന്ന ഒരു ഓണക്കാലം നേരുന്നു.

**ഫാ. ആന്റണി ചെമ്പകശ്ശേരി** (കോർപ്പറേറ്റ് മാനേജർ)

# സാന്ത്വനം

**ജൈവകുടുംബകൃഷി സെമിനാറും വിത്ത് വിതരണവും**

കാരിത്താസ് ഇന്ത്യയുടെയും സൗത്ത് ഇന്ത്യൻ ബാങ്കിന്റെയും സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന ഫാമിലി ഫാമിങ്ങിന്റെ ഭാഗമായ ജൈവകൃഷി സെമിനാറും വിത്ത് വിതരണവും വെള്ളാനിക്കോട് സെന്റ് അഗസ്റ്റിൻ പള്ളിയിൽ വെച്ച് നടത്തി. പള്ളി വികാരി റവ.ഫാ. സിജോ അരിക്കാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. ജൈവകൃഷിയുടെ ആവശ്യകതയെക്കുറിച്ചും ജൈവകൃഷി ചെയ്യേണ്ട രീതികളെക്കുറിച്ചും കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ. അബീഷ് ആന്റണി ക്ലാസ്സ് നയിച്ചു. കൃഷിക്കാവശ്യമായ വിത്തും മണ്ണിര കമ്പോസ്റ്റും സ്വയം സഹായ അംഗങ്ങൾക്ക് ഫാ. സിജോ അരിക്കാട്ട് വിതരണം ചെയ്തു. ഫ്രണ്ട്സ് പുരുഷ സ്വയം സഹായസംഘം പരിപാടിയ്ക്ക് നേതൃത്വം നല്കി.

**ലാവൻഡർ ആർമി സ്കൂൾതല ഉദ്ഘാടനം തുടരുന്നു.**

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കൊണ്ട് സാന്ത്വനം നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായ ലാവൻഡർ ആർമിയുടെ പ്രവർത്തനം ബെത്‌ലേഹം സ്കൂൾ മുക്കാട്ടുകര, ഹോളിഫാമിലി സ്കൂൾ തൃശൂർ, സെന്റ് ആൻസ് സ്കൂൾ വെസ്റ്റ് ഫോർട്ട്, സെന്റ് തോമസ് സ്കൂൾ തോപ്പ്, സെന്റ് മേരീസ് സ്കൂൾ ഒല്ലൂർ, സെന്റ് റാഫേൽ സ്കൂൾ ഒല്ലൂർ, ആശാഭവൻ സ്കൂൾ പടവരാട്, സെറാഫിക് സ്കൂൾ പെരിങ്ങോട്ടുകര എന്നീ സ്കൂളുകളിലും ആരംഭിച്ചു. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ക്ലാസ്സ് നയിക്കുകയും കുടുംബകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്ത് വിതരണം ചെയ്യുകയും ചെയ്തു. കോ-ഓർഡിനേറ്റർ ശ്രീമതി. ബിനിത രതീഷ് കാൻസറിനെതിരായുള്ള പ്രതിജ്ഞ ലാവൻഡർ ആർമി അംഗങ്ങൾക്ക് ചൊല്ലിക്കൊടുത്തു.

**ഗോഡ്സ് ഓൺ ഫാമിലി**

**സെന്റർ ലെവൽ മീറ്റിംഗ് സംഘടിപ്പിച്ചു.**

ഗോഡ്സ് ഓൺ ഫാമിലി ഗുണഭോക്താക്കൾക്കുവേണ്ടി പെരിങ്ങോട്ടുകര, ചാഴൂർ, ഒല്ലൂർ, കല്ലൂർ, ചേർപ്പ്, ചിറ്റിശ്ശേരി, തൈക്കാട്ടുശ്ശേരി, പടവരാട്, അന്തിക്കാട്, പള്ളിക്കുന്ന്, വെങ്ങിണിശ്ശേരി, കോടന്നൂർ, നടത്തറ, അരിമ്പൂർ, വില്ലടം, പുറനാട്ടുകര, ചേലക്കര എന്നീ സ്ഥലങ്ങളിൽ സെന്റർ ലവൽ മീറ്റിംഗ് സംഘടിപ്പിച്ചു. വിവിധ തരം പനികളെക്കുറിച്ചും പ്രത്യേകിച്ച് ഡെങ്കിപ്പനിയെക്കുറിച്ചും ക്ലാസ്സ് നൽകി.

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിയിൽ അംഗങ്ങളായ ഗുണഭോക്താക്കൾക്ക് ജാതിമതഭേദമെന്യേ വിവിധ ആവശ്യങ്ങൾക്കായി സഹായങ്ങൾ വിതരണം ചെയ്തു. സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

വേലൂപാടം-Rs.10,000/-, ഒല്ലൂർ-Rs.12,000, പള്ളിക്കുന്ന്-Rs.16,000-, പാവറട്ടി -Rs.5,000/-, നടത്തറ-Rs.5,000/-, ചുവന്നമണ്ണ്-Rs.5,000/-, നെല്ലങ്കര-Rs.5,000/-, വില്ലടം-Rs.5,000/-, കണ്ടശ്ശാംകടവ്-Rs.6,000/-.

**ജെസ്പ് II**

**ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് സംഘടിപ്പിച്ചു.**

സാന്ത്വനം ഓഫീസിൽ വെച്ച് കൂടിയ യോഗത്തിൽ സാന്ത്വനം ഡയറക്ടർ, വിവിധ സെന്ററുകളിൽ നിന്നുള്ള ആനിമേറ്റേഴ്സ് തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളുടെ പഠനവിവരങ്ങൾ അന്വേഷിക്കുകയും കുട്ടികൾക്ക് വിതരണം ചെയ്യേണ്ട ട്യൂഷൻ ഫീസ് ആനിമേറ്റർമാരെ ഏൽപിക്കുകയും ചെയ്തു.

**പുതിയ കുടുംബങ്ങളെ കണ്ടെത്തി.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു. Save a Family Plan ന്റെ മാനദണ്ഡപ്രകാരമാണ് കല്ലൂർ, മണ്ണംപേട്ട, തൃക്കൂർ, ചെന്നായ്പ്പാറ, വാക, മറ്റം, പേരാമംഗലം, പൂത്തറക്കൽ, ശാസ്താംകടവ്, ചൊവ്വന്നൂർ, തങ്ങാലൂർ, കുണ്ടുകാട് എന്നിവിടങ്ങളിൽ നിന്നും അർഹരായ കുടുംബങ്ങളെ കണ്ടെത്തിയത്. ഡയറക്ടർ, കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ അടങ്ങുന്ന ടീം അംഗങ്ങൾ വീടുകൾ കണ്ടെത്തുന്നതിന് നേതൃത്വം നൽകി.

**പുതിയ അക്കൗണ്ട് തുടങ്ങി.**

ഫാമിലി ഡെവലപ്പ്മെന്റ് പദ്ധതിയിലേക്ക് പുതിയതായി തെരഞ്ഞെടുത്ത കുടുബങ്ങളുടെ പേരിൽ ബാങ്കിൽ അക്കൗണ്ട് തുടങ്ങി. തൃശ്ശൂർ അതിരൂപ

തയുടെ വ്യത്യസ്ത ഇടവകകളിൽ നിന്നുമുള്ള 15 കുടുംബങ്ങൾക്കാണ് കാത്തലിക് സിറിയൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചത്.

FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു. ചേറൂർ-Rs.9,500/-, വില്ലടം-Rs.12,000/-, അരിമ്പൂർ- Rs.64,000/-,പുതുക്കാട് -Rs.10,000/-, വലക്കാവ്-Rs.2,000/-.

**മീറ്റിംഗ് നടത്തി.**

SAFP യിലേക്ക് പുതിയ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി, കൈപ്പറമ്പ് പഞ്ചായത്തിലെ ആശ വർക്കേഴ്സിന്, പദ്ധതിയെക്കുറിച്ചും കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഢങ്ങളെ ക്കുറിച്ചും ക്ലാസ്സ് നടത്തി. പഞ്ചായത്ത് പ്രസ്ഡണ്ട്, വൈസ് പ്രസിഡണ്ട്, ആരോഗ്യവകുപ്പ് സ്റ്റാന്റിങ്ങ് കമ്മീഷൻ ചെയർപേഴ്സൺ, സാന്ത്വനം ടീം അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.**

പനമുക്ക്, കൊട്ടേക്കാട്, ആർത്താറ്റ്, എരനെല്ലൂർ, ചേറ്റുപുഴ, ആമ്പക്കാട് എന്നീ യൂണിറ്റുകളിൽ സ്നേഹനിധിയുടെ വാർഷിക പൊതുയോഗങ്ങൾ നടന്നു. ഒരു വർഷത്തെ സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. യോഗങ്ങളിൽ സാന്ത്വനം ഡയറക്ടർ, വികാരിമാർ, കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ സന്നിഹിതരായിരുന്നു.

**സ്നേഹനിധി - സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും ജൂലൈ മാസം വരെ 96 അംഗങ്ങൾക്കായി 5,10,000 /-രൂപ സഹായധനം നല്കി. 3,00,000/-രൂപ വിവാഹ സഹായവും 1,50,000/-രൂപ ചികിത്സാസഹായവും 60,000/-രൂപ മരണാനന്തരസഹായവും നൽകി.

സ്നേഹനിധിയുടെ ഫൊറോനതലത്തിലുള്ള ഓഡിറ്റിങ്ങിനും സന്ദർശനത്തിനും സഹകരിച്ച എല്ലാ വികാരിമാർക്കും ഭാരവാഹികൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**ഫാ.പോൾ മാളിയമ്മാവ്** — **ഫാ.തോമസ്പൂപ്പാടി**
അസി.ഡയറക്ടർ — ഡയറക്ടർ



# ഫാമിലി അപ്പസ്തൊലേറ്റ് സെന്റർ

### ഗർഭിണികൾക്കുവേണ്ടിയുള്ള പഠന പ്രാർത്ഥനാശുശ്രൂഷ
### സെപ്റ്റംബർ 17 ഞായർ (9.30am –1 pm)

ശിശുവിന്റെ സ്വഭാവരൂപീകരണം ഗർഭാവസ്ഥയിൽ ആരംഭിക്കുന്നുവെന്ന് തെളിയക്കപ്പെട്ടിരിക്കുന്ന കാലമാണിന്ന്. ഗർഭാവസ്ഥയിൽ നന്നായി ഒരുങ്ങിയും പ്രാർത്ഥിച്ചും സ്വീകരിക്കുന്ന കുഞ്ഞുങ്ങൾ വൈകാരിക പക്വതയുള്ളവരായി ത്തീരും. ഇങ്ങനെയുള്ള മക്കൾക്ക് ജന്മം നൽകുന്നതിന് സഹായിക്കുവാനായി തൃശ്ശൂർ ഫാമിലിഅപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഗർഭിണികൾക്കായുള്ള പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുന്നു. പരസ്പര പങ്കുവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഗർഭകാല സഹനങ്ങൾ രക്ഷാകരമാക്കുവാനുതകുന്ന സാക്ഷ്യങ്ങളും വൈദ്യശാസ്ത്ര മനശാസ്ത്ര വിദ്ഗ്ധരുടെ ഉപദേശങ്ങളും അട ങ്ങിയതാണ് ഈ പ്രാർത്ഥനാ കൂട്ടായ്മ. ദൈവമക്കൾക്ക് ജന്മം നൽകുവാൻ സഹായിക്കുന്ന ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് എല്ലാ ഗർഭിണികളേയും സ്വാഗതം ചെയ്യുന്നു. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 17–ാം തിയ്യതി രാവിലെ 9.30 മുതൽ 1 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

### വിധവകളുടെ കൂട്ടായ്മ (സെപ്റ്റംബർ 23)

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും ജീവിതപങ്കാളിയുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുന്നവരുടെ ഏകദിന കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 23–ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഒരു മണിക്ക് വി.കുർബ്ബാനയോടെ സമാപിക്കുന്നു. പ്രാർത്ഥനയിലൂടെയും പരസ്പരമുള്ള പങ്കുവയ്പിലൂടെയും വിധവകളനുഭവി ക്കുന്ന സഹനങ്ങളെ അതിജീവിക്കാനും ദൈവരാജ്യ ശുശ്രൂഷയ്ക്കായി തങ്ങ ളുടെ ശിഷ്ട സമയത്തെ ഫലപ്രദമായി ഉപയോഗിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. ഈ കൂട്ടായ്മയിലേക്ക് വിധ വകളായ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**അഭിനന്ദനങ്ങൾ**

ആഗസ്റ്റ് മാസത്തിൽ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ നടന്ന ഏകസ്ഥരുടെ കൂട്ടായ്മയും അഞ്ചാമത്തെ നവദമ്പതിസംഗമവും ഏറെ നന്നായിരുന്നു. ഒത്തിരിയേറെ പേർ ഈ കൂട്ടായ്മകളിൽ പങ്കെടുക്കുകയുണ്ടായി. ഇതിൽ പങ്കെടുത്തവർക്കും പങ്കെടുക്കാനായി പറഞ്ഞയച്ച എല്ലാ വികാരിമാർക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

## മാതൃവേദി - പ്രാർത്ഥനാദിനം

**സെപ്റ്റംബർ 18 തിങ്കൾ (രാവിലെ 10 മുതൽ 4.00 വരെ)**

**ആരാധനയും വിശുദ്ധ കുർബ്ബാനയും**

അതിരൂപതയിൽ മാതൃവേദിയുടെ വജ്രജൂബിലിയോടനുബന്ധിച്ചും സെപ്റ്റംബർ 18-ാം തിയ്യതി തിങ്കളാഴ്ച്ച പ്രാർത്ഥനാദിനമായി ആചരിക്കുന്നു. ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മാതൃവേദി അംഗങ്ങൾക്കായി ആരാധനയും വിശുദ്ധ കുർബ്ബാനയും ഉണ്ടായിരിക്കുന്നതാണ്. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**വലിയ കുടുംബങ്ങളെ ദത്തെടുക്കൽ**

അതിരൂപതയിലെ മാതൃവേദിയുടെ വജ്രജൂബിലിയോടനുബന്ധിച്ച് പ്രോലൈഫ് പ്രസ്ഥാനത്തോട് സഹകരിച്ച് വലിയകുടുംബങ്ങളെ ദത്തെടുക്കുന്ന സംരഭത്തിൽ പങ്കുചേരുന്നു. അന്നേദിവസം ജീവൻ നൽകുക, സംരക്ഷിക്കുക എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുണ്ടായിരിക്കുന്നതാണ്.

**അച്ചാർ മത്സരം**

അതിരൂപതയിലെ മാതൃവേദിയുടെ വജ്രജൂബിലിയോടനുബന്ധിച്ച് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അച്ചാർ മത്സരം സംഘടിപ്പിക്കുന്നു. വിശദമായ വിവരങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്. നിങ്ങളുടെ സഹായസഹകരണം പ്രതീക്ഷിക്കുന്നു.

**മരിയൻ ക്വിസ് സെപ്റ്റംബർ 18 തിങ്കൾ (2 മുതൽ 4.00 വരെ)**

അതിരൂപതയിലെ മാതൃവേദിയുടെ വജ്രജൂബിലിയോടനുബന്ധിച്ച് മാതൃവേദിയിലെ അംഗങ്ങൾക്കുവേണ്ട് മരിയൻ ക്വിസ് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുന്നു. വിശദവിവരങ്ങൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും. പങ്കെടുക്കാൻ മറക്കരുതേ.

## കുടുംബകൂട്ടായ്മ - ചർച്ചാപഠനപരിശീലന ക്യാമ്പ് (30.09.2017)

ആഗസ്റ്റ് മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഒക്ടോബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് സെപ്റ്റംബർ 30-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

## ഭവനകൂട്ടായ്മ അതിരൂപത തല ഉദ്ഘാടനം (സെപ്റ്റംബർ)

ഒരു കുടുംബകൂട്ടായ്മയിലെ അയൽപക്കങ്ങളിൽ താമസിക്കുന്ന പത്തിനുതാഴെ വരുന്ന കുടുംബങ്ങളുടെ അനൗപചാരികമായ കൂട്ടായ്മയാണ് ഭവനകൂട്ടായ്മ. അയൽപക്ക് ഭവനങ്ങൾ തമ്മിലുള്ള കൂട്ടായ്മയും സഹകരണവും വർദ്ധിപ്പിച്ച് പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിൽ അവരെ പങ്കുകാരാക്കി ആ പ്രദേശത്തെ ക്രൈസ്തവ സാക്ഷ്യമാകുവാൻ ഭവനകൂട്ടായ്മകൾ സഹായിക്കുന്നു. ഈ ലക്ഷ്യത്തിനുവേണ്ടി നമ്മുടെ അതിരൂപത മുഴുവനും ഭവനകൂട്ടായ്മകൾ ആരംഭിക്കുന്നതിന്റെ പ്രതീകമായി ഈ സെപ്റ്റംബർ മാസത്തിൽ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുകയാണ്. എല്ലാ ഇടവകകളിലും ഭവനകൂട്ടായ്മകൾ സ്ഥാപിച്ച് കുടുംബകൂട്ടായ്മകൾ കുറേക്കൂടി സജീവമാക്കാൻ പരിശ്രമിക്കുമല്ലോ.

## അഗതി മന്ദിര സന്ദർശനം (സെപ്റ്റംബർ)

അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ അഗതി മന്ദിരസന്ദർശനം നടത്തുന്നു. എല്ലാ അതിരൂപത ഭാരവാഹികളെയും അഗതിമന്ദിരം സന്ദർശിക്കാനായി സ്നേഹത്തോടെ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് – തിരുമണിക്കൂർ ആരാധന
## സെപ്റ്റംബർ 4 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## പ്രോലൈഫ് അദ്ധ്യാപക സെമിനാർ – 2017
## സെപ്റ്റംബർ 21 വ്യാഴം (രാവിലെ 9.30 മുതൽ 4.00 വരെ)

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ സ്കൂളിലെയും കത്തോലിക്കാ അദ്ധ്യാപിക-അദ്ധ്യാപകർക്കായി ഒരു പ്രോലൈഫ് സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സെപ്തംബർ 21 വ്യാഴാഴ്ച രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 4 മണി വരെ നടക്കുന്ന സെമിനാറിൽ ആധുനിക കാലഘട്ടത്തിലെ ജീവന്റെ വെല്ലുവിളികളും മറ്റ് ആനുകാലിക വിഷയങ്ങളും സംബന്ധിച്ച് പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബന്ധപ്പെടേണ്ട നമ്പർ 9846142576.

| | |
|---|---|
| **ജെയിംസ് ആഴ്ചങ്ങാടൻ** | **ഫാ.ഡെന്നി താണിക്കൽ** |
| പ്രസിഡന്റ് | ഡയറക്ടർ |

# തൃശ്ശൂർ അതിരൂപത
# ബൈബിൾ അപ്പസ്തൊലേറ്റ്

## വെരിത്താസ് ക്വിസ് ഫലപ്രഖ്യാപനം

അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റ് ആദ്യമായി അണിയിച്ചൊരുക്കിയ വെരിത്താസ് ക്വിസ് മത്സരഫലം പ്രഖ്യാപിച്ചു.

A ഗ്രൂപ്പിൽ 61 മാർക്കും, B - F ഗ്രൂപ്പുകളിൽ 66 മാർക്കും നേടിയവർ രണ്ടാം റൗണ്ട് മത്സരത്തിനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. രണ്ടാം റൗണ്ട് മത്സരങ്ങൾ അതതു ഫൊറോനയിൽ 2017 സെപ്റ്റംബർ 24ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് നടത്തപ്പെടുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അതതു ഇടവക ബൈബിൾ ആനിമേറ്റേഴ്സുമായി ബന്ധപ്പെടുക.

ഇടവകതല മത്സരങ്ങൾ വൻ വിജയമാക്കാൻ അക്ഷീണം പ്രയത്നിച്ച വികാരിയച്ചന്മാരേയും, ബൈബിൾ ആനിമേറ്റേഴ്സിനെയും മതബോധന അദ്ധ്യാപകരെയും, ഗുണകാംക്ഷികളേയും നന്ദിയോടെ ഓർക്കുന്നു.

വെരിത്താസ് ക്വിസ് 2017ന്റെ ഉത്തരങ്ങൾക്കും റിസൾട്ടിനും വെബ്സൈറ്റ് സന്ദർശിക്കുക: www.veritasquiz.org

കൂടുതൽ വിവരങ്ങൾക്ക് ബൈബിൾ അപ്പസ്തൊലേറ്റുമായി ബന്ധപ്പെടുക: 0487-2320780, 9447721976, 7558937090

## വെരിത്താസ് ക്വിസ് ഫൊറോനതല മത്സരവിജയികൾ

**CHELAKKARA FORANE**

| Group | Rank | Parish | Name |
|---|---|---|---|
| A | Ist | PARAKKAD | RINU JOSE |
| A | IInd | MULLOORKARA | ASHMI MARIA |
| A | IIIrd | KILLIMANGALAM | ROSEMARY C M |
| B | Ist | CHELAKKARA | DENNA DEVIS |
| B | IInd | MAYANNUR | ABIYA BINU |
| B | IIIrd | CHELAKKARA | JAISON JOSHY |
| C | Ist | CHELAKKARA | MELVY C J |
| C | IInd | THIRUVILAMALA | BIJOY PALAYOOR |

| | | | |
|---|---|---|---|
| **C** | **III**rd | MULLOORKARA | GREETAL VARGHESE |
| **D** | **I**st | CHELAKKARA | SAJI SOAJAN |
| **D** | **II**nd | MAYANNUR | LEEENA JOSEPH |
| **D** | **III**rd | MAYANNUR | BINDU ROY |
| **E** | **I**st | THIRUVILAMALA | SALY KURIAN |
| **E** | **II**nd | MAYANNUR | LUCY KOCHUMATHEW |
| **E** | **III**rd | PANGARAPPILLY | BLAISY |
| **F** | **I**st | MULLOORKARA | MARY THOMAS |
| **F** | **II**nd | MULLOORKARA | PHILO KURIYAN |
| **F** | **III**rd | CHELAKKARA | SR. DEPPAZZIA |

**ERUMAPETTY FORANE**

| | | | |
|---|---|---|---|
| A | **I**st | VELLARAKAD | ANSON SUNNY |
| A | **II**nd | PATHIYARAM | ANCY JOSEPH |
| A | **III**rd | PATHIYARAM | AARON KURIAKOSE |
| B | **I**st | ERUMAPETTY | ANN LITA BIJU |
| B | **II**nd | VELLARAKAD | AMLIYA SUNNY |
| B | **III**rd | VELLARAKAD | GLORIYA GEEJOI |
| C | **I**st | MARATHAMCODE | SEEMA C O |
| C | **II**nd | KADANGODE | SIMMY BAIJU |
| C | **III**rd | KADANGODE | IRIN ROSE |
| D | **I**st | EYYAL | SR. GEO THERESE |
| D | **II**nd | ERUMAPETTY | AGY ANTONY |
| D | **III**rd | ATTATHARA | SOPHY JOSHY |
| E | **I**st | PAREMPADAM | ELSY JOSE |
| E | **II**nd | EYYAL | LISSY K I |
| E | **III**rd | KADANGODE | MERCY NICHLAVOS |
| F | **I**st | KADANGODE | JOSE P M |
| F | **II**nd | MANGAD | SR. ROGAISA FCC |
| F | **III**rd | KADANGODE | ALICE JOSE |

**KANDASSANKADAVU FORANE**

| | | | |
|---|---|---|---|
| A | **I**st | MANAKODY | ROSE P J |
| A | **II**nd | MANALUR WEST | ELENA BYJU |
| A | **III**rd | KARAMUCK | ANAGHA P J |
| B | **I**st | KARAMUCK NORTH | VIYA MARIYA JOJU |
| B | **II**nd | MANAKODY | SIYA P J |
| B | **III**rd | VELUTHUR | ABHINISHRINE K B |
| C | **I**st | ARIMBOOR | JESMARIYA WILSON |
| C | **II**nd | ENGANDIYUR | MARIYA JINI P V |
| C | **III**rd | VELUTHUR | JINI FRINTO |
| D | **I**st | KARAMUCK NORTH | REJEENA JOJU |

| | | | |
|---|---|---|---|
| D | IInd | KANJANI | LALA SIMON |
| D | IIIrd | ENGANDIYUR | MISHA JUSTIN |
| E | Ist | KARAMUCK NORTH | GEORGE T FRANCIS |
| E | IInd | ENGANDIYUR | OMANA SOLOMON |
| E | IIIrd | MULLASSERY | PHILOMINA PAUL |
| F | Ist | MULLASSERY | ANNIE JOSE |
| F | IInd | ENAMAKKAL | DEVASSY C V |
| F | IIIrd | KANJANI | T D ELIA |

**KOTTEKAD FORANE**

| | | | |
|---|---|---|---|
| A | Ist | PERAMANGALAM | SAMUEL SHAJU.T |
| A | IInd | KOLANGATTUKARA | DIYA .ROSE |
| A | IIIrd | PERAMANGALAM | ISSA THERES |
| B | Ist | KOTTEKAD | ANDRIYA ANTO |
| B | IInd | PERAMANGALAM | CELIN.C.J |
| B | IIIrd | MUNDUR | SR. CHRISTY FSSH |
| C | Ist | PERAMANGALAM | WIMBLE THOMAS |
| C | IInd | KUTTUR | JINI SIJO |
| C | IIIrd | KOLANGATTUKARA | DIXY N J |
| D | Ist | VARADIYAM | SHYJI DENNY |
| D | IInd | KOTTEKAD | REENA VINCENT |
| D | IIIrd | MUNDUR | DEEPTHY PRINCE |
| E | Ist | VIYYUR | ELSY THOMAS |
| E | IInd | VIYYUR | ANNIE P.T |
| E | IIIrd | KOTTEKAD | SR.GRACY VARGHESE |
| F | Ist | KUTTUR | ROSY VARGHESE P |
| F | IInd | VIYYUR | BABY ANTONY |
| F | IIIrd | MUNDUR | LAZAR C P |

**MATTOM FORANE**

| | | | |
|---|---|---|---|
| A | Ist | CHIRALAYAM | ANGEL MARIA GEORG |
| A | IInd | MATTOM | JESWIN PAUL |
| A | IIIrd | MATTOM | BINITTTA E J |
| B | Ist | CHOONDAL | ALBERT CHOONDAL |
| B | IInd | CHOONDAL | ANNA ROOTH C |
| B | IIIrd | MATTOM | RIYA ANTU |
| C | Ist | ELAVALLY | SILJI BINOY |
| C | IInd | CHOONDAL | CINTA JOSEPH |
| C | IIIrd | MATTOM | EDWIN PETER |
| D | Ist | VAKA | SHAJI JOSEPH |
| D | IInd | MATTOM | LINUS C U |
| D | IIIrd | CHOONDAL | SHEEJA JOSE |

| | | | |
|---|---|---|---|
| E | Ist | PUDUSSERY | SHERLY VINCENT |
| E | IInd | KANDANASSERY | SR. ALICE PAUL |
| E | IIIrd | PUDUSSERY | FLORY WILSON |
| F | Ist | KANDANASSERY | CELIN |
| F | IInd | CHITTATTUKARA | OMAMA C L |
| F | IIIrd | CHOONDAL | ANNIE VINCENT |

**OLLUR FORANE**

| | | | |
|---|---|---|---|
| A | Ist | AMMADAM | ALEENA JOHNSON |
| A | IInd | AMMADAM | ALNA ROSE SAJESH |
| A | IIIrd | AMMADAM | ALEENA ANTO |
| B | Ist | OLLUR | MERIN THOMAS |
| B | IInd | OLLUR | TERRIN THOMAS |
| B | IIIrd | OLLUR MARYMATHA | ANU RAPHY |
| C | Ist | KODANNUR | NEETHU SHOWN |
| C | IInd | VALLACHIRA | SIYA RAJU |
| C | IIIrd | PULAKATTUKKARA | AKHILA SHAJI |
| D | Ist | MARATHAKARA | RUBY GEORGE |
| D | IInd | PERINCHERY | SHINCY SOJAN |
| D | IIIrd | OLLUR | SINI THOMAS |
| E | Ist | ANCHERY | OMANA WILSON |
| E | IInd | OLLUR | SENNY CHACKO |
| E | IIIrd | CHIYYARAM VIJAYAMATHA | MARY THANKAM |
| F | Ist | PALAKKAL | K C DEVASSY |
| F | IInd | ANCHERY | KUNJILA CHAKKAPPAN |
| F | IIIrd | OLLUR MARYMATHA | SR.SHALOM |

**PALAYUR FORANE**

| | | | |
|---|---|---|---|
| A | Ist | ARTHAT | ANU MARIYA |
| A | IInd | PALUVAI | SIMI SINTO |
| A | IIIrd | VYLATHUR | AKSHAYA P S |
| B | Ist | PERAKOM | CHRISTEENA MARIYA |
| B | IInd | ARTHAT | GEENA JOSEPH |
| B | IIIrd | VYLATHUR | ALAN ROSE K B |
| C | Ist | ATTUPURAM | LINTA BIJU |
| C | IInd | ARTHAT | AISWARYA K M |
| C | IIIrd | PALAYUR | JOHNSY JOHNSON |
| D | Ist | BRAHMAKULAM | BINI JENSON |
| D | IInd | PAVARATTY | BINI BABU |
| D | IIIrd | VYLATHUR | BEENA JOY |
| E | Ist | ARTHAT | VALSA |
| E | IInd | ATTUPURAM | P L FRANCIS |

| | | | |
|---|---|---|---|
| E | III[rd] | BRAHMAKULAM | C A THANKAMA |
| F | I[st] | PALAYUR | SR.CRUZ MARIYA SABS |
| F | II[nd] | PAVARATTY | MARY CHAKKUNNY |
| F | III[rd] | VYLATHUR | CICILY JOSE |

**PARAPPUR FORANE**

| | | | |
|---|---|---|---|
| A | I[st] | AMBAKKAD | DENIL DAISE |
| A | II[nd] | EDAKKALATHUR | ALLOYIN SEVY |
| A | III[rd] | PURANATTUKARA | ANDREA JOHSON |
| B | I[st] | PARAPPUR | MELVIN BABU |
| B | II[nd] | PURANATTUKARA | AKASH ANTONY |
| B | III[rd] | AMALA NAGAR | RIYA TESSA JOHN |
| C | I[st] | ADATT | ANU ANTONY |
| C | II[nd] | EDAKKALATHUR | SALY BAIJU |
| C | III[rd] | PARAPPUR | LIJI T L |
| D | I[st] | ADATT | SICILY C N |
| D | II[nd] | PURANATTUKARA | LINCY KURIAN |
| D | III[rd] | ADATT | SR. MERIN JOSEPH |
| E | I[st] | PARAPPUR | ANNIE GEORGE |
| E | II[nd] | PURANATTUKARA | WINCY DAVIS |
| E | III[rd] | EDAKKALATHUR | ROSILY CHUMMAR |
| F | I[st] | PERUVALLUR | KOCHUTHRESIA SEBASTAIN |
| F | II[nd] | AMBAKKAD | THANKAMMA JACOB |
| F | III[rd] | EDAKKALATHUR | YOHANNAN V P |

**PATTIKAD FORANE**

| | | | |
|---|---|---|---|
| A | I[st] | KOOTTALA | CATHERIN KURIAN |
| A | II[nd] | VEENDASSERY | ANGEL MARIYA SHIBU |
| A | III[rd] | VEENDASSERY | BINCY BIJU |
| B | I[st] | CHUVANNAMANNU | SENCY C S |
| B | II[nd] | VEENDASSERY | TESSA ISSAC |
| B | III[rd] | VEENDASSERY | RIYA ABRAHAM |
| C | I[st] | KANNARA | JINISH SIMON |
| C | II[nd] | CHUVANNAMANNU | MARIYA |
| C | III[rd] | MULAYAM | EVALIN VIMAL |
| D | I[st] | VANIAMPARA | JINCY GEORGE |
| D | II[nd] | PATTIKAD | SR KRIPA TOMS |
| D | III[rd] | VEENDASSERY | SHERLY JOICHAN |
| E | I[st] | MULAYAM | SR. TREESA |
| E | II[nd] | MANJAKUNNU | JOHNY |
| E | III[rd] | MULAYAM | THRESSIAMA AUGUSTY |
| F | I[st] | PATTIKAD | MARY FRANCIS |

| | | | |
|---|---|---|---|
| F | IInd | PEECHI | SR CLARA |
| F | IIIrd | PATTIKAD | LUSSY ABRAHAM |

**PAZHUVIL FORANE**

| | | | |
|---|---|---|---|
| A | Ist | POOCHINNIPADAM | AMAL P J |
| A | IInd | PAZHUVIL | ANNA AUSTIN |
| A | IIIrd | CHERPU | ALSIN ROSE |
| B | Ist | PERINGOTTUKARA | AKHILA M G |
| B | IInd | CHEVOOR | ANMOL K.A |
| B | IIIrd | CHEVOOR | VINNY ELIZABETH |
| C | Ist | CHIRAKKAL | ALEENA BABU |
| C | IInd | POOCHINNIPADAM | JESSY SHIJO |
| C | IIIrd | CHEVOOR | TANIYA GEORGE |
| D | Ist | POOCHINNIPADAM | BINDU RAJU |
| D | IInd | PERINGOTTUKARA | JEENA JAISON |
| D | IIIrd | CHERPU | SALY BENNY |
| E | Ist | PERINGOTTUKARA | FLORY JOSE |
| E | IInd | PAZHUVIL | SR. MARIYA |
| E | IIIrd | CHERPU | BABY E J |
| F | Ist | CHIRAKKAL | VARGHEESE ANTONY |
| F | IInd | KIZHUPPILLIKARA | ANNAMA A L |
| F | IIIrd | VALAPAD | ROSY DEVASSY |

**PUDUKAD FORANE**

| | | | |
|---|---|---|---|
| A | Ist | VELUPPADAM | BRINTA BABU |
| A | IInd | PALLIKUNNU | CHRISTO JEESON |
| A | IIIrd | VELUPPADAM | ALBY P S |
| B | Ist | MANNUMPETTA | HANNA JOJU |
| B | IInd | VELUPPADAM | ANSITA M A |
| B | IIIrd | MANNUMPETTA | ANN MARY JOHNSON |
| C | Ist | VENDORE | LIVEENA VIPIN |
| C | IInd | MANNUMPETTA | JAIN ROSE GEORGE |
| C | IIIrd | CHENGALUR | NIMISHA VIBIN |
| D | Ist | CHITTISSERY | JOLLY BABU |
| D | IInd | PUDUKAD | SALINI |
| D | IIIrd | PUDUKAD | JANCY |
| E | Ist | VELLANICODE | LUCY |
| E | IInd | PALLIKUNNU | REETHA GEORGE |
| E | IIIrd | MANNUMPETTA | KUMARI PAULOSE |
| F | Ist | VELUPPADAM | ROSILY AUGUSTINE |
| F | IInd | PUDUKAD | VERONICA |
| F | IIIrd | PUDUKAD | KATHREENA |

**PUTHUR FORANE**

| | | | |
|---|---|---|---|
| A | Ist | KOZHUKULLY | JESNALIN ROSE |
| A | IInd | BHARATHA | ALWIN P S |
| A | IIIrd | MANNAMANGALAM | JISNA JINU |
| B | Ist | BHARATHA | ANJALY P S |
| B | IInd | THRIKKUR | MARIA ROSE DANIEL |
| B | IIIrd | KOZHUKULLY | ALNA JOSE |
| C | Ist | MANNAMANGALAM | KEERTHANA SEBASTIAN |
| C | IInd | KOZHUKULLY | ASHIK DAVIS |
| C | IIIrd | MAROTTICHAL | LIJI K J |
| D | Ist | VETTUKAD | DEEPA ROY |
| D | IInd | PONNUKKARA | JIJY JOBY |
| D | IIIrd | VETTUKAD | SARITHA JOSHY |
| E | Ist | VETTUKAD | THRESIAMMA VARGHESE |
| E | IInd | KOZHUKULLY | SHEEBA RAPPAI |
| E | IIIrd | VETTUKAD | JESSY VINCENT |
| F | Ist | PONNUKKARA | THRASYA KUTTY |
| F | IInd | THRIKKUR | SR AMANDA |
| F | IIIrd | THRIKKUR | CELINA JOPSEPH |

**DOLOURS BASILICA FORANE**

| | | | |
|---|---|---|---|
| A | Ist | WEST FORT | THOMAS JOHN |
| A | IInd | AYYANTHOLE | ANNA JOSEPH K |
| A | IIIrd | OLARIKKARA | EVLIN ROSE LISON |
| B | Ist | AYYANTHOLE | NIXON M PAULSON |
| B | IInd | NIRMALAPURAM | ANNE MARIYA |
| B | IIIrd | AYYANTHOLE | DEVA PRATHAP JOY K |
| C | Ist | ARANATTUKARA | ROSE JOE |
| C | IInd | ARANATTUKARA | DIVYA ROSE |
| C | IIIrd | OLARIKKARA | MERIN CYRIAC |
| D | Ist | ARANATTUKARA | STANLIN RAPHEL |
| D | IInd | KURIACHIRA | NIMI SIRIAK |
| D | IIIrd | OLARIKKARA | MERIN THOMAS |
| E | Ist | DOLOURS BASILICA | CICILY PALLAN |
| E | IInd | KANNAMKULANGARA | ELIZABETH DAVI |
| E | IIIrd | OLARIKKARA | GRAZY N C |
| F | Ist | ARANATTUKARA | MARY FRANCIS |
| F | IInd | NEHRU NAGAR | MERCY SEBASTIAN |
| F | IIIrd | NEHRU NAGAR | BABY ANTONY |

**LOURDE CATHEDRAL FORANE**

| | | | |
|---|---|---|---|
| A | Ist | CHEMBUKKAVU | ANLIN MARIA |

| | | | |
|---|---|---|---|
| A | IInd | MUKKATTUKARA | HELNA MARIYA |
| A | IIIrd | MADONA NAGAR | SAJIL |
| B | Ist | MADAKKATHARA | MINSA MARIA |
| B | IInd | PARAVATTANI | ANITTA |
| B | IIIrd | PARAVATTANI | MARIYA SUNNY |
| C | Ist | MARIAPURAM | JAIN JAMES |
| C | IInd | OLLUKARA | MERIN DAVID |
| C | IIIrd | MUKKATTUKARA | RIYA K JOHNY |
| D | Ist | MARIAPURAM | LINDA PRINIL |
| D | IInd | PUNKUNNAM | ROSNOW AUSTIN |
| D | IIIrd | MANNUTHY | SR. JISNA CSS |
| E | Ist | PUNKUNNAM | VALSA ANTONY |
| E | IInd | MARIAPURAM | GLITTY |
| E | IIIrd | MUKKATTUKARA | MERCY GEORGE |
| F | Ist | NELLIKKUNNU | SANTHA MATHEW |
| F | IInd | MANNUTHY | VAREED C R |
| F | IIIrd | LOURDE CATHEDRAL | ALICE FRANCIS |

**VELUR FORANE**

| | | | |
|---|---|---|---|
| A | Ist | VELUR | ANGEL ROSE BABY |
| A | IInd | MUNDATHIKODE | STEPHY STANLY |
| A | IIIrd | KUTTAMKULAM | MERIN C T |
| B | Ist | VELLATTANJUR | ROSE MARY.P.X. |
| B | IInd | VELUR | DENCYMOL BABY |
| B | IIIrd | THALAKKOTTUKARA | ALBIN BENNY |
| C | Ist | VELLATTANJUR | EVLIN ROSE RAPHY |
| C | IInd | MUNDATHIKODE | REEJA M J |
| C | IIIrd | PARANNUR | SOURABH THOMSON |
| D | Ist | THAYYUR | REEJA JOY |
| D | IInd | KUTTAMKULAM | SHERLY JOY |
| D | IIIrd | PARANNUR | SHEELA SUNNY |
| E | Ist | THAYYUR | REETHA JOSE |
| E | IInd | CHIRANELLUR | SOPHI JOSE |
| E | IIIrd | VELUR | ANNIE ANTONY |
| F | Ist | PARANNUR | ELSY ANTONY |
| F | IInd | THALAKKOTTUKARA | ANTONY K I |
| F | IIIrd | VELLATTANJUR | K K FRANCIS |

**WADAKKANCHERY FORANE**

| | | | |
|---|---|---|---|
| A | Ist | WADAKANCHERY | ALEENA ANTONY |
| A | IInd | KARUMATHRA | RINYA P REGI |
| A | IIIrd | THIROOR | ANGEL P J |

| | | | |
|---|---|---|---|
| B | Ist | THIROOR | MARIYA PAULSON |
| B | IInd | KUNDANNUR | AMAL. M. K. |
| B | IIIrd | WADAKANCHERY | ANNET ROSE S |
| C | Ist | VARAVOOR | LINCE SHARLO |
| C | IInd | THIROOR | C D DIVYA |
| C | IIIrd | KARUMATHRA | SONIYA P J |
| D | Ist | THIROOR | GIGI THOMAS |
| D | IInd | KOLAZHY | SUBHA SABU |
| D | IIIrd | THIROOR | SMITHA LAWRANCE |
| E | Ist | KOLAZHY | PIUSHA ANTONEY |
| E | IInd | KOLAZHY | KUNJUMOL THOMAS |
| E | IIIrd | KOLAZHY | LILLY JOSE |
| F | Ist | THIROOR | ELIZEBATH FRANCIS |
| F | IInd | THIROOR | MARY GEORGE |
| F | IIIrd | WADAKANCHERY | FILOMINA FRANCIS |

**OTHER CENTERS**

| | | | |
|---|---|---|---|
| A | Ist | CALVARY ASRAMAM | KIRAN VARGHESE |
| A | IInd | CALVARY ASRAMAM | AKHIL M.S |
| A | IIIrd | CALVARY ASRAMAM | AKASH C.J |
| B | Ist | ST. MARY'S MINOR SEMINARY | ROJAN |
| B | IInd | L.F UNIT, MAMMIYUR | ASP.JESLIN ROSE PUTHUR |
| B | IIIrd | CALVARY ASRAMAM | SANA SEBASTIAN |
| C | Ist | PEACE HOME | MANJU |
| C | IInd | NIRMALA RANI PH | SR.STEFFYSABS |
| C | IIIrd | NIRMALA RANI PH | TISA THANICKAL |
| D | Ist | Cheroor, ST. JOSEPH'S | SR. MARY ROSE |
| D | IInd | Cheroor, ST. JOSEPH'S | SR. EMILIA |
| D | IIIrd | LOURDE NATHA PH | SR.RESMI PAUL |
| E | Ist | PEACE HOME | MARY |
| E | IInd | MPH, KOORKKANCHERY | SR CICI ANTO CSC |
| E | IIIrd | LOURDE NATHA PH | SR.MABILE MATHEW |
| F | Ist | Cheroor, ST. JOSEPH'S | SR. ISABELLA |
| F | IInd | MPH, KOORKKANCHERY | SR EDWARD CSC |
| F | IIIrd | L.F UNIT, MAMMIYUR | SR.JANEVIEVE |

## ഇതര വെരിത്താസ് മത്സരഫലം

**ഇതര വെരിത്താസ് ക്വിസിന്റെ ഫലപ്രഖ്യാപനം 2017 സെപ്റ്റംബർ 08ന് ആയിരിക്കും.** ഉത്തരങ്ങൾക്കും റിസൾട്ടിനും വെബ്സൈറ്റ് സന്ദർശിക്കുക: www.veritasquiz.org

## ബൈബിൾ കോഴ്സ്

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ബൈബിൾ മേഖലയിൽ പ്രവർത്തിക്കുന്ന അല്മായർക്കായി 2017 ഒക്ടോബർ 19 -21 തീയതികളിലായി ബൈബിൾ കോഴ്സ് സംഘടിപ്പിക്കുന്നു. ബൈബിൾ വായിക്കുകയും വ്യാഖ്യാനിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതിൽ പരിശീലനം നല്കുകയാണ് ഈ കോഴ്സിന്റെ ലക്ഷ്യം. കേരളത്തിൽ വിവിധയിടങ്ങളിൽ ബൈബിൾ ശുശ്രൂഷാ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒന്നിച്ചുവരുവാനും ആശയങ്ങൾ പങ്കുവയ്ക്കുവാനും ഈ കോഴ്സ് സഹായിക്കും.

മൂന്നുദിവസത്തെ പ്രോഗ്രാമിന് താമസം, ഭക്ഷണം, കോഴ്സ് ഫീ എന്നിവയ്ക്കെല്ലാം കൂടി 1500/- രൂപയാകും. യോഗ്യരായവർക്ക് പ്രത്യേക സബ്സിഡി ഉണ്ടായിരിക്കും. രജിസ്ട്രേഷന് ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. രജിസ്ട്രേഷൻ ചെയ്യേണ്ട അവസാനതീയതി 2017 സെപ്റ്റംബർ 23 ശനിയാഴ്ച.

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

## ബൈബിൾ വർണ്ണങ്ങൾ - 2017

തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റ് സ്ക്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിവരാറുള്ള ബൈബിൾ രംഗങ്ങളുടെ ചിത്രരചനാമത്സരം - **ബൈബിൾ വർണ്ണങ്ങൾ 2017** സെപ്റ്റംബർ 21ന് തൃശ്ശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടത്തുന്നു. ഇതിന്റെ വിജയത്തിനായി സ്ക്കൂൾ അധികാരികളുടെയും, അദ്ധ്യാപകരുടെയും വികാരിയച്ചന്മാരുടെയും മതാദ്ധ്യാപകരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു. സ്ക്കൂളിൽ നിന്നോ, മതബോധന യൂണിറ്റിൽ നിന്നോ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക: 0487-2320780, 9447721976, 7558937090

## തീർത്ഥാടനങ്ങൾ

റോം - യൂറോപ്പ് തീർത്ഥാടനം 2018 മെയ് 1നും, വിശുദ്ധനാട് തീർത്ഥാടനങ്ങൾ ഈ വർഷം 2017 ഒക്ടോബർ 3, നവംബർ 7, ഡിസംബർ 26 എന്നീ തിയ്യതികളിലും, അടുത്ത വേനലവധിക്കാലത്ത് 2018 ഏപ്രിൽ, മെയ് മാസങ്ങളിലും പുറപ്പെടുന്നു.

പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.. ഫോൺ: 0487-2320780, 7558937090, 8921266465

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
അസി. ഡയറക്ടർ

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
ഡയറക്ടർ

# കെ.സി.വൈ.എം.

### ഏഷ്യൻ യൂത്ത് സമ്മേളനം

ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽവച്ചു നടന്ന ഏഷ്യൻ യുവജന ദിനാഘോഷത്തിൽ തൃശ്ശൂർ അതിരൂപത പ്രതിനിധികളായി കെ. സി. വൈ. എം. പ്രസിഡന്റ് അനൂപ് പുന്നപ്പുഴ, ജനറൽ സെക്രട്ടറി ജിയോ ജോൺ, മുൻപ്രസിഡന്റ് ആന്റൊ തൊറയൻ എന്നിവർ പങ്കെടുത്തു. സമ്മേളനത്തിൽ 10 കർദ്ദിനാൾമാരും 40 ബിഷപ്പുമാരും 250 വൈദികരും പങ്കെടുത്തു. സെമിനാറുകൾ, കലാപരിപാടികൾ, ഭവന സന്ദർശനം എന്നിവ സമ്മേളനത്തിന്റെ ഭാഗമായി നടന്നു. 2000 യുവജനങ്ങൾ പങ്കെടുത്ത സമ്മേളത്തിൽ മലയാളികളായി എട്ടുപേർ ഉണ്ടായിരുന്നു. 2020– ൽ നടക്കുന്ന 8–ാമത് ഏഷ്യൻ യൂത്ത് ദിനം ഇന്ത്യയിൽവച്ചാണ് നടക്കുക.

### 15–ാം സിനഡിനുള്ള മുന്നൊരുക്ക രേഖാ പഠനശിബിരം

15–ാം സിനഡിന് മുന്നൊരുക്കമായി നടത്തിയ ഏകദിന രേഖാപഠന ശിബിരത്തിൽ തൃശ്ശൂർ അതിരൂപത കെ. സി. വൈ. എം ഡയറക്ടർ ഫാ. ഡിറ്റോ കൂള, അസി. ഡയറക്ടർ ഫാ. ജെറിൻ അരിമ്പൂർ, പ്രസിഡന്റ് അനൂപ് പുന്നപ്പുഴ, സി. ടീന മരിയ, കരോളി ജോഷ്വാ, മേഫി ഡെൽസൺ, വില്യംസ്, പിൻസി പ്രിൻസ്, സിജോ എം. പി, സിനി എന്നിവർ പങ്കെടുത്തു. 'ആധുനിക യുവത്വം: പ്രതിസന്ധികളും വെല്ലുവിളികളും', 'യുവജന ശുശ്രൂഷയിലെ അജപാലന രീതികളും വെല്ലുവിളികളും', 'സിനഡൊരുക്കത്തിന് ഒരു മാർഗ്ഗരേഖ' എന്നീ വിഷയങ്ങളെക്കുറിച്ചു ചർച്ച നടത്തി.

### യൂണിറ്റ് വിസിറ്റ് നടത്തി

കെ. സി. വൈ. എം. ഡയറ്കടർ ഫാ. ഡിറ്റോ കൂള ചിറക്കക്കോട്, എരുമപ്പെട്ടി, പറപ്പൂർ, പുതുക്കാട് എന്നീ യൂണിറ്റുകളിൽ സന്ദർശനം നടത്തി.

### മദർ തെരേസ അനുസ്മരണം

അതിരൂപത കെ. സി. വൈ. എം–ന്റെ നേതൃത്വത്തിൽ 2017 സെപ്തംബർ 5–ാം തിയ്യതി നെടുപുഴ അന്ന മരിയ ഹോമിൽവച്ച് മദർ തെരേസ അനുസ്മരണം നടത്തുന്നതാണ്. അതിരൂപത കെ. സി. വൈ. എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ കെ. സി. വൈ. എം– പ്രസിഡന്റ് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിക്കുന്നതായിരിക്കും. ഏവരെയും സ്വാഗതം ചെയ്യുന്നു.

| | | |
|---|---|---|
| **ഫാ. ഡിറ്റോ കൂള** | **അനൂപ് പുന്നപ്പുഴ** | **ജിയോ ജോൺ** |
| ഡയറക്ടർ(9446937601) | പ്രസിഡന്റ് ( 9847107707) | ജനറൽ സെക്രട്ടറി (9847678767) |

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, തൃശ്ശൂർ

**1. ക്വിറ്റ് ലിക്കർ ഡേ ആചരണം നെല്ലങ്കരയിൽ**

ഓഗസ്റ്റ് 9 ബുധനാഴ്ച ക്വിറ്റ് ലിക്കർ ഡേ ആയി ആചരിച്ചു. അതിന്റെ ഭാഗമായി നെല്ലങ്കര പള്ളിയിൽ വൈകീട്ട് അതിരൂപത സമിതിയുടെയും യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ബോധവൽക്കരണസമ്മേളനം സംഘടിപ്പിച്ചു. അതിരൂപത ചാൻസലർ വെരി. റവ. ഫാ. സണ്ണി കുറ്റിക്കോട്ടയിലച്ചനാണ് ഉദ്ഘാടനം ചെയ്തത്. കുടംബകോടതിയിലെ ദീർഘകാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കുടുംബപ്രശ്നങ്ങളുടെ മുഖ്യകാരണം മദ്യപാനമാണെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. വ്യക്തികളെയും കുടുംബങ്ങളെയും മദ്യവിമുക്തമാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. നാലു നൂറ്റാണ്ടുകൾക്കുമുമ്പ് 1599–ൽ അരങ്ങേറിയ ഉദയമ്പേരൂർ സൂനഹദോസ് – ശ്രീനാരായണ ഗുരുദേവൻ ഭൂജാതനാകുന്നതിനു മൂന്നു നൂറ്റാണ്ടുകൾക്കു മുമ്പ് – “ക്വിറ്റ് ലിക്കർ” എന്നു നസ്രാണികളോട് ആവശ്യപ്പെട്ട ചരിത്രസത്യം ഡയറക്ടറച്ചൻ ആമുഖപ്രസംഗത്തിൽ അനുസ്മരിപ്പിച്ചു. ശ്രീ. സുനീഷ് സ്രാമ്പിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഇ. എ. ജോസഫ്, ജോൺസൺ കുന്നമ്പിള്ളി എന്നിവർ ക്ലാസ്സെടുക്കുകയുണ്ടായി. ശ്രീ. ജോസ് ചെമ്പിശ്ശേരി, സി. സി. സാജൻ, പ്രൊഫ. അന്നം ജോൺ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. കരുമത്ര പള്ളി വികാരി ഫാ. ജോബി പുത്തൂരാണ് പ്രാർത്ഥന നയിച്ചത്. ശ്രീ. റപ്പായി മേച്ചേരി സമുചിതമായി കൃതജ്ഞത പ്രകാശിപ്പിച്ചു. വികാരി ഫാ. ഡെമിൻ തറയിൽ, റപ്പായി മേച്ചേരി, ഫ്രാൻസിസ് തേർമഠം, സുനീഷ് സ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**2. നേതൃത്വപരിശീലനം, അർദ്ധവാർഷികാവലോകനം**

ജൂലൈ 30 ന് നടത്താൻ നിശ്ചയിച്ചിരുന്നതും അപ്രതീക്ഷിതമായ ഹർത്താൽമൂലം മാറ്റിവയ്ക്കേണ്ടിവന്നതുമായ ഈ പരിപാടി ഓഗസ്റ്റ് 27 ഞായറാഴ്ച തൃശൂർ പാസ്റ്ററൽ സെന്ററിൽ സജ്ജീകരിച്ചിരിക്കുന്നു. സമയക്രമത്തിൽ

സാരമായ മാറ്റമില്ല. ഡയറക്ടറച്ചന്റെ കാർമ്മികത്വത്തിൽ ബലിയർപ്പിച്ചുകൊണ്ട് ആരംഭിക്കും. തുടർന്നുള്ള നേതൃത്വപരിശീലനക്യാമ്പ് ചേറൂർ ക്രൈസ്റ്റ് ഡയറക്ടർ ഫാ. സെബി കവലക്കാട്ട് ഉദ്ഘാടനം ചെയ്യുന്നതാണ്. മികച്ച സംഘാടകനും പ്രഭാഷകനുമായ അഡ്വ. ചാർലി പോൾ ക്ലാസ്സെടുക്കുന്നതായിരിക്കും. സംഘടനാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ലക്ഷ്യം വച്ചുകൊണ്ട് സംഘടിപ്പിക്കുന്ന ഈ സദുദ്യമത്തിൽ സംബന്ധിച്ച് സഹകരിക്കണമെന്ന് എല്ലാവരെയും അനുസ്മരിപ്പിക്കുന്നു. പങ്കെടുക്കുന്നവർക്ക് ഇവിടെ ഉച്ചഭക്ഷണം ക്രമീകരിക്കുന്നുണ്ട്. മാസാന്ത്യ ഞായറിൽ പതിവുള്ള എക്സിക്യൂട്ടീവ് യോഗം അർദ്ധവാർഷികാവലോകനത്തെ തുടർന്ന് ഉണ്ടായിരിക്കും.

**3. ജാഗ്രത പാലിക്കുക**

ഏതു വീട്ടിലും ഏതാഘോഷത്തിനും പ്രത്യേകിച്ച് ആരുടെയും അനുവാദം കൂടാതെ ആർക്കും മദ്യം വിളമ്പാൻ ഹൈക്കോടതി അനുവദിച്ചിരിക്കുകയാണല്ലോ. ഇത് സഭയുടെ പ്രഖ്യാപിതനയമായ മദ്യവിമുക്തസഭയും സമൂഹവും എന്ന ലക്ഷ്യത്തിനും ചൈതന്യത്തിനും കടകവിരുദ്ധമാണ്. നമ്മെ സംബന്ധിച്ച് അത്യന്തം അബദ്ധജഡിലവും വിനാശകരവും ദുർമാതൃകാപരവുമാണ് ഈ വിധി. ഇത് അപലപനീയവും പ്രതിഷേധാർഹവുമാണ്. ഈ ചിന്ത ജനഹൃദയങ്ങളിലേക്കെത്തിക്കുവാനും മദ്യവിരുദ്ധതരംഗം സൃഷ്ടിക്കുവാനും കോടതിവിധിയുടെ വെളിച്ചത്തിൽ വീടുകളെ ബാറുകളാക്കരുതെന്ന് ഉദ്ബോധിപ്പിക്കുവാനും എല്ലാ മദ്യവിരുദ്ധ പ്രവർത്തകരേയും ആഹ്വാനം ചെയ്യുന്നു.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി. ആർ. ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 674-ാമതും തൃശ്ശൂർ കൂരിയായുടെ 725-ാമതും സമ്മേളനം 2017 ആഗസ്റ്റ് 6 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30ന് കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അധ്യക്ഷതയിലും ആധ്യാത്മികനിയന്താവ് ബഹു. ജോൺ മൂലനച്ചന്റെയും അസി. ആധ്യാത്മിക നിയന്താവ്

റവ. ഡോ. സി. മാഗി ജോസിന്റയും സാന്നിധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വച്ച് പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് 302 മുതൽ 303 വരെ ഭാഗം ബ്ര. പ്രസിഡന്റ് ജ്ഞാന വായന നടത്തി. ജോ. സെക്രട്ടറി സി. റോസിലി ജോസഫ് മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. ജിമ്മി റാഫേൽ മുൻമാസവരവ്–ചെലവ് കണക്കും 2016–2017 വർഷത്തെ വാർഷികകണക്കും അവതരിപ്പിച്ചത് യോഗം പാസ്സാക്കി.

കമ്മീസിയം വൈസ് പ്രസിഡന്റ് സി. എൽസി ജോണി ഹാജർ വിളിച്ചതിൽ കമ്മീസിയം ഭാരവാഹികൾക്കു പുറമേ ഒല്ലൂർ, പുതുക്കാട്, പറവട്ടാനി, പാവറട്ടി, കുരിയച്ചിറ, പഴുവിൽ, ചേർപ്പ്, മരത്താക്കര, കണ്ടശ്ശാംകടവ്, പടിഞ്ഞാറേകോട്ട, ലൂർദ്ദ്, ഏനാമാക്കൽ, പള്ളിക്കുന്ന്, വടക്കാഞ്ചേരി കൂരിയായിൽ നിന്നും വേലൂർ, തിരൂർ, പുറനാട്ടുകര എന്നീ പ്രസീദിയങ്ങളിൽ നിന്നും സൈനികർ ഹാജരുണ്ടായിരുന്നു. പ്രാതിനിധ്യം ഇല്ലാതിരുന്ന കൂരിയ – കാഞ്ഞിരപ്പുഴ, പ്രസീദിയം – കോലഴി, അത്താണി.

കമ്മീസിയം അസി. അധ്യാത്മിക നിയന്താവായി സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാളായ റവ. ഡോ. സി. മാഗി ജോസ് സന്നിഹിതയായിരുന്നതിനാൽ ബ്ര. പ്രസിഡന്റ് പ്രത്യേകം സ്വാഗതം ആശംസിക്കുകയും പൂച്ചെണ്ട് നൽകി സ്വീകരിക്കുകയും ചെയ്തു.

സൈനിക ജപശൃംഖല ചൊല്ലിയതിനുശേഷം ആധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ പ്രഭാഷണം നടത്തി. മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെ മംഗളങ്ങൾ എല്ലാ മരിയ സൈനികർക്കും നേർന്നുകൊണ്ട് തിരുനാളിന് ഒരുക്കമായി എല്ലാ മരിയ സൈനികരും 15 നോമ്പ് ആചരണത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തി.

പ്രവർത്തനറിപ്പോർട്ട് – പടിഞ്ഞാറേകോട്ട, ഏനമ്മാവ്, പള്ളിക്കുന്ന്, പാവറട്ടി, പുതുക്കാട്, കൂരിയാകളിലെ റിപ്പോർട്ട് സമർപ്പിച്ചു.

സംഘം സന്ദർശനം – ലൂർദ്ദ് കൂരിയായിലെ – ഡോളേഴ്സ് ബസിലിക്ക, ലൂർദ്ദ്, ചേറൂർ, നെല്ലങ്കര ഇടവകകളിലെ പ്രസീദിയങ്ങളിലെയും പാവറട്ടി കൂരിയായിലെ പാവറട്ടി, കോട്ടപ്പടി, മറ്റം, ചിറ്റാട്ടുകര, പേരകം പ്രസീദിയങ്ങളിലെയും സന്ദർശന റിപ്പോർട്ട് കമ്മീസിയത്തിൽ സമർപ്പിച്ചു.

കമ്മീസിയം തലത്തിൽ നടത്തുന്ന ആരാധനാദിനത്തിൽ എല്ലാ മരിയ സൈനികരും ബൈബിൾ കൊണ്ടുവരണമെന്ന് ആധ്യാത്മിക നിയന്താവ് അറിയിച്ചു. അവസാന പ്രാർത്ഥനയ്ക്കും ആധ്യാത്മിക നിയന്താവിന്റെ ആശീർവാദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമംഗളം പര്യവസാനിച്ചു.

ഏവർക്കും പരി. അമ്മയുടെ ജനനതിരുനാൾ മംഗളങ്ങൾ നേരുന്നു.

| | | |
|---|---|---|
| **ഫാ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി. സി. കുരിയാക്കോസ്** |
| ആധ്യാത്മിക നിയന്താവ് | കമ്മീസിയം പ്രസിഡന്റ് | കമ്മീസിയം സെക്രട്ടറി |



# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

ജൂബിലി മിഷ്യൻ ഹോസ്പിറ്റലിൽ വെച്ച് 2017 ജൂലൈ 29 ന് വൈകീട്ട് 02.30 ന് തൃശൂർ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ എക്സിക്യൂട്ടീവ് മീറ്റിംങ്ങ് നടന്നു. ഇതുവരെയുള്ള കണക്കുകൾ വായിച്ച് പാസ്സാക്കുകയും, നിർണ്ണായകമായ വിഷയങ്ങളെക്കുറിച്ചും, കർമ്മപരിപാടികളെക്കുറിച്ചുള്ള ചർച്ചകളും ഉണ്ടായി.

ചൂണ്ടൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ജൂലായ് 12, ബുധനാഴ്ച തൃശൂർ അതിരൂപത സി. എൻ. ജി. ഐ. അഡ്വൈസർ റവ. ഫാ. സിജോ അരിക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി നടന്നു. 22 നേഴ്സസ് സി. എൻ.ജി. ഐ. യിൽ പുതിയ അംഗത്വം സ്വീകരിച്ചു. ആതുര ശുശ്രൂഷാരംഗം ഏറെ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ വിവിധ രൂപങ്ങളിലും ഭാവങ്ങളിലും കടന്നുവരുന്ന തിന്മയുടെ ശക്തികളെ തിരിച്ചറിഞ്ഞ് ചെറുക്കുവാനും നിസ്വാർത്ഥസേവനത്തിലൂടെ സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും പ്രകാശം പരത്തുന്ന വ്യക്തികളാകുവാനും നേഴ്സുമാർക്കു കഴിയണം എന്ന സന്ദേശം അച്ചൻ പങ്കുവെച്ചു. അഡ്മിനിസ്ട്രേറ്റർ സി. അൽഫോൺസ് മരിയ ആശംസ നേരുകയും നേഴ്സിംഗ് സൂപ്രണ്ട് സി. ജെസ്ന സി. എൻ. ജി. ഐ. മുൻ പ്രസിഡണ്ട് സി. ലിന്റ, നേഴ്സിംഗ് സ്കൂൾ പ്രിൻസിപ്പാൾ സി. ലിസാ പോൾ എന്നിവർ നേതൃത്വം നൽകുകയും ചെയ്തു.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവിഡ് FCC**
സെക്രട്ടറി

# കെ.സി.എസ്.എൽ.

**സാഹിത്യത്സവം – 12.09.2017**

12.09.17 ന് സെന്റ് തോമസ് കോളേജ് H.S.S. ൽ വച്ച് ഈ വർഷത്തെ K.C.S.L. സാഹിത്യോത്സവം നടത്തപ്പെടുന്നു. 9.30 am ന് ആരംഭിച്ച് 03.30 pm ന് അവസാനിക്കുന്നതാണ്. 137 യൂണിറ്റുകളിൽനിന്നായി 1000ത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.

സാഹിത്യോത്സവദിവസം 02.00 pmന് കൂപ്പൺ നറുക്കെടുപ്പും, ചാരിറ്റി ഫണ്ട് വിതരണവും, സ്കോളർഷിപ്പ് വിതരണവും നടത്തുന്നതാണ്. യൂണിറ്റിലെ ഉത്തരവാദിത്വമുള്ളവർ ചാരിറ്റി ഫണ്ട് സ്വീകരിക്കാനും, തെരഞ്ഞെടുക്കപ്പെട്ട അർഹരായ വിദ്യാർത്ഥികൾ കൃത്യസമയത്ത് സെന്റ് തോമസ് കോളേജ് H.S.S. ൽ എത്തിച്ചേരേണ്ടതാണ്.

**കലോത്സവം 21.09.2017**

അതിരൂപത K.C.S.L. കലോത്സവം സെന്റ് തോമസ് കോളേജ്, സെന്റ് തോമസ് കോളേജ് H.S.S. എന്നിവിടങ്ങളിലായി 21.09.17 ൽ നടത്തപ്പെടുന്നു. 137 യൂണിറ്റുകളിൽ നിന്നായി 2500 കലാപ്രതിഭകൾ മത്സരത്തിൽ പങ്കെടുക്കുന്നു. K.C.S.L. മാർഗരേഖയിലുള്ള അറിയിപ്പിന്റെ അടിസ്ഥാനത്തിൽ വിവിധ കലാപരിപാടികളിൽ പങ്കെടുക്കേണ്ടതാണ്.

കലോത്സവദിവസം 02.00 pm ന് ഈ വർഷത്തെ ചാരിറ്റി കൂപ്പൺ വിജയികൾക്കുള്ള സമ്മാനങ്ങൾ സെന്റ് തോമസ് കോളേജ് H.S.S. ൽ വിതരണം ചെയ്യുന്നതാണ്. ബന്ധപ്പെട്ട വിജയികൾ കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

21.09.17 04.00 pmന് K.C.S.L വിമാനയാത്രയ്ക്ക് തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെയും അവരുടെ രക്ഷിതാക്കളുടെയും ഒരു മീറ്റിംഗ് സെന്റ് തോമസ് കോളേജ് H.S.S. ൽ ചേരുന്നു. വിമാനയാത്രയിൽ പങ്കെടുക്കുന്നവർ നിർബന്ധമായും മീറ്റിംഗിൽ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഡോ. ജോൺ റാഫേൽ**
പ്രസിഡണ്ട്

**ഫാ. ആന്റണി ചെമ്പകശ്ശേരി**
സെക്രട്ടറി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

1. ഫാ. ജൈൽസ് ചേറ്റുപുഴക്കാരന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
2. വിൻസെൻഷ്യൻ അംഗത്വം 25, 50 വർഷം (2016–2017ൽ) പൂർത്തീകരിച്ചവരുടെ പേരുവിവരങ്ങളും ഫോട്ടോയും 01.09.2017 ന് മുമ്പ് സി. സി. യിൽ നൽകേണ്ടതാണ്.
3. സി. സി. യൂത്ത് സെമിനാർ 2017 സെപ്തംബർ 8, 9, 10 തിയ്യതികളിൽ വിൻസെൻഷ്യൻ അഭയകേന്ദ്രത്തിൽ വെച്ച് നടത്തുന്നു. ഒരു A.C. യിൽനിന്ന് 3 യുവാക്കൾ പങ്കെടുക്കണം.
4. നാഷണൽ കൗൺസിൽ സ്കോളർഷിപ്പ് അപേക്ഷകൾ 01.09.2017 ന് മുമ്പ് സി സി ആഫീസിൽ ഏൽപ്പിക്കുക.
5. സെപ്തംബർ അംഗത്വമാസമായി ആചരിക്കുകയും സംഘടനയിൽ പുതിയ അംഗങ്ങളെ ചേർക്കുകയും വേണം.
6. സി. സി. അംഗങ്ങളുടെയും A.C. ഭാരവാഹികളുടെയും സംയുക്തയോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. വാർഷിക റിപ്പോർട്ടുകൾ ചർച്ച ചെയ്തു. നാഷണൽ കൗൺസിൽ പ്രൊജക്ട് ആഫീസർ ബ്ര. ബേബി തെക്കൻ ക്ലാസ്സെടുത്തു.
7. പുതുക്കാട് ഫൊറോന പള്ളിക്ക് സമീപം റെയിൽവേ സ്റ്റേഷൻ റോഡിൽ ആൻമരിയ കോംപ്ലക്സിൽ 'വിൻസെൻഷ്യൻ മെഡിക്കൽസ്' പ്രവർത്തനം ആരംഭിച്ചു. ഏറ്റവും കുറഞ്ഞവിലയിൽ ഇംഗ്ലീഷ് മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പുതുക്കാട് ഫൊറോനയിലെ 23 കോൺഫ്രൻസുകൾ ചേർന്നാണ് ഈ സ്ഥാപനം തുടങ്ങിയിരിക്കുന്നത്. ഇതിന്റെ ആശീർവ്വാദനകർമ്മം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും ഉദ്ഘാടനം സംഘടനയുടെ അതിരൂപത ഡയറക്ടർ ഫാ. ആന്റണി ചെമ്പകശ്ശേരിയും നടത്തി. പുതുക്കാട് ഫൊറോന വികാരി വെരി. റവ. ഫാ. പോൾസൺ പാലത്തിങ്കൽ അദ്ധ്യക്ഷനായിരുന്നു. ചിറ്റിശ്ശേരി സെന്റ് മേരീസ് വികാരി ഫാ. ജോബ് വടക്കൻ ആദ്യവിൽപന നിർവ്വഹിച്ചു. A.C. പ്രസിഡണ്ട് ബ്ര. ജോസ് ജെ. മഞ്ഞളി സ്വാഗതവും ബ്ര. എ. രാജേഷ് നന്ദിയും പറഞ്ഞു.

**പോൾസൺ കെ. കെ.** സെക്രട്ടറി




# ഫ്രാൻസിസ്കൻ അത്മായ സഭ

## സമാധാനവും സൗഭാഗ്യവും

തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അത്മായ സഭയുടെ പ്രവർത്തക സമിതിയുടെ യോഗം 13.08.2017 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 03.00 മണിക്ക് വടക്കാഞ്ചേരി എ. ആർ. സി. യിൽ വെച്ച് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. സെക്രട്ടറി പി. ഐ. സൈമൺ റിപ്പോർട്ടും ട്രഷറർ ടി. കെ. ഡേവിസ് കണക്കും അവതരിപ്പിച്ചു. ഡയറക്ടർ ഫാ. ഷിന്റോ ഞർളേലി, ഫാ. ജോസ് പുല്ലോക്കാരൻ, ഫാ. ബിനോയ് കോതകുളത്ത് എന്നിവർ പ്രസംഗിച്ചു. സിസ്റ്റർ റോസ്‌ലിൻ, സിസ്റ്റർ ഫ്ളവർലിറ്റ്, സിസ്റ്റർ ലിറ്റി തെരേസ, സിസ്റ്റർ നിത്യറോസ്, സെലീന ജോൺ, കെ. കെ. ജേക്കബ്, കൊച്ചുലാസർ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

ഒക്ടോബറിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാൾ എല്ലാ യൂണിറ്റുകളിലും ഭക്തിപൂർവ്വം നടത്തുവാനും റീജിയണൽ തലത്തിൽ നവംബറിൽ ആഘോഷിക്കുവാനും തീരുമാനിച്ചു. ഒക്ടോബറിലെ ജപമാല ആചരണത്തിൽ ഇടവകകളിൽ സജീവമായി പങ്കെടുക്കുവാനും നേതൃത്വം നൽകുവാനും നിർദ്ദേശിച്ചു. ഈ വർഷം മുതൽ അർത്ഥിനികളെ സ്വീകരിക്കലും, സഭാവസ്ത്രസ്വീകരണവും വ്രതവാഗ്ദാനചടങ്ങുകളും അതാത് യൂണിറ്റുകളിൽ വെച്ച് തന്നെ നടത്തുവാൻ തീരുമാനിച്ചു.

**സണ്ണി വടക്കൻ**
(അതിരൂപത പ്രസിഡണ്ട്)

# കേരള ലേബർ മൂവ്മെന്റ്

**ജൂൺ–ആഗസ്റ്റ് മാസങ്ങളിലെ റിപ്പോർട്ട്**

കേരള ലേബർ മൂവ്മെന്റിന്റെ മാർച്ച്, ഏപ്രിൽ, മെയ്, മാസങ്ങളിൽ സംഘടിപ്പിച്ച വനിതദിനം, പതാകദിനം, മെയ്ദിനം, തുടങ്ങിയ പരിപാടികളെല്ലാം വൻവിജയമാക്കിത്തീർക്കുവാൻ സഹകരിച്ച ഏവർക്കും പ്രത്യേകിച്ച് സംഘടിപ്പിക്കാൻ നേതൃത്വം വഹിച്ച യഥാക്രമം എടക്കളത്തൂർ, എളവള്ളി, പുതുക്കാട്, യൂണിറ്റുകൾക്കും നന്ദിയും അനുമോദനങ്ങളും.

കെ. എൽ. എം. നേതൃത്വം നൽകി വരുന്ന വിവധ തൊഴിലാളി ഫോറങ്ങളിൽ അംഗമായി പരസ്പര സഹായ സാമൂഹ്യ സുരക്ഷാ പദ്ധതി, പെൻഷൻ ഫണ്ട്, ക്ഷേമനിധി ഫണ്ട് തുടങ്ങിയ വിവിധ സുരക്ഷാ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഏവർക്കും ലഭ്യമാക്കുന്നതിനായി ഇടവകതല സംഘടനാ സംവിധാനം കൂടുതൽ സുസംഘടിതവും ക്രിയാത്മകവുമായി മാറേണ്ടതുണ്ടെന്നും അംഗത്വബലം പരമാവധി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും മാർച്ച് 9ന് നടന്ന ഒന്നാംപാദ വാർഷിക ജനറൽ ബോഡി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്ന ഇത്തരം ക്ഷേമപ്രവർത്തന ങ്ങളുടെ പരമാവധി വ്യാപനത്തിനായി ഫൊറോന, ഇടവക സമിതികളുടെ പരിപൂർണ്ണ സഹകരണം സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ഏകദിന നേതൃത്വ പരിശീലനം**

തലോർ ഇടവകയിൽ വെച്ച് അതിരൂപതയിലെ എല്ലാ കെ.എൽ.എം യൂണിറ്റുകളിലേയും ഭാരവാഹികൾക്കും ട്രെയ്ഡ് യൂണിയൻ രജിസ്ട്രേഷൻ ഉള്ളതുമായ വിവിധ തൊഴിലാളിഫോറങ്ങളുടെ ഭാരവാഹികൾക്കും ഏകദിന നേതൃത്വ പരിശീലനം സംഘടിപ്പിച്ചു. ജൂൺ 11 ന് ഞായറാഴ്ച രാവിലെ 9.30ന് വി. കുർബാനയോടെ ആരംഭിച്ച പരിപാടികൾ ഒല്ലൂർ എം.എൽ.എ. അഡ്വ. കെ. രാജൻ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ സാമൂഹ്യ സാമ്പത്തീക സാഹചര്യ ങ്ങളിൽ അസംഘടിത തൊഴലാളികൾക്ക് കേരള ലേബർ മൂവ്മെന്റ് നല്കുന്ന സേവനങ്ങൾ മാതൃകാപരമെന്ന് അദ്ദേഹം സൂചിപ്പിച്ചു. വിദ്യഭ്യാസ- ആതുര-സാമൂഹ്യ ശുശ്രൂഷ മേഖലകളിൽ കത്തോലിക്ക സഭ നല്കിവരുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് ഒപ്പം നില്ക്കുന്ന ആദർശപരവും ചരിത്രപ്രാധാന്യമുള്ളതുമായ ഒരു കർമ്മമേഖലയാണ് തൊഴിലാളികളുടെ

ശാക്തീകരണത്തിനായി കെ.എൽ.എം. ന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതി എന്ന പേരിൽ കെ.എൽ.എം. നടപ്പിലാക്കിയിരിക്കുന്നതും, പെൻഷനും മറ്റു ആനുകൂല്യങ്ങളും അപകട ഇൻഷുറൻസും ഉൾപെടുന്ന മറ്റ് സർക്കാർ സുരക്ഷപദ്ധതികൾ സാധാരണ ക്കാർക്കിടയിൽ പ്രചരിപ്പിക്കുന്നതും തൊഴിലാളികൾക്ക് ഇവയിൽ നിന്നുള്ള ആനുകൂല്യങ്ങളും നേടിക്കൊടുക്കുന്നതും ഏറെ പ്രചോദനാത്മകമാണ്. കെ.എൽ.എം. തൃശ്ശൂർ പ്രസിഡന്റ് ശ്രീ. ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂരിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 292 അംഗങ്ങൾ നേതൃപരിശീലന പരിപാടിയിൽ പങ്കെടുത്തു. അസംഘടിത തൊഴിലാളികൾ; സംഘാടനവും ശക്തീകരണവും എന്ന വിഷയം അവതരിപ്പിച്ച് വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ (WIF) ദേശീയ അദ്ധ്യക്ഷനും, Unorganized workers' Trade unions Alliance (UTA) സംസ്ഥാന ചെയർമാനുമായ ശ്രീ. ജോസഫ് ജൂഡ് സെമിനാറുകൾക്കും ചർച്ചകൾക്കും നേതൃത്വം നല്കി. റവ. ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ, ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ എന്നിവർ സംസാരിച്ചു.

**ജെനേസിയൂസച്ചൻ അനുസ്മരണം**

സംസ്ഥാന തലത്തിൽ കേരള ലേബർ മൂവ്മെന്റ് എന്ന തൊഴിലാളി പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് ഏറെ പ്രചോദനമായി അസംഘടിതരും പാർശ്വവൽകരിക്കപ്പെട്ടവരുമായ തൊഴിലാളികളെ സംഘടിപ്പിച്ച് സി. എൽ. എ. എന്ന പ്രസ്ഥാനത്തിനു 1959ൽ ആരംഭം കുറിച്ച CMI വൈദികനായ ജെനേസിയൂസച്ചന്റെ മരണദിനം (ജൂൺ 11) ഒരു ഓർമ്മദിനമായി കെഎൽഎം ആചരിച്ചു. തലോർ ഇടവകയിൽ വെച്ച് നടന്ന പരിപാടികൾക്ക് യൂണിറ്റ് അംഗങ്ങൾ നേതൃത്വം നല്കി. മേരിമാത മേജർ സെമിനാരി റെക്ടർ റവ. ഡോ. ടോണി നീലംകാവിൽ അനുസ്മരണ പ്രഭാഷണം നടത്തി.

**തൊഴിലാളി തൊഴിലുടമ സുഹൃത്സമ്മേളനം**

ജൂലൈ 16 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം 3 മണിക്ക് തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ വെച്ച് കെ.എൽ.എം. സംഘടിപ്പിച്ച സെമിനാറിലും ചർച്ച കളിലും പീടിക തൊഴിലാളികളായ നൂറോളം കെ. എൽ. എം. അംഗങ്ങളും ഈ മേഖലയിലെ സംരംഭകരും, തൊഴിലാളി നേതാക്കളും, മറ്റു കെ. എൽ. എം. അംഗങ്ങളും പങ്കെടുപ്പിക്കുകയുണ്ടായി. പീടികതൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ, സേവന വേതനവ്യവസ്ഥകൾ, നിയമപരമായ അവകാശങ്ങൾ ആനുകൂല്യങ്ങൾ, ക്ഷേമനിധി, സാമൂഹ്യസുരക്ഷാപദ്ധതികൾ എന്നിവയെ കുറി ച്ചുള്ള ചർച്ചകൾ നടക്കുകയും വിശദമായി വിശകലനം ചെയ്യപ്പെടുകയും ചെയ്ത യോഗം ശ്രീ. മുരളി പെരുനെല്ലി എം. എൽ. എ. യാണ് ഉദ്ഘാടനം ചെയ്തത്.

കെ. എൽ. എം. പ്രസിഡണ്ട് ശ്രീ. ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. ജോർജ്ജ് തോമാസ് നിരപ്പുകാലായിൽ ആമുഖ പ്രസംഗം നടത്തി. 'പീടികതൊഴിലാളികളുടെ അവകാശസംരക്ഷണവും സാമൂഹ്യ സുരക്ഷയും' എന്ന വിഷയത്തിൽ ണകഎ ദേശീയ പ്രസിഡണ്ട് ശ്രീ. ജോസഫ് ജൂഡ് വിഷയാവതരണം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർ ശ്രീ. ടി. ആർ. രജീഷ്, ഭാരതീയ ഉദ്യോഗ് വ്യാപാർ മണ്ഡൽ ദേശീയ സെക്രട്ടറി ഡോ. എം. ജയപ്രകാശ്, സി. ഐ. ടി.യു. ജില്ലാ ജനറൽ സെക്രട്ടറി ശ്രീ. എ. ടി. ജോസ്, എച്ച്. എം. എസ്. ജില്ലാ പ്രസിഡണ്ട് ശ്രീ. പി. വിജയ് കുമാർ, ബി. എം. സ്. ജില്ലാ ജോ. സെക്രട്ടറി ശ്രീ. പി. ആനന്ദ്കുമാർ, കെ. എൽ. എം. പീടികതൊഴിലാളി ഫോറം സംസ്ഥാന സെക്രട്ടറി ശ്രീ. പി. ജെ. ഷാജു പങ്കെടുത്തു. കെ. എൽ. എം. സംസ്ഥാന വൈ. പ്രസിഡണ്ട് ശ്രീ. ഷാജു ആന്റണി എന്നിവർ നേതൃത്വം നൽകി. കെ. എൽ. എം. ജന. സെക്രട്ടറി മോളി ജോബി യോഗത്തിന് സ്വാഗതവും പീടികതൊഴിലാളി ഫോറം ജന. സെക്രട്ടറി സ്റ്റാൻലി മടത്തുംപടി നന്ദിയും പറഞ്ഞു.

**ദൈവാലയ ശുശ്രൂഷികളുടെ ധ്യാനം**

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ദൈവാലയ ശുശ്രൂഷികളുടെ വാർഷീക ധ്യാനം കുറുമാൽ ഗാഗുൽത്ത ധ്യാനകേന്ദ്രത്തിൽ ജൂലൈ 16-20 തിയ്യതികളിൽ നടന്നു. 88 ദൈവാലയ ശുശ്രൂഷികൾ സംബന്ധിച്ച ധ്യാനത്തിൽ റവ. ഫാ. പോളി കണ്ണൂക്കാടൻ, റവ. ഫാ. ജെയ്സൺ മാറോക്കി, ഫാ. ജോയ്സൺ, ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ, ശ്രീ. ബാബു, ശ്രീ. ടോണി, ശ്രീ. ലോനപ്പൻ തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

**യു.ടി.എ ജനറൽ ബോഡി യോഗങ്ങൾ**

കെ.എൽ.എം നേതൃത്വം നൽകിവരുന്ന വിവിധ തൊഴിലാളി ഫോറങ്ങളുടെ സംയുക്ത യോഗങ്ങൾ 09.06.2017, 23.07.2017 എന്നീ തിയ്യതികളിൽ നടത്തുകയുണ്ടായി. എല്ലാ ഫോറങ്ങൾക്കും പ്രാദേശിക നിർവാഹക സമിതികൾ രൂപീകരിക്കുകയും ചെയ്തു.

ജൂൺ 25, 26 തിയ്യതികളിൽ എറണാകുളം പി.ഒ.സിയിൽ വെച്ച് നടത്തിയ സംസ്ഥാനതല യു.ടി.എ ജനറൽ അസംബ്ലി യോഗത്തിൽ നമ്മുടെ അതിരൂപതയിൽ നിന്ന് വിവിധ തൊഴിലാളി ഫോറങ്ങളെ പ്രതിനിധീകരിച്ച് 25 അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. വിവിധ ഫോറങ്ങളുടെ സംസ്ഥാന സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ: ശ്രീ. എൻ.കെ. രാജു - KMTWF പ്രസിഡന്റ്, ശ്രീ. ബാബു ജേക്കബ് - KCTTF പ്രസിഡന്റ്, ശ്രീ. ടിജോ തോമസ് - KCTTF കമ്മിറ്റി അംഗം, ശ്രീ. പോൾസൻ മുണ്ടൂർ - KTWF ജനറൽ സെക്രട്ടറി, ശ്രീമതി മോളി ജോബി - KTWF ട്രഷറർ, ശ്രീ. ഷാജു പേരാമംഗലം - KSEF ജന

റൽ സെക്രട്ടറി, ശ്രീ. സി.സി. ജോസ് - SNTU വൈസ് പ്രസിഡന്റ്, ശ്രീമതി എം.എൽ. ഗ്രേയ്സ് - KDWF ജനറൽ സെക്രട്ടറി, ശ്രീമതി മോളി വർഗ്ഗീസ്, ശ്രീമതി റോസിലി പള്ളിക്കുന്ന് - KDWF കമ്മിറ്റി അംഗങ്ങൾ. തിരിഞ്ഞെടുക്കപ്പെട്ട ഏവർക്കും അതിരൂപത സമിതിയുടെ അനുമോദനങ്ങൾ

**കെ.എൽ.എം മേഖല ഭാരവാഹികളുടെ യോഗം**

കെ.എൽ എം മേഖലാ തല പ്രവർത്തങ്ങൾ വിലയിരുത്തുന്നതിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി ഭാരവാഹികളുടെ യോഗം ആഗസ്റ്റ് 6ന് 4 മണിക്ക് നടത്തുകയുണ്ടായി.

**അർദ്ധ വാർഷിക ജനറൽ ബോഡി യോഗം**

2017 ആഗസ്റ്റ് 20 ഞായറാഴ്ച്ച ഉച്ചയ്ക്കുശേഷം 2.30 ന് പറവട്ടാനി വിമലനാഥപള്ളി ഹാളിൽ വെച്ച് നടത്തുന്ന ജനറൽ ബോഡി യോഗത്തിൽ യൂണിറ്റുകളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അതിരൂപത കൗൺസിലേഴ്സ് എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. മാർ ആൻഡ്രൂസ് പിതാവ് ഈ യോഗത്തിൽ സംബന്ധിക്കുന്നതാണ്. യൂണിറ്റ്, മേഖല (ഫൊറോന) ഡയറക്ടർമാരുടെ സാന്നിദ്ധ്യം പ്രത്യേകം ക്ഷണിക്കുന്നു.

**കെ. എൽ. എം. പ്രവർത്തന ഫണ്ട് ശേഖരണം**

കെ.എൽ.എം യൂണിറ്റ്, മേഖല, അതിരൂപതതല പ്രവർത്തനങ്ങളുടെ സാമ്പത്തിക ഭാരം ലഘൂകരിക്കുന്നതിനായ് ഒരു പ്രവർത്തന ഫണ്ട് ശേഖരണം നടത്തുന്നു. അതിന്റെ വിജയകരമായ സഹകരണത്തിനായ് താഴെ സൂചിപ്പിക്കും വിധം പ്രതിഫലങ്ങൾ നൽകുവാൻ തീരുമാനിച്ചു. 500 ൽ കൂടുതൽ എണ്ണം വിറ്റ് ആഗസ്റ്റ് 30 നകം അതിരൂപത ഓഫീസിൽ എത്തിക്കുന്നവർക്ക് 2000 രൂപ സമ്മാനം. ഈ ഫണ്ട് രൂപീകരണ കാലയളവിൽ 500 എണ്ണത്തിൽ കൂടുതൽ വിറ്റഴിക്കുന്ന യൂണിറ്റുകളിൽ ആദ്യ 5 സ്ഥാനത്ത് വരുന്നവർക്ക് യഥാക്രമം, 5000, 4000, 3000, 2500, 2000 എന്ന തോതിൽ സമ്മാനങ്ങളും മെമന്റോയും നൽകുന്നു. കൂടാതെ 500 എണ്ണം പൂർണ്ണമായ് വിറ്റുതീർക്കുന്ന യൂണിറ്റുകൾക്ക് 1000 രൂപ പ്രോത്സാഹനമായ് നൽകുന്നതാണ്.

**പരസ്പരസഹായ സാമൂഹ്യ സുരക്ഷ പദ്ധതി (PSSSP)**

കേരള ലേബർ മൂവ്മെന്റിന്റെ അഭിനന്ദനാർഹമായ ഒരു ഇടപെടലാണ്. പെൻഷൻ, ആരോഗ്യസുരക്ഷ, ക്ഷേമഫണ്ട് എന്നിവയെല്ലാം ഉൾകൊള്ളുന്ന ഒരു സുരക്ഷാ ഫണ്ടിൽ സാധാരണക്കാരെ അംഗങ്ങൾ ആക്കുകയും ആനുകൂല്യങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നത്. ആരോഗ്യ സുരക്ഷ എന്ന പരിപാടിയിൽ നല്ല പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടാണ് ഈ പദ്ധതി തുടർന്നുകൊണ്ടിരിക്കുന്നത്. 1100/-രൂപ അടച്ച് പങ്കാളി ആകുന്ന കുടുംബങ്ങൾക്ക് 30,000/-രൂപ ആരോഗ്യ സുരക്ഷയും രണ്ട് ലക്ഷം രൂപ അപകട

സുരക്ഷയും നല്കുന്നു. പരമാവധി ആളുകളെ പങ്കാളികൾ ആക്കുന്നതിന് അഭ്യർത്ഥിക്കുന്നു. പി.എസ്.എസ്.എസ്.പി. അംഗങ്ങൾ ആയവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ കൂടി ഇവിടെ ചേർക്കുന്നു.

a. 2017 മാർച്ച് 31 വരെ അംഗങ്ങൾ ആയവരുടെ മക്കളിൽ 10/+2-ന് 80% മാർക്ക് നേടി പാസ്സായി പഠനം തുടരുന്നവർക്ക് 1000/- രൂപ സ്കോളർഷിപ്പ് ആയി നല്കുന്നു. പഠനം തുടരുന്ന സ്ഥാപനാധികാരിയിൽ നിന്നും വെള്ളപേപ്പറിൽ ലഭിക്കുന്ന സാക്ഷ്യ പത്രത്തോടൊപ്പം അപേക്ഷ സമർപ്പിക്കണം.

b. 10/+2 എന്നിവയിൽ ഫുൾ A+, A ഗ്രേഡ് വിത്ത് ഫുൾ A+ എന്നീ നിലവാരത്തിൽ ഉള്ളവർക്ക് അവാർഡുകൾ വിതരണം ചെയ്യുന്നു. അപേക്ഷകൾ സർട്ടിഫിക്കറ്റുകൾക്കൊപ്പം സമർപ്പിക്കേണ്ട അവസാന ദിവസം ജൂൺ 30 ഞായർ.

തുടർ വർഷങ്ങളിൽ അംഗത്വം പുതുക്കുന്നവർക്കാണ് എല്ലാ ആനുകൂല്യങ്ങളും നല്കുന്നതിന് നിർവാഹമുള്ളൂ. ആദ്യ വർഷങ്ങൾക്ക് ശേഷം ആനുകൂല്യങ്ങളുടെ അളവിലും വർദ്ധനവ് വരുത്തുന്നതായിരിക്കും. ഈ വർഷം മെയ് 31 മുതൽ ഡിസംബർ 10 വരെ 100, 125, 150 അംഗങ്ങളെ ചേർക്കുന്ന യൂണിറ്റുകൾക്ക് / വ്യക്തികൾക്ക് യഥാക്രമം 5000/-, 10,000/-, 15,000/- രൂപയും മെമന്റോയും സമ്മാനമായി നല്കുന്നു. കൂടാതെ മെയ് 1 വരെ 100 തികയുന്നതിനായി പരിശ്രമിക്കുകയും എന്നാൽ സാധിക്കാതെ പോയതുമായ യൂണിറ്റുകൾ ഡിസംബർ 10-നുള്ളിൽ 100-ൽ കൂടുതൽ പേരെ ചേർക്കുന്ന പക്ഷം 1000/- രൂപ പ്രോത്സാഹനവും നല്കുന്നതാണ്. കെ. എൽ. എം. മാതൃക യൂണിറ്റായി പരിഗണിക്കുന്നതിന് ചുരുങ്ങിയത് 50 പേരെയെങ്കിലും ചേർക്കണം എന്നുകൂടി അറിയിക്കുന്നു.

**കെ. എൽ. എം. അവാർഡ് ദാനം**

കെ. എൽ. എം. അംഗങ്ങളുടെ മക്കളിൽ 10/+2 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങളിലും A+ നേടിയവർക്ക് നല്കുന്ന അവാർഡിന് അർഹരായവരുടെ പേരുകൾ ജൂലൈ 30നകം ഓഫീസിൽ അറിയിക്കേണ്ടതാണ്.

**പുതിയ യൂണിറ്റുകൾ**

കെ.എൽ.എം കുടുംബത്തിലെ നവാഗതരായ തൊറവ് (പുതുക്കാട് ഫൊറോന), മന്ദാമംഗലം, വലക്കാവ് (പുത്തൂർ ഫൊറോന), പാത്രമംഗലം (എരുമപ്പെട്ടി ഫൊറോന), ചാഴൂർ (പഴുവിൽ ഫൊറോന), പെരിങ്ങാട് (പാലയൂർ ഫൊറോന) എന്നീ യൂണിറ്റുകൾക്ക് സുസ്വാഗതം.

**ഫാ. ജോർജ് തോമസ് നിരപ്പുകാലയിൽ**
ഡയറക്ടർ

**ശ്രീമതി മോളി ജോബി**
ജനറൽ സെക്രട്ടറി

# കലാസദൻ

## തേൻതുള്ളികൾ – 'സ്വരസുഗന്ധ്'

പഴയകാല ഗാനാസ്വാദകരുടെ കൂട്ടായ്മയായ 'കലാസദൻ തേൻതുള്ളികൾ' സംഗീത പരമ്പരയിലെ നാലാമത് പ്രോഗ്രാം – 'സ്വരസുഗന്ധ്' 2017 ആഗസ്റ്റ് 6 ന് തൃശ്ശൂർ റീജ്യണൽ തിയ്യറ്ററിൽ ഒരുക്കി. ഹിന്ദി ചലച്ചിത്രഗാനശാഖയിലെ ഇതിഹാസ പ്രതിഭകളായിരുന്ന മുഹമ്മദ് റാഫി, കിഷോർകുമാർ, മുകേഷ് എന്നിവരുടെ അനശ്വരഗാനങ്ങളാണ് പ്രധാനമായും അവതരിപ്പിച്ചത്. പ്രഗത്ഭ ഗായകർക്കൊപ്പം മിഴിവുറ്റ പശ്ചാത്തല കലാകാരന്മാരും ഒരുമിച്ച ഈ സംഗീതവിരുന്ന് ആസ്വാദകർക്ക് അവിസ്മരണീയമായ നവ്യാനുഭവം പകർന്നു.

കലാസദനിലെ ആദ്യകാല ഹിന്ദി ഗായകപ്രതിഭകളായിരുന്ന ശ്രീ. പീറ്റർ, എ. എഫ്. പോൾസൺ എന്നിവരെ പ്രശസ്ത ഗായകൻ ശ്രീ. പ്രദീപ് സോമസുന്ദരൻ ആദരിച്ചു. പ്രസിഡണ്ട് ശ്രീ. വി. പി. ജോസഫ് സ്വാഗതവും, സെക്രട്ടറി റവ. ഡോ. പോൾ പുളിക്കൻ നന്ദിയും അറിയിച്ചു. ഈ സംഗീതപരമ്പരയിലെ അഞ്ചാമത് പരിപാടി – **'ഗോൾഡൻ ഡ്യൂവറ്റ്സ്'** ഒക്ടോബർ 15 ന് ഞായറാഴ്ച വൈകീട്ട് 05.30 ന് ഡി ബി സി എൽ സി, എ. സി. ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടും.

## ഗായക് – 2017

പുതിയ സംഗീതപ്രതിഭകളെ തേടിയുള്ള കലാസദൻ 'ഗായക് 2017' അഖില കേരള ചലച്ചിത്ര ഗാനാലാപന മത്സരത്തിലെ ആദ്യ റൗണ്ട് വിജയികൾക്ക് കലാസദൻ ഒരുക്കുന്ന ഫൈനൽ റൗണ്ട് മത്സരങ്ങൾ 2017 ആഗസ്റ്റ് 28 ന് വൈകീട്ട് 6 മണിക്ക് തൃശ്ശൂർ റീജ്യണൽ തിയ്യറ്ററിൽ വെച്ച് നടത്തപ്പെടും. വിജയികൾക്ക് ക്യാഷ് അവാർഡും ശിൽപവും പ്രശസ്തിപത്രവും നൽകുന്നതാണ്.

**റവ. ഡോ. പോൾ പുളിക്കൻ**
സെക്രട്ടറി

**ജെയ്ക്കബ് ചെങ്ങലായ്**
കൺവീനർ

LOAF

# യുവ കുടുംബസംഗമം

തൃശൂർ അതിരൂപതയിലെ കുടുംബനവീകരണത്തിനായി ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്/LOAF) മുൻകൈ എടുത്ത് യുവ ദമ്പതീസംഗമങ്ങൾ ഇടവകകൾ തോറും സംഘടിപ്പിക്കുന്നു. കുടുംബപ്രേഷിതത്വ വിഷയത്തിലെ സഭാപഠനങ്ങൾ ഇടവകകൾ തോറും സംഘടിപ്പിക്കുന്നു. കുടുംബപ്രേഷിതത്വ വിഷയത്തിലെ സഭാപഠനങ്ങൾ കൂടുതൽ ആഴമായി പ്രചരിപ്പിക്കുന്നതിനും ദൈവികപദ്ധതിയോട് ചേർന്ന് ജീവിക്കുന്നതിന് പ്രചോദനമേകാനും ഉദ്ദേശിച്ചാണ് ലോഫ് സമൂഹം ദമ്പതീസംഗമം നടത്തുന്നത്. ഇത്തരം കൂട്ടായ്മകളിൽ എത്തുന്ന കുടുംബങ്ങൾക്കിടയിൽ കൂടുതൽ ഫലപ്രദമായി ഇടപെടാൻ ലോഫിനാകും. മാത്രമല്ല ഈ കൂട്ടായ്മയുടെ ജീവിതരീതി പരിചയപ്പെടാനും സഭയോട് ചേർന്ന് ജീവിക്കുവാനും പ്രവർത്തിക്കുവാനും അവർക്ക് പ്രേരണ ലഭിക്കുകയും ചെയ്യും.

അതിരൂപതയിലെ ഇടവകകളിൽ ഇത്തരത്തിലുള്ള യുവ ദമ്പതീസംഗമങ്ങളിൽ ആദ്യത്തേത് ജൂലൈ മാസം 9 ന് വൈകീട്ട് 5 മണി മുതൽ 8 മണി വരെ ഭരത ഹോളി ട്രിനിറ്റി പള്ളിയിൽ നടന്നു. ലോഫ് ഡയറക്ടർ ഫാ. ഫ്രാൻസീസ് ആളൂർ ഉദ്ഘാടനം ചെയ്തു. ഭരതപള്ളി വികാരി ഫാ. ജിയോ തരകൻ അദ്ധ്യക്ഷനായി. ലോഫ് അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനോയി ചിറ്റിലപ്പിള്ളി സംബന്ധിച്ചു. ഡോ. ടോണി, ഡോ. ജോർജ്ജ്, ഡോ. നോബി, ഡോ. പൊന്നു, സിത്താർ, ജോസ് എന്നിവർ ക്ലാസ്സുകളും പങ്കുവെക്കലും നടത്തി. 12 കുടുംബങ്ങൾ പങ്കെടുത്തു.

ജൂലൈ 30 ന് വൈകീട്ട് 05.30 മുതൽ 08.30 വരെ മരോട്ടിച്ചാൽ വി. സെബസ്ത്യാനോസ് പള്ളിയിൽ യുവദമ്പതീസംഗമം നടന്നു. ഫാ. ഫ്രാൻസീസ് ആളൂർ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ബിനോയ് ചിറ്റിലപ്പിള്ളി, വികാരി ഫാ. ജോഫി ചിറ്റിലപ്പിള്ളി എന്നിവർ സംബന്ധിച്ചു. 13 കുടുംബങ്ങൾ പങ്കെടുത്തു. ഡോ. ടോണി, ഡോ. ജോർജ്ജ്, മനേഷ്, ഡോ. നിസ, സിത്താർ, ജോസ് എന്നിവർ ക്ലാസ്സുകളും പങ്കുവെക്കലും നടത്തി. വന്നെത്തിയ ദമ്പതികൾക്ക് ഇത് നവ്യാനുഭവമായി.

അതിരൂപതയിലെ മറ്റു ഇടവകകളിലേയ്ക്കും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ലോഫിനു പദ്ധതിയുണ്ട്. എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ / ലോഫ്

**ഡോ. ടോണി / ഡോ. സുനി**
പ്രസിഡണ്ട് ദമ്പതികൾ/ ലോഫ്

## സെപ്തംബർ മാസത്തിൽ സമ്മേളിക്കുന്ന ഇടവക അസംബ്ലികൾ

| ദിവസം | സ്ഥലം | സമയം |
|---|---|---|
| സെപ്തംബർ 2 | കടങ്ങോട് | 3 p.m. |
| സെപ്തംബർ 3 | പങ്ങാരപ്പിള്ളി | 8 a.m. |
| ,, | പാറേംപാടം | 8 a.m. |
| ,, | പാത്രമംഗലം | 8.30 a.m. |
| ,, | ഇയ്യാൽ | 8.30 a.m. |
| ,, | ചെറുതുരുത്തി | 9 a.m. |
| ,, | കിള്ളിമംഗലം | 9 a.m. |
| ,, | പഴയന്നൂർ | 9 a.m. |
| ,, | പറക്കാട് | 10.30 a.m. |
| ,, | മരത്തംകോട് | 10.30 a.m. |
| ,, | ചൊവ്വന്നൂർ | 2 p.m. |
| ,, | മങ്ങാട് | 2 p.m. |
| ,, | പുതുരുത്തി | 2 p.m. |
| ,, | ആറ്റത്തറ | 2 p.m. |
| ,, | എരുമപ്പെട്ടി | 2 p.m. |
| ,, | ചേലക്കര | 3 p.m. |
| ,, | മുള്ളൂർക്കര | 3 - 5 p.m. |
| ,, | മണലാടി | 3 - 6 p.m. |
| ,, | എളനാട് | 3 p.m. |
| ,, | മായന്നൂർ | 3 p.m. |
| ,, | തിരുവില്വാമല | 3 p.m. |
| ,, | പതിയാരം | 3 p.m. |
| ,, | വെള്ളറക്കാട് | 3 p.m. |

| | | |
|---|---|---|
| സെപ്തംബർ 5 | വരന്തരപ്പിള്ളി | 2 p.m. |
| സെപ്തംബർ 9 | മരിയാപുരം | 2 p.m. |
| സെപ്തംബർ 10 | പുല്ലംകണ്ടം | 9.30 a.m. |
| ,, | കണ്ണാറ | 2 p.m. |
| ,, | പീച്ചി | 2.30 p.m. |
| സെപ്തംബർ 10 | പറവട്ടാനി | 1.30 p.m. |
| ,, | മണ്ണുത്തി | 1.30 p.m. |
| ,, | ചേരുംകുഴി | 2 p.m. |
| ,, | നെല്ലങ്കര | 2 p.m. |
| ,, | മഞ്ഞക്കുന്ന് | 2 p.m. |
| ,, | വില്ലടം | 2 p.m. |
| ,, | തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ | 2 p.m. |
| ,, | കുണ്ടുകാട് | 2 p.m. |
| ,, | മുക്കാട്ടുകര | 2 p.m. |
| ,, | നെല്ലിക്കുന്ന് | 2 p.m. |
| ,, | മഡോണനഗർ | 2 p.m. |
| ,, | ചുവന്നമണ്ണ് | 2.30 p.m. |
| ,, | മുളയം | 2.30 p.m. |
| ,, | ചിറക്കേക്കോട് | 2.30 p.m. |
| ,, | വാണിയംപാറ | 2.30 p.m. |
| ,, | വീണ്ടശ്ശേരി | 2.30 p.m. |
| ,, | വെള്ളക്കാരിത്തടം | 2.30 p.m. |
| ,, | ഒല്ലൂക്കര | 3 p.m. |
| ,, | കൂട്ടാല | 3 p.m. |
| ,, | ചേറൂർ | |
| സെപ്തംബർ 17 | പട്ടിക്കാട് | 2 p.m. |
| ,, | പടവരാട് | 2 p.m. |
| ,, | വെങ്ങിണിശ്ശേരി | 2 p.m. |
| ,, | വെട്ടുകാട് | 2 p.m. |
| ,, | മുല്ലക്കര | 2 p.m. |
| ,, | പൊങ്ങണംകാട് | 2.30 p.m. |
| സെപ്തംബർ 24 | മാടക്കത്തറ | 2 p.m. |
| ,, | ചേറ്റുപുഴ | 2 p.m. |

| | | |
|---|---|---|
| ,, | പൂങ്കുന്നം | 2 p.m. |
| ,, | നടത്തറ | 2 p.m. |
| ,, | തൈക്കാട്ടുശ്ശേരി | 3 p.m. |
| സെപ്തംബർ 30 | അമലനഗർ | 10 a.m. |
| ,, | അരണാട്ടുകര | 3 p.m. |
| ,, | എടക്കളത്തൂർ | 3 p.m. |
| ,, | നിർമ്മലപുരം | 3 p.m. |

# പബ്ലിക്ക് റിലേഷൻസ്

**അതിരൂപത മാധ്യമദിനം :**

ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തിയ അതിരൂപത മാധ്യമദിനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. മോൺ. തോമസ് കാക്കശ്ശേരി അധ്യക്ഷനായിരുന്നു. ഫാ. ഡേവിസ് തെക്കേക്കര മുഖ്യപ്രഭാഷണം നടത്തി. അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് സിൽവർ ജൂബിലി അവാർഡ് ശ്രീ. ജോയ് എം. മണ്ണൂരിനും ശ്രീ. ഫ്രാങ്കോ ലൂവീസിനും നൽകി. അതിരൂപത ബുള്ളറ്റിൻ മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും പ്രസ്തുത യോഗത്തിൽ വിതരണം ചെയ്തു.

ഫാ. വർഗ്ഗീസ് കൂത്തൂർ, ഫാ. ജിയോ കടവി, ഫാ. നൈസൻ ഏലന്താനത്ത്. ഡോ. മേരി റെജീന, ജോർജ്ജ് ചിറമ്മൽ, എ. ഡി. ഷാജു, ഷിന്റോ മാത്യു, ജോയ് എം. മണ്ണൂർ, ഫ്രാങ്കോ ലൂവീസ് എന്നിവർ സംസാരിച്ചു. ബാബു ചിറ്റിലപ്പിള്ളി, ജോഷി വടക്കൻ, പി. ഐ. ലാസർ മാസ്റ്റർ, ടോജോ മാത്യു എന്നിവർ നേതൃത്വം നൽകി.

**അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് സിൽവർ ജൂബിലി അവാർഡ് ജോയ്. എം. മണ്ണൂരിനും ഫ്രാങ്കോ ലൂവീസിനും :**

അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് സിൽവർ ജൂബിലി അവാർഡിന് മാധ്യമപ്രവർത്തകരായ ജോയ്. എം. മണ്ണൂരും (മംഗളം) ഫ്രാങ്കോ ലൂവീസും (ദീപിക) അർഹരായി. ക്യാഷ് അവാർഡും ശില്പവും പ്രശസ്തിപത്രവും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അവാർഡ് ജേതാക്കൾക്കു നൽകി.

**NB. മത്സരത്തിനു തന്ന ബുള്ളറ്റിനുകളും സമ്മാനാഹർഹരായവരുടെ ഫോട്ടോകളും ആർച്ച് ബിഷപ്പ് ഹൗസ് റിസപ്ഷനിൽ നിന്ന് ലഭിക്കുന്നതാണ്.**

| | | |
|---|---|---|
| **ഫാ. ജിയോ കടവി** | **ജോർജ്ജ് ചിറമ്മൽ** | **എ. ഡി. ഷാജു** |
| ഡയറക്ടർ | പ്രസിഡന്റ് | സെക്രട്ടറി |

# ചിൽഡ്രൻസ് മിനിസ്ട്രി

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2017 ജൂലൈ 22 ന് ഡി.ബി.സി. എൽ. സി യിൽ വച്ച് ശാലോം ടി. വി യുടെ പാട്ട് സെലക്ഷൻ നടത്തുകയുണ്ടായി. ഏകദേശം 55 ഇടവകകളിൽ നിന്നും 110 കുട്ടികൾ പങ്കെടുത്തു. കുട്ടികളേയും യുവജനങ്ങളേയും പ്രോത്സാഹിപ്പിക്കുവാനും അവരുടെ കഴിവുകളെ വളർത്തുവാനും ഈ അവസരം ഫലപ്രദമായിരുന്നു.

**ഫൊറോന പ്രൊമോട്ടേഴ്സ്-ആനിമേറ്റേഴ്സ് മീറ്റിംഗ്**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2017 ഓഗസ്റ്റ് 5 -ാം തിയ്യതി ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രൊമോട്ടേഴ്സിന്റേയും, ഫൊറോന ആനിമേറ്റേഴ്സിന്റേയും മീറ്റിംഗ് നടത്തി. മീറ്റിംഗിൽ വച്ച് കലാമത്സരത്തേക്കുറിച്ച് ചർച്ചകൾ നടന്നു. ഈ വർഷത്തെ കലാമത്സരങ്ങൾ വിജയപ്രദമാക്കുവാൻ ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ ഏവർക്കും നിർദ്ദേശം നൽകി.

**ബൈബിൾ പൂക്കള മത്സരങ്ങൾ**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി **സെപ്റ്റംബർ 7 -**ാം തിയ്യതി വ്യാഴാഴ്ച കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറി സ്ക്കൂളിൽ വെച്ച് ബൈബിൾ പൂക്കള മത്സരങ്ങൾ നടത്തുന്നു. 12-ാംക്ലാസ്സും അതിന് താഴെ ഉള്ള കുട്ടികളുമാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്നവർ സെപ്റ്റംബർ 2ന് മുമ്പായി പാസ്റ്ററൽ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്.

**ആനിമേറ്റേഴ്സ് സെമിനാർ**

തിരുബാലസംഖ്യം ആനിമേറേറഴ്സിനായി അർദ്ധദിന സെമിനാർ **സെപ്റ്റംബർ 2ന്** ഡി.ബി.സി.എൽ.സി യിൽ വച്ച് ഉച്ചതിരിഞ്ഞ് 2 മണി മുതൽ 4 വരെ നടത്തുന്നു. എല്ലാ ആനിമേറ്റേഴ്സും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**കലാമത്സരങ്ങൾ 2017 – 2018**

**അതിരൂപതാ മത്സരങ്ങൾ:** തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി. സംഘടനകളിലെ കുട്ടികൾക്കായി കലാമത്സരങ്ങൾ നടത്തുന്നു. സ്കൂൾ തല മത്സരങ്ങൾ **ഒക്ടോബർ 18 ബുധനാഴ്ച** ഡി. ബി. സി. എൽ. സി. യിലും, ഇടവകക്കാർ ഫൊറോന തലത്തിൽ മത്സരിച്ച് ഫസ്റ്റ് കിട്ടിയ മത്സരങ്ങൾ അതിരൂപതാ തലത്തിൽ **ഒക്ടോബർ 28 ശനിയാഴ്ചയും** ആയിരിക്കും നടക്കുക. സ്കൂൾ, ഇടവക എന്നിങ്ങനെ വ്യത്യാസപ്പെടുത്തിയാണ് തിരുബാലസംഖ്യം മത്സരങ്ങൾ നടക്കുക.

തിരുബാലസംഖ്യം സ്കൂളുകളിലും ഉള്ളതുകൊണ്ടാണ് ഇങ്ങനെ വ്യത്യാസം വന്നിരിക്കുന്നത്. ഇടവക തലത്തിലെ കുട്ടികൾക്ക് സ്കളുമായി ഒരു മത്സരത്തിൽ പങ്കെടുക്കാനുള്ള ഒരു ആത്മവിശ്വാസ കുറവിനെ കുറിച്ച് ഉയർന്ന പരാതികൾ പരിഹാരമെന്നോണമാണ് ഈ വർഷത്തെ അതിരൂപതാ കലാമത്സരങ്ങൾ ഇടവകതലം, ഫൊറോന തലം, രൂപതാ തലം എന്നിങ്ങനെയായി തിരിച്ചത്. ഫൊറോന പ്രൊമോട്ടർമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ആവശ്യപ്പെടുന്നു. ഇനിയും യൂണിറ്റ് രജിസ്ട്രേഷൻ ചെയ്യാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്.

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഫൊറോന തല മത്സരം സെപ്തംബർ 15 മുതൽ ഒക്ടോബർ  മാസം അദ്യത്തെ ആഴ്ച വരെയുള്ള ദിവസങ്ങളിൽ നടത്തുവാൻ ഫൊറോന പ്രൊമോട്ടർമാരും ആനിമേറേഴ്സും ശ്രദ്ധിക്കുമല്ലോ. മത്സരങ്ങളുടെ പൊതുനിർദ്ദേശങ്ങളും  എൻട്രി ഫോമും ലഭിക്കാത്തവർ  ചിൽഡ്രൻസ് മിനിസ്ട്രി ബ്ളോഗ് സന്ദർശിക്കുക. http://childrensministrytrichur.blogspot.in/

**പ്രാർത്ഥിക്കാൻ ....... പ്രവർത്തിക്കാൻ**

**തിരുവചനപഠനം:** നിന്റെ മനസ്സു പ്രബോധനത്തിലും കാതുകൾ വിജ്ഞാനം നിറഞ്ഞ വചനങ്ങളിലും ഉറപ്പിക്കുക (സുഭാഷിതങ്ങൾ 23, 12)

**സുകൃതജപം:** അമ്മേ മാതാവേ ഞങ്ങളെ അനുഗ്രഹിക്കണമേ

**പ്രാർത്ഥനാനിയോഗം:** വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം: നന്മ ചെയ്തുകൊണ്ട് ഈശോയ്ക്കുവേണ്ടി ആത്മാക്കളെ നേടുക**

**പരിചയപ്പെടുന്ന വിശുദ്ധ: വി. ക്രിസ്റ്റീന (ജൂലൈ 24)**

**സി. റെജി എസ്. എസ്. പി. സി** — കോഡിനേറ്റർ

**റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ** — ഡയറക്ടർ



**Fr. Giles Chettupuzhakkaran**

Birth : 03.03.1925
Death : 27.07.2017



**Fr. Babu Chelappadan**

Birth 07.06.1968
Death 12.08.2017



Registered R.N.I. No. 27348/1975 KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.08.2017
September. 2017



100th Birth Anniversary

## His Grace
## Mar Joseph Kundukulam

*Birth* : 26 September 1917
*Sacerdotal Ordination* : 20 December 1942
*Bishop of Trichur* : 16 August 1970 (Lourdes Cathedral)
*Metropolitan Archbishop of Trichur* : 27 August 1995 (Lourdes Cathedral)
*Retirement* : 15 February 1997
*Death* : 26 April 1998

Edited, Printed & Published by Rev. Fr. Nysson Alanthanath, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : Santhibavan Offset Press, Thrissur. *Cover* : smritidesign.in